# കുടുംബജ്യോതി

2025

SINCE 1982

ഏപ്രിൽ പുസ്തകം 43 ലക്കം 04

ഉയിർപ്പു തിരുനാൾ
മംഗളങ്ങൾ



## പുനരുത്ഥാനം നല്കുന്ന പ്രത്യാശ

നമ്മുടെ കർത്താവിന്റെ ഒഴിഞ്ഞുകിടക്കുന്ന കബറാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമെന്ന് നാം തിരിച്ചറിയണം.

ഡോ. ജിജി തോംസൺ IAS

www.kudumbajyothis.com

# ജീവിതശൈലിയിൽ ഒരഴിച്ചുപണിക്കു നേരമായി

നമ്മുടെ ദൈനംദിന ജീവിതം ഇന്നു നിയന്ത്രിക്കുന്നത് സാങ്കേതികവിദ്യയും ഉപകരണങ്ങളുമാണെന്ന വിമർശം തീർത്തും അതിശയോക്തിപരമാണെന്ന് ആരെങ്കിലും പറയുമെന്നു തോന്നുന്നില്ല. അത്രമാത്രം അവ നമ്മുടെ തലമുറയെ പ്രായഭേദമെന്യേ വരുതിയിലാക്കി കഴിഞ്ഞു. വിവരവിനിമയ സങ്കേതങ്ങളുടെ ഉപഭോഗത്തിൽ പിന്നാക്കം നില്ക്കുന്നവരെ പഴഞ്ചനെന്നു വിളിക്കുന്നതും, ബന്ധവലയങ്ങളിൽ ഉൾപ്പെടുത്താതെ പുറത്തു നിർത്തുന്നതും ഇക്കാലത്ത് അത്ര അസാധാരണമല്ല. ഇങ്ങനെ സാങ്കേതികലോകത്തിന് പരമപ്രാധാന്യം നല്കി ജീവിതം എങ്ങും എവിടെയും എങ്ങനെയും ആഘോഷം മാത്രമാക്കി മാറ്റുമ്പോൾ, ക്ഷണിക്കപ്പെടാത്ത അതിഥിയെപ്പോലെ നുഴഞ്ഞുകയറി തലമുറയെ കാർന്നുതിന്നുന്ന കാൻസറാണ് ജീവിതശൈലീരോഗങ്ങൾ.

നമ്മുടെ ജീവിതശീലങ്ങളുമായി അടിമുടി പറ്റിച്ചേർന്നു കിടക്കുന്ന ഈ രോഗാവസ്ഥ ഇന്നൊരു ആഗോള പ്രതിസന്ധിയായി വളർന്നു കഴിഞ്ഞെന്നാണ് വിദഗ്ധരുടെ അഭിപ്രായം. ജനിതകവും പാരിസ്ഥിതികവുമായ ഘടകങ്ങൾ ജീവിതശൈലീരോഗങ്ങൾക്ക് കാരണമാണെന്ന വസ്തുത സമ്മതിക്കുന്നു. പക്ഷേ, അതിലുപരി, അനാരോഗ്യകരവും അമിതവുമായ ഭക്ഷണശീലങ്ങളും ശാരീരികമായ നിഷ്ക്രിയത്വവും പുകവലിയും ലഹരി ഉപയോഗവുമൊക്കെയാണ് ഇതിന് ഏറ്റവും വളക്കൂറുള്ള മണ്ണായി പറയപ്പെടുന്നത്. ഹൃദ്രോഗം, പ്രമേഹം, പൊണ്ണത്തടി, അർബുദം, ശ്വസനസംബന്ധമായ അസുഖങ്ങൾ (ക്രോണിക് ഒബ്സ്ട്രക്റ്റീവ് പൾമണറി ഡിസീസ്) എന്നിവയെല്ലാം ഇതോടു ബന്ധപ്പെട്ടു കിടക്കുന്നു. നമ്മുടെ ശീലങ്ങളിലും പെരുമാറ്റങ്ങളിലും അടിസ്ഥാനപരമായ മാറ്റങ്ങൾക്കു തയാറായാൽ മാത്രമേ ഇതിന്റെ പടർച്ചയ്ക്കു തടയിടാൻ കഴിയൂ.

ജീവിതശൈലീരോഗങ്ങൾ ഏറ്റവും കൂടുതൽ ദോഷകരമായി ബാധിച്ചിരിക്കുന്നത് മൂന്നാം ലോക രാജ്യങ്ങളെയാണെന്നു പറയപ്പെടുന്നു. ആഗോളീകരണവും നഗരവത്കരണവും പിടിമുറുക്കിയതാണത്രേ കാരണം. അതോടെ വിദേശഭക്ഷണത്തോടും ജീവിതരീതികളോടും പിടിവിട്ട മമത പുലർത്തുകയാണ് അവിടത്തെ ജനങ്ങൾ; പ്രത്യേകിച്ചും യുവജനങ്ങൾ. ഫലമോ, കാൻസറും പ്രമേഹവും ഹൃദ്രോഗവും ഉൾപ്പെടെയുള്ള രോഗങ്ങൾ സർവസാധാരണമായി. ഈ ദേശങ്ങളിൽ ഒരുകാലത്ത് ഇവയിൽ പലതും വളരെ അപൂർവമായിരുന്നു എന്ന കാര്യം ഓർക്കുക.

ജീവിതശൈലി രോഗങ്ങൾ ക്രമാതീതമായി വർധിക്കാൻ ഏറ്റവും പ്രധാന കാരണം ഭക്ഷണശീലങ്ങളിലുണ്ടായ മാറ്റമാണെന്നു സൂചിപ്പിച്ചല്ലോ. പഞ്ചസാര, അനാരോഗ്യകരമായ കൊഴുപ്പ്, ഉപ്പ് ഇവയുടെ അംശം ഏറിനില്ക്കുന്ന ഭക്ഷണപദാർഥങ്ങൾ കഴിക്കുന്നവരുടെ എണ്ണം ഇക്കാലത്ത് നമ്മുടെയിടയിൽ ക്രമാതീതമായി വർധിച്ചിട്ടുണ്ട്. എന്നാൽ ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ നല്കുന്ന പഴങ്ങൾ, പച്ചക്കറികൾ, ധാന്യങ്ങൾ, പ്രോട്ടീനുകൾ എന്നിവയുടെ ഉപഭോഗമോ, തീരെ അപര്യാപ്തമായ അളവിലേയ്ക്കു താഴുകയും ചെയ്തിരിക്കുന്നു. പൊണ്ണത്തടി, ഉയർന്ന രക്തസമ്മർദം, കൊളസ്ട്രോൾ ഇവയുടെ അളവ് ക്രമാതീതമാകുന്നു എന്നതാണ് ഇതിന്റെ ഫലം. കൂടാതെ, ഹൃദയാഘാതവും പക്ഷാഘാതവും പോലുള്ള രോഗാവസ്ഥകൾ സർവസാധാരണമാകുകയും ചെയ്യുന്നു. ഭക്ഷണശീലങ്ങളിൽ അടിയന്തരമായ മാറ്റമാണ് ജീവിതശൈലീരോഗങ്ങളെ പടിക്കുപുറത്തു നിർത്താനുള്ള പ്രധാന മാർഗം. ലഹരി ഉപയോഗം പാടെ ഉപേക്ഷിക്കുന്നതും, ദിവസേന നിശ്ചിതസമയത്ത് വ്യായാമത്തിലേർപ്പെടുന്നതും മാനസികാരോഗ്യം സംരക്ഷിക്കാനുതകുന്നവ മാത്രം ബോധപൂർവം തെരഞ്ഞെടുക്കുന്നതും ഇത്തരം രോഗാവസ്ഥകളെ ഒഴിവാക്കാൾ സഹായിക്കും.

ഒരുകാലത്ത് ഉയർന്ന സാമ്പത്തികനിലവാരത്തിന്റെ അടയാളവും ഉപോല്പന്നവുമായി ജീവിതശൈലീരോഗങ്ങളെ കണക്കാക്കിയിരുന്നു. എന്നാൽ ഇന്നോ, അടിയന്തരനടപടി ആവശ്യപ്പെടുന്ന ഒരു ആഗോള പ്രതിസന്ധിയായി അതു സകലരെയും വലയം ചെയ്തു നില്ക്കുകയാണ്. ആരോഗ്യകരമായ ജീവിതക്രമവും ജീവിതശീലങ്ങളും പാലിക്കുകയെന്ന പ്രതിരോധതന്ത്രം മാത്രമാണ് ഈ രോഗങ്ങളുടെ ആധിക്യം കുറയ്ക്കാനുള്ള ഏകവഴി. സംഘടനകൾ, കുടുംബകൂട്ടായ്മകൾ, സർക്കാരുകൾ, ആരോഗ്യ സംരക്ഷണ ദാതാക്കൾ എന്നിവയുടെയെല്ലാം കൂട്ടായ പരിശ്രമം ഇതിനാവശ്യമാണ്. ജീവിതശൈലിയിൽ സമഗ്രമായ അഴിച്ചുപണിക്ക് ഉത്തേജനം നല്കുന്ന മികച്ച തെരഞ്ഞെടുപ്പുകൾക്ക് ഓരോരുത്തരും സന്നദ്ധരായാൽ ഇതു സാധ്യമാകും. എന്നിലൂടെയാണ് ഈ ജീവിതവിപ്ലവം ആരംഭിക്കേണ്ടത് എന്ന വിചാരമാണ് അതിനുള്ള ആദ്യപടി.

# ഉള്ളടക്കം

# contents




06 പുനരുത്ഥാനം നല്കുന്ന പ്രത്യാശ
ഡോ. ജിജി തോംസൺ IAS

10 മാപ്പ്
ബോബി ജോസ് കട്ടിക്കാട്

14 അഡ്വ. സരിതയ്ക്കു കോടതി നീതി നിഷേധിക്കുമ്പോൾ
റ്റി.സി മാത്യു

18 മരണം പതിയിരിക്കുന്ന മരുപ്പച്ച
റെജി എം. കുന്നിപ്പറമ്പൻ

24 ലഹരിയിൽ പുകയുന്ന യൗവനം
അനൂപ് അരവിന്ദ്

27 യുവജനങ്ങളിലെ ലഹരി ഉപയോഗം
ദീപാ ജോൺ

30 അന്ന് കൊക്കെയ്ൻ ലഹരി ഇന്ന് ക്രിസ്തു ലഹരി
ഡിയോണ അനിൽ

33 കൗമാരത്തിലെ കരുതലും കാവലും
അനു എലിസബത്ത് ഈപ്പൻ

35 എംഡിഎംഎ എന്ന നാശകൻ
ആൽവിൻ സണ്ണി

38 മാർക്കോ മാത്രമാണോ പ്രതി?
വിനായക് നിർമൽ

42 വൈദികൻ ഏകനായിരിക്കുന്നത് നന്നല്ല
പ്രഫ. കെ.എം ഫ്രാൻസിസ്


## സ്ഥിരംപംക്തികൾ


03 മുഖപ്രസാദം
ജീവിതശൈലിയിൽ ഒരഴിച്ചു പണിക്കു നേരമായി

05 പൂമുഖം
ക്രിസ്തു ആത്മഹത്യ ചെയ്തിരുന്നെങ്കിൽ എന്ന് ആശിക്കുന്നവർ...
ജോസ് ആൻഡ്രൂസ്

23 ഗുരുമൊഴി
അനുഭവങ്ങൾ പാഠങ്ങൾ
ടി.എസ് ബിജു

44 പുതിയനിയമത്തിലെ കുടുംബദർശനം
അശുദ്ധിയെ നിർമാർജനം ചെയ്യുന്ന കുടുംബം
ഡോ. തോമസ് വള്ളിയാനിപ്പുറം

50 പുറംവാതിൽ
മിണ്ടാത്ത ഭർത്താവും കേൾക്കാത്ത ഭാര്യയും
ജെ. മണക്കുന്നേൽ






To subscribe Kudumbajyothi SMS 'sub' to 8921677078
Online: www.kudumbajyothis.com
Email: kudumbajyothi1982@gmail.com
Like Kudumbajyothi@ facebook.com/ kudumbajyothi



ചീഫ് എഡിറ്റർ
ഡോ. ജോസ് ജോർജ് തെക്കേപ്പുറത്ത്

മാനേജിംഗ് എഡിറ്റർ
ഫാ. സെബാസ്റ്റ്യൻ ചാമക്കാല

സർക്കുലേഷൻ മാനേജർ
ജോസി ജോസഫ് ആലഞ്ചേരി
ഫോൺ: 8921677078

പത്രാധിപസമിതി
മാർ തോമസ് തറയിൽ
ഡോ. ജോസഫ് പാറയ്ക്കൽ

മുഖചിത്രം. ജിയന്ന ജോഫിൻ പള്ളാശ്ശേരി
ഫോട്ടോ. ചാക്കോച്ചൻ ഇൻഫോക്കസ്

ആശയം, രൂപകല്പന. സലിമോൻ, കോട്ടയം
അക്ഷരവിന്യാസം. മനോജ് വർഗീസ്

മുദ്രണം. സെന്റ് ജോസഫ്സ് ഓർഫനേജ് പ്രസ് ചങ്ങനാശേരി
ഫോൺ: 0481 2410101



Disclaimer:
The editorial board of Kudumbajyothi does not bear the responsibility for the claims of the advertisements published. Though the magazine provide profound data regarding personal and family matters the readers may consult experts personally before acting on it especially regarding finance and health.

ചിത്രങ്ങൾക്ക് കടപ്പാട്: ഗൂഗിൾ

● ജോസ് ആൻഡ്രൂസ്

# ക്രിസ്തു ആത്മഹത്യ ചെയ്തിരുന്നെങ്കിൽ എന്ന് ആശിക്കുന്നവർ...

ഉപേക്ഷിച്ച ഇറച്ചിക്കറിയല്ല, ഉപേക്ഷിച്ച സ്നേഹമാണ് വിധിയെഴുതുന്നത്.

രക്തം വിയർത്താലും ഒപ്പമുള്ളവർ ഒറ്റിക്കൊടുത്താലും ആത്മഹത്യ ചെയ്യാത്തവനാണ് ക്രിസ്തു. പക്ഷേ, ക്രിസ്തു ആത്മഹത്യ ചെയ്തിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ച മനുഷ്യർ അന്നു ജറുസലേമിൽ തീർച്ചയായും ഉണ്ടായിരുന്നിരിക്കണം. പലർക്കും അത്ര 'ശല്യ'ക്കാരനായിരുന്നു ആ തച്ചന്റെ മകൻ. അതൊന്നും സംഭവിക്കാതെ വന്നപ്പോഴാണ് ദുരാരോപണങ്ങളും കള്ളസാക്ഷികളുമൊക്കെയായി ഒരുപറ്റം മനുഷ്യർ നിയമത്തെ കൂട്ടുപിടിച്ച് വധശിക്ഷയ്ക്കു വിധിക്കുകയും ക്രൂരമായി അതു നടപ്പാക്കുകയും ചെയ്തത്.

ഇനിയിപ്പോൾ അവർ ആഗ്രഹിച്ചിരുന്നതു പോലെ മനുഷ്യപുത്രൻ ആത്മഹത്യ ചെയ്തിരുന്നെങ്കിൽ എന്തായിരിക്കും അവരുടെ പ്രതികരണം? എന്തിനവൻ ആത്മഹത്യ ചെയ്തു, അവനു ജീവിക്കാൻ ബുദ്ധിമുട്ടുണ്ടായിരുന്നെങ്കിൽ, പണമില്ലായിരുന്നെങ്കിൽ തങ്ങൾ കൊടുക്കുമായിരുന്നല്ലോ. ഇനിയിപ്പോൾ അവന്റെ പാവം മാതാപിതാക്കൾ തനിച്ചായില്ലേ? അവൻ ഈ തെരുവിലൂടെയും ഒലിവുമലയിലൂടെയും നടന്നിട്ടും ആരോടും വിഷമങ്ങളൊന്നും പറഞ്ഞില്ലല്ലോ. കൂടെയുണ്ടായിരുന്ന ശിഷ്യന്മാരോടെങ്കിലും പറയാമായിരുന്നില്ലേ...! ഇങ്ങനെയുള്ള പതിവു ചോദ്യങ്ങൾ. അതായത്, ക്രിസ്തു ഇല്ലാതാകണമെന്ന് ആഗ്രഹിച്ചിരുന്നവരും, അവന്റെ വീഴ്ചകളെക്കുറിച്ചു പറയുകയും ആത്മാർഥതയില്ലാത്ത സഹതാപം പ്രകടിപ്പിക്കുകയും ചെയ്യുമായിരുന്നു. ഒടുവിൽ ആത്മഹത്യയ്ക്കു കാരണക്കാരാണെന്നു വഴിപോക്കർ പറഞ്ഞവരെക്കുറിച്ച് പരസ്യവും രഹസ്യവുമായ ആൾക്കൂട്ടവിചാരണകൾ നടത്തുകയും ചെയ്യും.

മനുഷ്യവംശത്തിന്റെ ചരിത്രത്തിൽ 2000 വർഷങ്ങൾ വലിയ കാലയളവൊന്നുമല്ല. അടിസ്ഥാനപരമായി നാം ഹൃദയശുദ്ധിയുള്ളവരായിട്ടില്ല. അതുകൊണ്ടാണ്, നമുക്കിടയിൽനിന്ന് ഒരാൾ ആത്മഹത്യ ചെയ്യുമ്പോൾ സഹതപിക്കുകയും, അതേസമയം ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുന്ന സ്വന്തം വീട്ടിലുള്ളവരെപ്പോലും കാണാതിരിക്കുകയും ചെയ്യുന്നത്. മരിച്ചവരെക്കുറിച്ചു വിലപിക്കുകയും സമൂഹമാധ്യമങ്ങളിൽ മറ്റുള്ളവർക്കെതിരേ പരസ്യവിചാരണ നടത്തുകയും ചെയ്യുന്നവർ സ്വന്തം പരിസരങ്ങളിലേക്കു നോക്കുകയില്ല. സാമ്പത്തികമായോ പിന്തുണകൊണ്ടോ ആരെങ്കിലും ഒന്നു സഹായിച്ചിരുന്നെങ്കിൽ എന്നു കാത്തിരിക്കുന്ന നിരവധി മനുഷ്യർ വീട്ടിലും അയലത്തും ഇടവകയിലുമുണ്ടാകാം. മരണത്തിന്റെ പാളങ്ങളിലേക്ക് ഇറങ്ങിപ്പോകാതിരിക്കാൻ അവർ ആവുന്നത്ര ശ്രമിക്കുകയായിരിക്കും. നമ്മൾ കൂർക്കംവലിച്ച് ഉറങ്ങുകയാണ്. ഒടുവിലവർ വാതിൽ ചാരി ഇറങ്ങിപ്പോകുന്നത് കാണില്ല. കണ്ടാലും എങ്ങോട്ടാണെന്നു ചോദിക്കില്ല; തിരിച്ചുവിളിക്കില്ല. ചേർത്തുപിടിക്കേണ്ടിയിരുന്നവർ അവരുടെ തകർന്ന ഹൃദയത്തിലേക്ക് ഒന്നു നോക്കിയിരുന്നെങ്കിൽ, ഒന്നു കെട്ടിപ്പിടിച്ചിരുന്നെങ്കിൽ, നിനക്കു ഞാനില്ലേയെന്ന് ഒരൊറ്റ തവണ ചോദിച്ചിരുന്നെങ്കിൽ ഗാഗുൽത്തായിലേക്കുള്ള പലരുടെയും യാത്ര, എല്ലാം കഴിഞ്ഞു സിസിടിവിയിൽ കാണേണ്ടിവരില്ലായിരുന്നു.


നോമ്പാണ്; ഇറച്ചിയും മീനുമുപേക്ഷിക്കുന്നവർ വെറുപ്പും വിദ്വേഷവും മറ്റുള്ളവരോടുള്ള നിസംഗതയുംകൂടി ഉപേക്ഷിച്ചിരുന്നെങ്കിൽ! സമൂഹമാധ്യമങ്ങളിലെ വിദ്വേഷപ്രചാരണങ്ങൾ, പരസ്യവിചാരണകൾ, വ്യാജവാർത്ത പങ്കുവെക്കൽ എന്നിവ കൊലപാതകമോ ആത്മഹത്യാപ്രേരണയോ ആണ്. ഇതൊക്കെ നടത്തുകയും, സ്വന്തം വീട്ടിലും അയലത്തും ഇടവകയിലും ക്ലേശിക്കുന്നവരെ കാണാതിരിക്കുകയും ചെയ്യുന്നവർ നിൽക്കുന്നത് പീലാത്തോസിന്റെ അരമനയുടെ മുറ്റത്താണ്. അവനെ ക്രൂശിക്കുക, ക്രൂശിക്കുക എന്നു വിളിച്ചു പറയുന്നു. എന്നിട്ടോ, മരണം ഉറപ്പാക്കിയശേഷം, ആ മനുഷ്യൻ യഥാർഥത്തിൽ നീതിമാനായിരുന്നു എന്നു വിളിച്ചുപറയുകയും ചെയ്യുന്നു.

ഉപേക്ഷിച്ച ഇറച്ചിക്കറിയല്ല, ഉപേക്ഷിച്ച സ്നേഹമാണ് വിധിയെഴുതുന്നത്. ○

ഡോ. ജിജി തോംസൺ IAS വെല്ലൂർ (മുൻ ചീഫ് സെക്രട്ടറി, കേരളം)


# പുനരുത്ഥാനം നല്കുന്ന പ്രത്യാശ

**നമ്മുടെ കർത്താവിന്റെ ഒഴിഞ്ഞുകിടക്കുന്ന കബറാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമെന്ന് നാം തിരിച്ചറിയണം.**



യേശുക്രിസ്തുവിന്റെ പുനരുത്ഥാനം ക്രിസ്തുമതത്തിന്റെ അടിസ്ഥാനമാണ്. പുനരുത്ഥാനം മരണത്തിനുമേലുള്ള വിജയത്തെ സൂചിപ്പിക്കുന്നു; നിത്യ ജീവനെക്കുറിച്ചു പ്രത്യാശ നല്കുന്നു; കർത്താവിന്റെ ദൈവികത്വം പ്രസ്പഷ്ടമാക്കുന്നു; ദൈവത്തിന്റെ അപരിമേയമായ ശക്തി വെളിവാക്കുന്നു. നിർഭാഗ്യവശാൽ ഇതൊക്കെ നമ്മൾ ഓർക്കുന്നത് ഈസ്റ്റർ ദിനത്തിൽ മാത്രമാണ്! അപ്പോഴാണ്, ഒഴിഞ്ഞുകിടക്കുന്ന കബറിനെക്കുറിച്ച് നാം സ്മരിക്കുന്നത്. എന്നാൽ ഒഴിഞ്ഞുകിടക്കുന്ന കബറാണ് നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനമെന്ന് തിരിച്ചറിയുക.

ചില മഹാവ്യക്തികൾ മരിച്ചാലും അവരുടെ ഓർമകൾ സജീവമായ് നിലനിൽക്കും. ഗാന്ധിജിയുടെ വിലാപയാത്രയിൽ പങ്കെടുത്ത ജനസാഗരം 'ഗാന്ധിജി അമർ രഹേ' എന്ന് അട്ടഹസിച്ചത് അതുകൊണ്ടാണ്. സൂര്യനും ചന്ദ്രനും ഉള്ളിടത്തോളം കാലം ഗാന്ധിജിയുടെ ഓർമകൾ നിലനിൽക്കുമെന്നും ജനം ആർത്തു വിളിച്ചു. സൈപ്രസിന്റെ പ്രസിഡന്റായിരുന്ന





**ലാസറിനെ കർത്താവ് ഉയിർപ്പിച്ചു. പക്ഷേ പിന്നീട് ലാസറും മരിച്ചില്ലേ? കർത്താവിന്റെ പുനരുത്ഥാനം അങ്ങനെയുള്ള കേവലം ഒരു തിരിച്ചുവരവല്ല. ഇനി, ഒരിക്കലും മരണമില്ലാത്ത പുനരുത്ഥാനമാണത്.**

ആർച്ചുബിഷപ്പ് മക്കാറിയോസ് ദിവംഗതനായിട്ടും, നഗരവീഥികളിൽ 'Makarios Lives' എന്ന ചുവരെഴുത്ത് പ്രത്യക്ഷപ്പെട്ടു. ലാറ്റിൻ അമേരിക്കയിലെ വിപ്ലവനായകൻ ചെഗുവേര മരിച്ചു കഴിഞ്ഞിട്ടും 'Che Lives' എന്ന മുദ്രാവാക്യം ഇപ്പോഴും പ്രതിധ്വനിക്കുന്നു. എന്നാൽ, ഇങ്ങനെയല്ല കർത്താവിന്റെ ക്രൂശുമരണവും പുനരുത്ഥാനവും. മരണത്തിൽനിന്നും ജീവിതത്തിലേക്കുള്ള കേവലമൊരു പുനർജനിയല്ല അത്. ലാസറിനെ കർത്താവ് ഉയിർപ്പിച്ചു; ജീവിതത്തിലേക്കു തിരിച്ചുകൊണ്ടുവന്നു. പക്ഷേ പിന്നീട് ലാസറും മരിച്ചില്ലേ? കർത്താവിന്റെ പുനരുത്ഥാനം അങ്ങനെയുള്ള കേവലം ഒരു തിരിച്ചുവരവല്ല. ഇനി, ഒരിക്കലും മരണമില്ലാത്ത പുനരുത്ഥാനമാണത്. മർത്യനെ അമർത്യനാക്കുന്ന പുനരുത്ഥാനം.


ഈ പുനരുത്ഥാനത്തിന്റെ സവിശേഷതകൾ ശ്രദ്ധിക്കൂ. ദൈവം പാപമോചനം നല്കുമെന്ന് പുനരുത്ഥാനം വ്യക്തമാക്കുന്നു. തന്റെ പരസ്യശുശ്രൂഷാവേളയിൽ പല പ്രാവശ്യവും കർത്താവ്, 'മകനേ, നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു' എന്നു പറയുകയുണ്ടായി. അന്ത്യ അത്താഴവേളയിൽ പാനപാത്രം എടുത്തു വാഴ്ത്തിയിട്ട് 'അനേകർക്കു പാപമോചനത്തിനായ് ചൊരിയപ്പെടുന്ന എന്റെ രക്തം' എന്നാണ് ഈശോ പറഞ്ഞത്. പാപമോചനവും അവന്റെ മരണവും പരസ്പരപൂരകമാണ്. നമ്മുടെ പാപങ്ങൾ മായിച്ചുകളയാനായിട്ടാണ് കർത്താവ് കുരിശിൽ പ്രാണത്യാഗം ചെയ്തത്.

ചിലർ ഇപ്പോഴും ഇതു വിശ്വസിക്കുന്നില്ല. കർത്താവ് ക്രൂശിൽ മരിക്കുകയും പിന്നീട് ഉയിർത്തെഴുന്നേൽക്കുകയും ചെയ്തില്ലായിരുന്നെങ്കിൽ, കർത്താവ് പറഞ്ഞതെല്ലാം വെറുതേ ആകുമായിരുന്നു. പൗലോസിന് അതറിയാമായിരുന്നു. അതുകൊണ്ടാണ് പൗലോസ് ശ്ലീഹാ പറഞ്ഞത്, 'ക്രിസ്തു പുനരുത്ഥാനം ചെയ്തിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രഘോഷണം വ്യർഥം; നിങ്ങളുടെ വിശ്വാസവും വ്യർഥം. മരിച്ചവർ ഉയിർക്കുന്നില്ല എന്നു വരികിൽ, ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്ന് ദൈവത്തിനു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിനു കള്ളസാക്ഷികൾ എന്നു വരും' (1കൊറി. 15:14). പക്ഷേ 'ക്രിസ്തുവിനെ മരിച്ചവരിൽ നിന്നും

ദൈവം ഉയിർത്തെഴുന്നേൽപ്പിച്ചു.’ അതുമൂലം കർത്താവിന്റെ വാഗ്ദാനങ്ങൾ നേരാംവിധം നടപ്പായി.

ക്രിസ്തുവിന്റെ പുനരുത്ഥാനം മനുഷ്യന്റെ വീണ്ടെടുപ്പ് ഉറപ്പാക്കി. എനിക്ക് എന്റെ പാപങ്ങൾ പൊറുത്തു തന്നാൽ മാത്രം പോരാ. എനിക്ക് വർത്തമാനകാലത്തെ വെല്ലുവിളികൾ നേരിടാനുള്ള കരുത്തു വേണം. മനുഷ്യന്റെ സ്വഭാവത്തെ മാറ്റാൻ കഴിയുമോ? ക്രൂരനായ ഒരു മനുഷ്യനെ ദയാലുവാക്കാൻ കഴിയുമോ? മലയാറ്റൂർ പള്ളിയിലെ ഒരു അച്ചനെ കപ്യാർ കുത്തിക്കൊന്ന സംഭവം ഓർക്കുക. രക്തക്കറ ഉണങ്ങുന്നതിനു മുമ്പ് അച്ചന്റെ മാതാവ് കപ്യാരുടെ ഭാര്യയെ കെട്ടിപ്പിടിച്ച്, ആ ക്രൂരകൃത്യത്തിനു മാപ്പുനല്കുന്ന ചിത്രം കണ്ടില്ലേ? അതിനുള്ള മനോബലം ആ അമ്മയ്ക്ക് എവിടെനിന്നു കിട്ടി? പുനരുത്ഥാനം ചെയ്ത നാഥനിലുള്ള വിശ്വാസമാണ് അമ്മയ്ക്കു തുണയായത്. കർത്താവിന്റെ പുനരുത്ഥാനത്തിലൂടെ ദൈവത്തിന്റെ അപാരമായ ശക്തിയാണ് നാം കാണുന്നത്. ആ ശക്തിയാണ് നമ്മിലും വ്യാപരിക്കുന്നത്. എല്ലാം മറക്കാനും പൊറുക്കാനുമുള്ള ശക്തി! പാപത്തിന്റെ പടുകുഴിയിൽ നിന്നും സത്യത്തിന്റെ വെളിച്ചത്തിലേക്കു നമ്മെ ഉയർത്തുന്ന ശക്തി! ഏകാന്തതയുടെ തടവറയിൽനിന്നും കർത്താവുമായുള്ള കൂട്ടായ്മയിലേക്കു നമ്മെ ഉയർത്തുന്ന ശക്തി!

ലോകത്തിലുള്ള മറ്റു മതങ്ങളും ചിന്താധാരകളും ക്രിസ്തുമതത്തിൽ നിന്നു വ്യത്യസ്തമാകുന്നത് ഭാവിയെക്കുറിച്ചുള്ള വാഗ്ദാനത്തിലാണ്. ഭാവിയിലേക്ക് ഉറ്റുനോക്കാൻ ഒന്നുമില്ലെന്നാണ് തത്വചിന്തകനായ ബർട്രന്റ് റസൽ പറഞ്ഞത്. ‘When I die, I believe that I shall rot, and that's the end.’ മറ്റു ചിലർ വിശ്വസിക്കുന്നത്, മരിച്ചു കഴിഞ്ഞാൽ വീണ്ടും ആത്മാവ് പക്ഷിമൃഗാദികളായി പുനർജനിക്കുമെന്നാണ്. പക്ഷേ, കർത്താവ് അഗ്നിത്തേരിൽ



**ദൈവപുത്രനായ യേശു ക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുമെന്നതാണ് വി. വേദപുസ്തകം നല്കുന്ന ഏറ്റവും വലിയ വാഗ്ദാനം.**

തന്റെ ദൂതരുമൊത്ത് വീണ്ടും വരുമെന്നും, ന്യായവിധി നടത്തുമെന്നും നാം വിശ്വസിക്കുന്നു. പുതിയൊരു യുഗപ്പിറവി ഉണ്ടാകും. പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. ഇതാണ് പുനരുത്ഥാനം നല്കുന്ന പ്രത്യാശ. ദൈവപുത്രനായ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏവനും നശിച്ചു പോകാതെ നിത്യജീവൻ പ്രാപിക്കുമെന്നതാണ് വി. വേദപുസ്തകം നല്കുന്ന ഏറ്റവും വലിയ വാഗ്ദാനം. ആ നിത്യജീവനാണ് നമ്മുടെ ഏറ്റവും വലിയ പ്രത്യാശ. അതാവണം എന്റെയും നിങ്ങളുടെയും ജീവിതത്തെ മുന്നോട്ടു നയിക്കുന്ന ചാലകശക്തി. ○

ബോബി ജോസ് കട്ടിക്കാട്

# മാപ്പ്

**ദൈവം മാപ്പുനല്കിയ ജീവിതത്തിനു മീതെ നിങ്ങൾ ഇനി കപ്പം ചുമത്താൻ പാടില്ല. മാപ്പ് അനുഭവിക്കുക പ്രധാനമാണ്.**

നോമ്പിലെ ഏഴു വാരങ്ങളുടെ പരിസമാപ്തിയിലേക്ക് നാം എത്തിക്കൊണ്ടിരിക്കുന്നു. കുറേക്കൂടി യേശുവിനെ ഗൗരവത്തിലെടുക്കാനും അഭിമുഖീകരിക്കാനും പഠിക്കാനും ആഴപ്പെടാനുമുള്ള കാലമാണ് ഇത്. സഭയുടെ ഏതൊക്കെയോ ചില ഘട്ടങ്ങളിലെ നോമ്പുകാലവിചാരങ്ങളിൽ യേശുവിന്റെ കുരിശിലെ ഏഴുമൊഴികൾ ക്രമീകരിച്ചിട്ടുണ്ട്; ഓരോ മൊഴിയും ഓരോ വാരത്തേയ്ക്കു വേണ്ടിയെന്നോണം. യേശുവിന്റെ ഏഴുമൊഴികളിൽ ആദ്യത്തെ മൂന്നെണ്ണം നമുക്കുള്ള സദ്വാർത്തയാണ്. ഒടുവിലത്തെ നാലുകാര്യങ്ങൾ യേശുവിന്റെതന്നെ ആത്മഭാഷണങ്ങളും. തെല്ലുറക്കെ പറഞ്ഞതുകൊണ്ട് നാം അതു കേട്ടുവെന്നു മാത്രമേയുള്ളൂ.



യേശുവിന്റെ ആദ്യത്തെ മൊഴി മാപ്പുമായി ബന്ധപ്പെട്ടതാണ്. പിതാവേ, ഇവർ ചെയ്യുന്നതെന്തെന്ന് ഇവരറിയുന്നില്ല. ഇവർക്കു മാപ്പുകൊടുക്കണമേ.

തീർഥയാത്രകൾ ആരംഭിക്കുമ്പോഴൊക്കെ എല്ലാ സംസ്കാരങ്ങളിലും ധർമങ്ങളിലും മനുഷ്യർ പരസ്പരം രമ്യപ്പെടുന്ന രീതിയുണ്ടായിരുന്നു. പറഞ്ഞുതീർക്കാനുള്ളതൊക്കെ പറഞ്ഞുതീർത്തതിനു ശേഷം മാത്രമേ തീർഥയാത്ര ആരംഭിക്കാൻ പാടുള്ളൂ. നോമ്പുകാലം പത്തമ്പതു ദിവസം നീണ്ടുനില്ക്കുന്ന ഒരു തീർഥയാത്രയാണ്. അതുകൊണ്ടുതന്നെ അതിനകത്ത് സകലരോടുമുള്ള രമ്യപ്പെടലുണ്ടായിരിക്കണം. എന്തെങ്കിലുമൊക്കെ കഠിനാനുഭവങ്ങൾ നല്കിയവരോട് ഹൃദ്യമായി ഇടപെട്ട്, ഉള്ളിന്റെയുള്ളിൽ ഒരു നാരുപോലും അവശേഷിപ്പിക്കാതെ നമുക്കു സ്വയം വിശുദ്ധീകരിക്കാനാകണം. രണ്ടു രീതിയിൽ മാപ്പിനെ കണ്ടെത്തുന്നതു നല്ലതാണ്.

മാപ്പ് അനുഭവിച്ചറിയുക. സ്വയം മാപ്പുകൊടുക്കുക എന്നതിനെക്കുറിച്ച് പലരും ചിന്തിക്കുന്നില്ല. ദൈവം മാപ്പുതരും എന്നൊക്കെ ധൈര്യമുണ്ടായിട്ടും, നമ്മുടെ ഭാഗത്തുനിന്ന് എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായ മനുഷ്യർ നമ്മോടു പൊറുത്തിട്ടും, സ്വയം മാപ്പുകൊടുക്കാത്ത അനവധി വ്യക്തികളെ നാം നിത്യജീവിതത്തിൽ കണ്ടുകൊണ്ടാണിരിക്കുന്നത്. forgive yourself. ദൈവം മാപ്പുനല്കിയ ജീവിതത്തിനു മീതെ നിങ്ങൾ ഇനി കപ്പം ചുമത്താൻ പാടില്ല. മാപ്പ് അനുഭവിക്കുക പ്രധാനപ്പെട്ടതാണ്.

മാപ്പിന്റെ ഹൃദ്യത അനുഭവപ്പെട്ട നമുക്ക് മാപ്പു കൈമാറേണ്ട ബാധ്യതയുമുണ്ട്. ദൈവത്തെപ്പോലെയാകുക എന്ന സങ്കല്പമാണ് നാം വേദപുസ്തകത്തിൽ ഉടനീളം വായിച്ചെടുക്കുന്നത്. ദൈവമാകാനുള്ള എളുപ്പവഴി എന്താണ്? അതിന് പഴയനിയമത്തിൽ ചെറിയൊരു കഥയുണ്ട്. രണ്ടു സഹോദരന്മാർ, ഏസാവും യാക്കോബും. എന്നും അവർക്കിടയിൽ മത്സരമുണ്ടായിരുന്നു. പരസ്പരം സമാധാനമില്ല. വർഷങ്ങളുടെ അലച്ചിലിനു ശേഷം അവർ മുഖാമുഖം കാണാൻ തീരുമാനിക്കുന്നു. ജ്യേഷ്ഠൻ പാർക്കുന്ന ഇടത്തേക്ക് കുന്നുകയറുമ്പോൾ അനുജന് ഏതാണ്ടുറപ്പാണ്; വളരെ കഠിനമായിട്ടുതന്നെയായിരിക്കും സഹോദരൻ

നിങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ദൈവത്തിന്റെ ആകാരം വേണമെങ്കിൽ, ദൈവികമുദ്ര വേണമെങ്കിൽ അതിനുള്ള ഏറ്റവും എളുപ്പ വഴി ഇതാണ്; മാപ്പുകൊടുത്തുകൊണ്ടേയിരിക്കുക



തന്നെ നേരിടാൻ പോകുന്നത്. അയാൾ ഭയപ്പെട്ടതുപോലെ തന്നെ സംഭവിച്ചു. അനുജൻ കുന്നുകയറുന്നത് മുകളിൽനിന്നു കണ്ട ജ്യേഷ്ഠൻ കാറ്റുപിടിച്ചതുകണക്കെ താഴേയ്ക്ക് ഇറങ്ങിവരുന്നു. തന്റെ ബലിഷ്ഠമായ കരം അനുജന്റെ കഴുത്തിലിടുന്നു. കഴുത്തിൽ വീണ കരം വലിഞ്ഞുമുറുകും എന്നു വിചാരിച്ചുനില്ക്കുമ്പോൾ, അനുജനെ തന്റെ നെഞ്ചോടു ചേർത്ത് ജ്യേഷ്ഠൻ വലിയവായിലേ നിലവിളിക്കാൻ തുടങ്ങി. അനുജനും കരഞ്ഞു. അതിനിടയിൽ അനുജൻ പറഞ്ഞ കാര്യം വേദപുസ്തകത്തിൽ ഇങ്ങനെ വായിക്കുന്നു: ജ്യേഷ്ഠാ, നിങ്ങൾക്ക് ഇപ്പോൾ ദൈവത്തിന്റെ മുഖമാണ്. Brother, you resembled God.

നിങ്ങൾക്ക് ഏതെങ്കിലും തരത്തിൽ ദൈവത്തിന്റെ ആകാരം വേണമെങ്കിൽ, ദൈവികമുദ്ര വേണമെങ്കിൽ അതിനുള്ള ഏറ്റവും എളുപ്പവഴി ഇതാണ്; മാപ്പുകൊടുത്തുകൊണ്ടേയിരിക്കുക. മാപ്പുകൊടുക്കുന്നവരിലൊക്കെ തെളിയുന്നത് ദൈവികമുഖമാണ്. കുറെക്കാലം മുമ്പ് ഒരു സിനിമ കണ്ടു. അതിനകത്ത് വലിയ അപരാധത്തിലൂടെ കടന്നുപോയ ഒരു പുരുഷനുണ്ട്.


അതയാൾക്ക് തന്റെ സ്ത്രീയോടു പറയണ മെന്നാണാഗ്രഹം. പക്ഷേ അതു കേട്ടുകഴി യുമ്പോൾ അവൾ വല്ലാതെ ഉലഞ്ഞുപോ കുമെന്നും, നിലത്തുവീണ പൂപ്പാത്രം കണക്കെ ചിതറിപ്പോകുമെന്നുമൊക്കെ അയാൾക്കു ഭയമുണ്ട്. എന്നിട്ടും അയാളത് അവളോട് ഏറ്റുപറയുന്നു. കൊലമരത്തിനു വിധിക്കപ്പെട്ട ഒരാളെപ്പോലെ അയാൾ തലകുനിച്ചുനില്ക്കുമ്പോൾ എല്ലാംകൊ ണ്ടും - പ്രായം, വലിപ്പം - ചെറുതായ ആ പെൺകുട്ടി അയാളെ ചേർത്തുനിർത്തി പ റയുന്നു: നിനക്ക് ഞാൻ മാപ്പു നല്കിയി ല്ലെങ്കിൽ പിന്നെ ആരാണ് മാപ്പു നല്കാൻ ഈ ലോകത്തുള്ളത്?

നമ്മിൽനിന്നും പരിക്കേറ്റ മനുഷ്യരാണ് നമുക്കു മാപ്പുനല്കേണ്ടത്. തീയറ്ററാണ്, സിനിമയാണ്. എന്നിട്ടും അതെല്ലാം ഞാൻ മറന്നുപോകുന്നു. ഉള്ളിലേക്കു വരുന്നത് ആ തിരുവചനമാണ്. ആ ചെറിയ പെൺ കുട്ടിക്ക് ഇപ്പോൾ ദൈവത്തിന്റെ മുഖ മാണ്.

○

# പ്രതീക്ഷയുടെ മൂന്നാം ദിവസം

**മനുഷ്യന്റെ പ്രതീക്ഷയുടെ അതിരാണ് ദൈവത്തിന്റെ ശരിയായ സമയം.**



വേദപുസ്തകത്തിലെ ഏറ്റവും പ്ര തീക്ഷയുള്ള വാക്കാണ് മൂന്നാം ദിവസം. മനുഷ്യഭാവനയ്ക്കു വേദപുസ്തകം ന ല്കിയിരിക്കുന്ന ഏറ്റവും വലിയ സംഭാവന യും അതുതന്നെ; Something to hope for third day. എന്താണ് മൂന്നാം നാളിന്റെ പ്ര ത്യേകത? യഹൂദർ വിചാരിച്ചിരുന്നത്, ഒരാൾ മരിച്ചുകഴിഞ്ഞാൽ മൂന്നുദിവസ ത്തോളം അയാളുടെ പ്രാണൻ കൂടെയു ണ്ടാവും എന്നാണ്. മൂന്നു ദിവസത്തിനു ശേഷം സ്വാഭാവികമായും ശരീരം അഴു കിത്തുടങ്ങും. പിന്നെ അയാളിൽനിന്ന് പ്ര തീക്ഷിക്കാനൊന്നുമില്ല. അതുകൊണ്ടാ ണ്, ലാസറിന്റെ ശവകുടീരത്തിൽ യേശു വന്നുകഴിയുമ്പോൾ സഹോദരിമാർ പ റയുന്നത്, അവൻ മരിച്ചിട്ടു മൂന്നുദിവസം കഴിഞ്ഞിരിക്കുന്നു എന്ന്. ക്രിസ്തുവിന്റെ ഇടപെടൽകൊണ്ട് ഏതെങ്കിലും തരത്തിൽ അവിടെ അദ്ഭുതം സംഭവിക്കുമായിരുന്നെങ്കിൽ, അതിനുള്ള സമയംകൂടി കഴിഞ്ഞിരിക്കുന്നു എന്നാണ് സൂചന. മാനുഷികമായ എല്ലാ പ്രതീക്ഷയും അവസാനിച്ചിടത്തുനിന്നാണ് യേശു അവിടെ അദ്ഭുതം പ്രവർത്തിച്ചു തുടങ്ങുന്നത്.

മനുഷ്യന്റെ പ്രതീക്ഷയുടെ വിളുമ്പാണ് ദൈവത്തിന്റെ ശരിയായ സമയം. അതാണ് മൂന്നാം ദിവസം. മാനുഷികമായി നമുക്കു പ്രതീക്ഷിക്കാൻ ഒന്നുമില്ല. ഇതിനേറ്റവും മികച്ച ഉദാഹ രണമായി തോന്നുന്നത്, മഹാഭാരതത്തിലെ ദ്രൗപതിയുടെ കഥയാണ്. ഒരു സദസിൽവെച്ച് അവൾ അപമാനിതയാകുമെന്ന് ഏറെക്കുറെ ഉറപ്പായിക്കഴിഞ്ഞു. ഒരു ചേലയുടെ പരമാ

വധി നീളം അഞ്ചര അല്ലെങ്കിൽ ആറു മുഴമാണ്. അതിന്റെ ഇങ്ങേയറ്റത്തു പിടിക്കുമ്പോൾതന്നെ അവൾക്കറിയാം, സെക്കന്റുകൾക്കുള്ളിൽ താൻ അപമാനിതയാകുമെന്ന്. ചേല അഴിയാതിരിക്കാൻ ആദ്യമവൾ അതുടുത്തിരിക്കുന്നതിന്റെ ഒരു തുമ്പിൽ ബലമായി പിടിച്ചിട്ടുണ്ട്. പക്ഷേ അടുത്ത നിമിഷം അവൾക്കു മനസിലാകുന്നു, അങ്ങനെയൊന്നും പിടിച്ചിട്ട് വലിയ കാര്യമില്ലെന്ന്.

അതുകൊണ്ട് സാരിത്തുമ്പിലുള്ള പിടുത്തം ഉപേക്ഷിച്ചിട്ട് അവൾ ആകാശത്തിലേക്കു കരമുയർത്തി നിലവിളിക്കുന്നു. അവൾ അങ്ങനെ കരമുയർത്തി നിലവിളിക്കാൻ തുടങ്ങിയപ്പോൾ മുതൽ അഞ്ചരയോ ആറോ മുഴം മാത്രം നീളമുള്ള ചേല തീരുന്നിടത്തുനിന്ന് ആരോ അവളെ ചുറ്റാൻതുടങ്ങി. എത്ര അഴിച്ചിട്ടും അവൾ അപമാനിതയാകുന്നില്ല. പകരം, അഴിക്കാൻ ശ്രമിച്ചവരുടെ കൈ കുഴഞ്ഞുതുടങ്ങുകയാണ്. ഒരു മാർക്കർ പേനയെടുത്തിട്ട് അഞ്ചരമുഴം സാരി തീരുന്നിടത്ത് ഒരു അടയാളം വരച്ചിട്ട് ബാക്കിയുള്ളതിനു പറയുന്ന പേരാണ് മൂന്നാംപക്കം.

ദൈവത്തിന്റെ ശരിയായ സമയമാണ് തേർഡ് ഡേ. ഒരാൾക്കു ലോകത്തോട് പ്രതീക്ഷയെക്കുറിച്ചു പറയാൻ അയാൾ ഒരു സക്സസ്ഫുൾ മനുഷ്യൻ പോലും ആകണമെന്നില്ല. Broken, vulnerable people also can speak on hope. അതുകൊണ്ടാണ് യേശുവിനെപോലെ ഇത്രയും ബ്രോക്കണായ ഒരു മനുഷ്യൻ ലോകത്തിന് ഇത്രത്തോളം പ്രതീക്ഷ കൊടുത്തത്. പ്രത്യാശ തന്നെയാണ് യേശുവെന്ന് പൗലോസ് അപ്പസ്തോലൻ പറയുന്നതും അതുകൊണ്ടുതന്നെ. യേശു പ്രത്യാശ കൊടുത്തെന്നല്ല, യേശുതന്നെ പ്രത്യാശയാണ് എന്നത്രേ സൂചന.

ഒരു കുഞ്ഞിനെ ഉത്സവപ്പറമ്പിൽ കാണാതെ പോവുക എന്നാൽ എന്നേയ്ക്കുമായി അതിനെ നഷ്ടപ്പെടുക എന്നാണർഥം. ഇത്തരം സാഹചര്യത്തിൽ കുട്ടികൾ മിക്കവാറും ഭയാശങ്കകൾക്ക് അടിപ്പെടും. അതോടെ അവർ സ്വന്തം പേരും നാടും എല്ലാം മറന്നുപോകും. ഇങ്ങനെയൊക്കെയായിട്ടും പത്തുരണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഒരു അമ്മയ്ക്ക് ഉത്സവപ്പറമ്പിൽവെച്ചു കാണാതെ പോയ കുഞ്ഞിനെ തിരികെ



**അന്വേഷിച്ചുപോകാൻ മാത്രം വിനയവും ധൈര്യവും സമയവുമുണ്ടെങ്കിൽ നഷ്ടപ്പെട്ട ബന്ധങ്ങളെതേടി യാത്ര ആരംഭിക്കുക.**

കിട്ടുന്നു. അസാധ്യതകളിലെല്ലാം ഒരു സാധ്യതയുണ്ട്. മാനുഷികമായ അന്വേഷണം അവസാനിക്കുമ്പോൾ ദൈവികമായ ഇടപെടൽ സംഭവിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ സമയത്തിനുവേണ്ടി കാത്തിരിക്കുക. അവിടുന്ന് ജീവിതത്തിൽ അദ്ഭുതം പ്രവർത്തിക്കും. ഈ വിശ്വാസത്തിന്റെ, പ്രതീക്ഷയുടെ ഒരു മൂന്നാംപക്കം എല്ലാവരുടെയും ജീവിതത്തിലുണ്ടാകണം. അതാണ് ഈസ്റ്റർ.

ഏതു ബന്ധവും നമുക്കു തിരിച്ചുപിടിക്കാൻ കഴിയും. എന്നേയ്ക്കുമായി ഒരു ബന്ധവും നഷ്ടപ്പെടുന്നില്ല. ഒരാളെയും വിട്ടുകളയരുത്. അന്വേഷിച്ചുപോകാൻ മാത്രം വിനയവും ധൈര്യവും സമയവുമുണ്ടെങ്കിൽ നഷ്ടപ്പെട്ട ബന്ധങ്ങളെതേടി യാത്ര ആരംഭിക്കുക. നോമ്പ് ആഘോഷിക്കപ്പെടുമ്പോൾ അതിന്റെ ഒടുവിലായുള്ള ചെറിയൊരു വാക്കാണ് ഉത്ഥാനം (Resurrection). ഉയിർക്കാൻ വേണ്ടിയുള്ള ഏറ്റവും ശുഭാപ്തിവിശ്വാസം നിറഞ്ഞ ഒരവസരമായി, കാലമായി നോമ്പിനെ കാണുന്നത് അതുകൊണ്ടാണ്. ഉയിർക്കാൻ നമുക്കു സാധിക്കുന്നതുകൊണ്ടും, പ്രതീക്ഷിക്കാൻ വകയുള്ളതുകൊണ്ടുമാണ് നോമ്പ് നമുക്കു പ്രതീക്ഷയുടെ കാലമായി മാറുന്നത്. മൂന്നാം ദിവസമുള്ള ഒരദ്ഭുതത്തിനായി നമുക്കു കാത്തിരിക്കാം. ○

പല
വിചാരം

റ്റി.സി മാത്യു

**പിടിക്കപ്പെടാത്തിടത്തോളം കാലം കണ്ണടച്ചു കഴിഞ്ഞാലും കണ്ണു തുറന്നിരിക്കുന്ന ഒരു ബഹുസ്വര സമൂഹം ചുറ്റുമുണ്ട് എന്ന സത്യം മറക്കരുത്.**

# അഡ്വ. സരിതയ്ക്കു കോടതി നീതി നിഷധിക്കുമ്പോൾ

പരേതനായ ഭർത്താവ് വാദിച്ചിരുന്ന കേസ് തുടർന്നു നടത്താൻ സാവകാശം തേടിയ അഭിഭാഷക കോടതിമുറിയിൽ കരയേണ്ടി വന്ന നിർഭാഗ്യകരമായ സംഭവം കേരള ഹൈക്കോടതിയിൽ ഉണ്ടായി. അതിനു തക്കവിധം പെരുമാറിയ കേരള ഹൈക്കോടതി ജഡ്ജി പരക്കെ വിമർശിക്കപ്പെട്ടു. കോടതി ബഹിഷ്കരണത്തിലേക്ക് അഭിഭാഷകരെ നയിച്ച വിഷയം പിന്നീട് ചീഫ് ജസ്റ്റീസിന്റെ സാന്നിധ്യത്തിൽ അഭിഭാഷകയോടു ജഡ്ജി മാപ്പു പറഞ്ഞതോടെ ഒട്ടൊന്നു ശമിച്ചു. ജഡ്ജിയെ കേരള ഹൈക്കോടതിയിൽ നിന്നു മാറ്റണമെന്ന് ആവശ്യപ്പെട്ടു ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ സുപ്രീംകോടതി ചീഫ് ജസ്റ്റീസിനു കത്തയയ്ക്കാനും തീരുമാനിച്ചു.


ജുഡീഷ്യറിയിൽ ഉന്നതപദവികളിൽ ഇരിക്കുന്നവർ പദവിയുടെ അന്തസും മാന്യതയും പാലിക്കാത്ത സംഭവങ്ങൾ ആവർത്തിക്കുകയാണ്. നിലവാരത്തകർച്ച കാണിക്കുന്ന ഇത്തരം ജഡ്ജിമാർ നീതിനിർവഹണത്തെ സംബന്ധിച്ചു ജനങ്ങളിൽ അവിശ്വാസവും ജനിപ്പിക്കും. താൻ എല്ലായ്പോഴും പൊതുസമൂഹത്തിന്റെ നിരീക്ഷണത്തിലാണെന്നും, തന്റെ ഉന്നതപദവിക്കു നിരക്കാത്ത ഒന്നും തന്നിൽ നിന്ന് ഉണ്ടാകരുതെന്നും 1997 മെയ് ഏഴിന് ഇന്ത്യൻ സുപ്രീംകോടതിയുടെ ഫുൾ ബെഞ്ച് സ്വീകരിച്ച *ജുഡീഷ്യൽ ജീവിതത്തിന്റെ മൂല്യങ്ങളുടെ പുനർപ്രസ്താവന*യിൽ പറയുന്നുണ്ട്. ഒരു വിധവയുടെ അവസ്ഥയോടു സഹഭാവം (Empathy) കാണിക്കാനുള്ള മര്യാദപോലും ബന്ധപ്പെട്ട ജഡ്ജി കാണിച്ചില്ല എന്നാണു വാർത്തകൾ. അമേരിക്കൻ ബാർ അസോസിയേഷൻ 1924ൽ സ്വീകരിച്ച കാനൻസ് ഓഫ് ജുഡീഷ്യൽ എത്തിക്സിലും എടുത്തു പറയുന്നതാണ്, അഭിഭാഷകരോട് ആദരവോടെയുള്ള പെരുമാറ്റം. വലിയ ആദരവോ ബഹുമാനമോ നല്കിയില്ലെങ്കിലും സാമാന്യമര്യാദ എങ്കിലും ആകാമായിരുന്നു എന്ന് ഏതൊരാളെക്കൊണ്ടും പറയിക്കുന്ന രീതിയിലാണ് ജസ്റ്റീസ് എ. ബദറുദീൻ അഡ്വ. സരിത തോമസിനോടു പെരുമാറിയത് എന്നു മറ്റ് അഭിഭാഷകരും പറയുന്നു.

**ജുഡീഷ്യറിയിൽ ഉന്നതപദവികളിൽ ഇരിക്കുന്നവർ പദവിയുടെ അന്തസും മാന്യതയും പാലിക്കാത്ത സംഭവങ്ങൾ ആവർത്തിക്കുകയാണ്.**

നിയമബോധവത്കരണ രംഗത്തു സജീവമായി പ്രവർത്തിക്കുന്ന പ്രമുഖ അഭിഭാഷകൻ അഡ്വ. ജോണി മെതിപ്പാറ ഈ വിഷയത്തെപ്പറ്റി എഴുതിയ അർഥവത്തായ ഫെയ്സ്ബുക്ക് പോസ്റ്റ് ഇവിടെ ഉദ്ധരിക്കുകയാണ്:

**അഭിഭാഷകരെ അപമാനിക്കൽ ഹോബിയാക്കിയ ചില ജഡ്ജിമാർ**

...ജുഡീഷ്യറിയുടെ മുഖത്തിന് മങ്ങലേല്പിക്കുന്ന സംഭവങ്ങളിൽ ഒന്നുകൂടി. വളരെ നല്ല രീതിയിൽ കോടതിയിൽ പെരുമാറുന്നവരാണ് ഭൂരിഭാഗം ജഡ്ജിമാരും. എന്നാൽ ഹൈക്കോടതിയിൽ മാത്രമല്ല, സുപ്രീം കോടതിയിലും കീഴ്കോടതികളിലും അഭിഭാഷകരോട് മോശമായി പെരുമാറലും അപമാനിക്കലും ഹോബിയാക്കിയ ചില ജഡ്ജിമാരുണ്ട്. അധികാരത്തിന്റെ അഹങ്കാരം തലയ്ക്കു പിടിച്ച ഇവർ കോടതിയുടെ അന്തസിനും മാന്യതയ്ക്കും ചേരാത്ത രീതിയിൽ അഭിഭാഷകരോടും കക്ഷികളോടും പെരുമാറും. ഒരിക്കലും വക്കീൽവേഷത്തിൽ കോടതിയിൽ വന്നിട്ടില്ലാത്തവർ ജഡ്ജിയായി നീതിയുടെ കസേരയിൽ കയറി ഇരുന്ന്, എഴുപതും എൺപതും വയസുള്ള ബഹുമാന്യരായ സീനിയർ അഭിഭാഷകരോടുപോലും യാതൊരു ബഹുമാനവും നല്കാതെ പെരുമാറുന്നതു കാണുമ്പോൾ വേദന തോന്നാറുണ്ട്. ഇതുകണ്ട്, പല നല്ല കോടതികളും കണ്ടിട്ടുള്ള കക്ഷികൾ പരിഹാസത്തോടെ മൂക്കത്തു വിരൽ വെക്കുന്നതും കാണാറുണ്ട്. നീതിയുടെ അവസാന പ്രതീക്ഷയായ കോടതിക്ക് അപമാനമാണവർ. ഇത്തരത്തിലുള്ള ജഡ്ജിമാരുടെ പെരുമാറ്റത്തിൽ പ്രതികരിച്ച അഭിഭാഷകർക്ക് എതിരെ നടപടികൾ സ്വീകരിച്ച് നീതിനിർവഹണം പരിഹാസ്യമാക്കുന്ന ഈ ജഡ്ജിമാർ, നീതിദേവതയുടെ കസേരയിൽ ഇരുന്ന് അവരുടെ അപമാനിക്കൽ കലാപരിപാടികൾ ഇന്നും തുടർന്നു വരുന്നത് വിരോധാഭാസമായി നിലനിൽക്കുന്നു. സുപ്രീംകോടതിയിലെ സീനിയർ അഭിഭാഷകനായിരുന്ന രാജീവ്



# ഒരു ഹോളിവുഡ് കുടുംബചിത്രം

*ഓസ്കർ ജേതാവായ ഹോളിവുഡ് നടൻ ജീൻ ഹാക്ക്മാനും (95) പിയാനിസ്റ്റ് ആയ ഭാര്യ ബെറ്റ്സി അരാകവയും (65) ഫെബ്രുവരിയിൽ തങ്ങളുടെ വസതിയിൽ മരിച്ച നിലയിൽ കാണപ്പെട്ടു. എലികളിലും മറ്റും നിന്നു പകരുന്ന ഒരു വൈറസ് ബാധിച്ച് ബെറ്റ്സി മരിച്ച് ഒരാഴ്ചയ്ക്കു ശേഷമാണ് മറവിരോഗിയായ ഹാക്ക്മാൻ ഹൃദ്രോഗംമൂലം മരിച്ചത്. ജഡങ്ങൾ ദിവസങ്ങൾക്കുശേഷം ഒരു കരാർ പണിക്കാരൻ പറഞ്ഞാണ് പൊലീസ് കണ്ടെത്തിയത്.*

*തനിച്ചു കഴിയുകയായിരുന്ന ദമ്പതികൾക്ക് മക്കൾ മൂന്ന്. ഒരു മകനും രണ്ടു പുത്രിമാരും. അവരുമായി വലിയ സമ്പർക്കം ഇല്ലായിരുന്നു.*

*ഹാക്ക്മാന്റെ വിൽപത്രത്തിൽ എട്ടു കോടി ഡോളർ (700 കോടി രൂപ) വരുന്ന സ്വത്ത് മുഴുവൻ ഭാര്യയ്ക്കാണ് വെച്ചിരിക്കുന്നത്. ഭാര്യയുടെ വിൽപത്രത്തിൽ അവകാശി ഹാക്ക്മാനും. അതിൽ ഒരു വ്യവസ്ഥകൂടി വെച്ചു; 90 ദിവസത്തിൽ താഴെ വ്യത്യാസത്തിൽ തങ്ങൾ മരിച്ചാൽ സ്വത്ത് ധർമസ്ഥാപനങ്ങൾക്കു നല്കണം. മകൻ ഈ വിൽപത്രങ്ങൾക്ക് എതിരേ കേസിനു പോയിട്ടുണ്ട്.*

*ഹാക്ക്മാൻ ദമ്പതികളെയോ മക്കളെയോ വിധിക്കാൻ ഇവിടെ ശ്രമിക്കുന്നില്ല. അതിവേഗം അമേരിക്കൻ ജീവിതരീതി സ്വീകരിക്കുന്ന നമ്മുടെ സമൂഹം, ഈ സാഹചര്യത്തിലേക്കു കൂടിയാണ് നീങ്ങുന്നത് എന്നു പറയാൻ മാത്രമാണ് ഉദ്ദേശിച്ചത്. ചിന്തിക്കേണ്ട കാര്യം, ഇങ്ങനെയൊക്കെ ആണോ കാര്യങ്ങൾ അവസാനിക്കേണ്ടത് എന്നാണ്.*

# കണ്ണടച്ചാൽ കാണാതാകുന്നതല്ല കുരിശ്

ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് കുരിശ് രക്ഷയുടെ സ്മാരകവും പ്രത്യാശയുടെ പ്രതീകവും നിത്യജീവന്റെ വാഗ്ദാനവും ആണ്. വിശ്വാസി പാവനമായി കണക്കാക്കുന്ന കുരിശിനെ എവിടെയും ആദരത്തോടെയാണു ക്രൈസ്തവർ കാണുകയും ധരിക്കുകയും പ്രതിഷ്ഠിക്കുകയും ചെയ്യാറുള്ളത്. ഈ കുരിശിനെ ഉയർത്തിപ്പിടിച്ചാണ് ക്രൈസ്തവ രക്തസാക്ഷികൾ മരണത്തെ ധീരമായി നേരിട്ടത്. അശുദ്ധാത്മാക്കളെ ഉച്ചാടനം ചെയ്യാനും വിശ്വാസിയെ ആത്മീയമായി രക്ഷിക്കാനും കുരിശാണ് ആയുധം.

ഈ കുരിശിനെ ഭൗതികമായ ചില ലക്ഷ്യങ്ങൾക്കായി ഉപയോഗിക്കുന്നതിന്റെ റിപ്പോർട്ടുകൾ സമീപനാളുകളിൽ പ്രത്യക്ഷപ്പെട്ടു. ചങ്ങനാശേരി സ്വദേശിയായ ഒരു ധ്യാനപ്രഭാഷകൻ പരുന്തുംപാറയിൽ സ്വന്തമാക്കിയ സ്ഥലവും അവിടെ പണിയുന്ന റിസോർട്ടുമായി ബന്ധപ്പെടുത്തിയാണ് റിപ്പോർട്ടുകൾ. സർക്കാർസ്ഥലം അനധികൃതമായി കൈയേറിയതാണെന്ന ആരോപണം ഉയർന്നു. ജില്ലാ കളക്ടർ സ്ഥലം തിരിച്ചുപിടിക്കാനും നിർമാണം തടയാനും ഉത്തരവിട്ടു. അതു നടപ്പാക്കുംമുമ്പ് സ്ഥലത്ത് ഒരു കോൺക്രീറ്റ് കുരിശ് സ്ഥാപിക്കപ്പെട്ടു. പക്ഷേ കളക്ടർ അതും നീക്കംചെയ്യിച്ചു. സ്ഥലം നിയമപരമായി സ്വന്തമാക്കിയതാണെന്നും കൈയേറ്റമല്ലെന്നും പ്രഭാഷകൻ വാദമുയർത്തുന്നുണ്ട്.

തർക്കം തുടരുകയാണ്. റവന്യു വകുപ്പും കോടതിയും ഒക്കെ തീർപ്പു കല്പിക്കേണ്ട വിഷയമായി അതുമാറി. അവർ തീരുമാനിക്കട്ടെ. സീസറിനുള്ളതു സീസറിനും പ്രഭാഷകനുള്ളതു പ്രഭാഷകനും നല്കട്ടെ.

പക്ഷേ, ഇതിൽ ശ്രദ്ധിക്കേണ്ട പല കാര്യങ്ങൾ ഉണ്ട്. ഒരു വിവാദഭൂമിയിൽ, വിവാദം കത്തിനിൽക്കെ ഇങ്ങനെ കുരിശ് ഉയർത്തിയത് ശരിയാണോ? പ്രഭാഷകൻ പറയുന്നതു നൂറു ശതമാനം ശരിയായാലും, ഇങ്ങനെ ഒരു സമയത്താണോ കുരിശ് സ്ഥാപിക്കേണ്ടത്? അദേഹം പറയുന്നത്, ഗ്രോട്ടോ സ്ഥാപിക്കാൻ വേണ്ടി കുരിശ് സ്ഥാപിച്ചു എന്നാണ്. ഗ്രോട്ടോകൾക്കു കുരിശ് വേണോ? കുരിശ് വെക്കുന്നെങ്കിൽതന്നെ ഏതെങ്കിലും ചിലർ കൊണ്ടുവന്നു കുഴിച്ചിട്ടാൽ മതിയോ? ഉചിതമായ പ്രാർഥനകളും മറ്റും നടത്തി വേണ്ടേ കുരിശ് സ്ഥാപിക്കാൻ? ഒരു ധ്യാനപ്രഭാഷകന് അതൊന്നും അറിയില്ല എങ്കിൽ എന്താ പറയുക? ധ്യാനപ്രഭാഷണവും രോഗശാന്തി ശുശ്രൂഷയും ഒക്കെയായി നടക്കുന്ന ആൾക്ക് ചേരുന്ന പ്രവൃത്തിയാണോ വിവാദസ്ഥലങ്ങൾ വാങ്ങലും റിസോർട്ട് നിർമാണവും ഒക്കെ എന്ന ചോദ്യം അപ്പോഴും ബാക്കി നിൽക്കും.

ധവാൻ ഒരു ജഡ്ജിയുടെ അപമാനകരമായ പെരുമാറ്റത്തിൽ മനംനൊന്ത് കോർട്ട് പ്രാക്ടീസ് അവസാനിപ്പിക്കുകയുണ്ടായി. ഒട്ടേറെ യുവ അഭിഭാഷകരുടെ കണ്ണുനീർ ജഡ്ജിമാരുടെ അവഹേളനാപരമായ പെരുമാറ്റംമൂലം നീതി നടത്തപ്പെടേണ്ട കോടതി മുറികളിൽ വീണിട്ടുണ്ട്. ഒട്ടേറെ സീനിയർ അഭിഭാഷകർ ജഡ്ജിമാരുടെ മോശമായ പെരുമാറ്റംമൂലം മനസുമടുത്ത് കോർട്ട് പ്രാക്ടീസ് അവസാനിപ്പിക്കുന്നതിനെക്കുറിച്ചു ചിന്തിക്കുന്നുമുണ്ട്. നല്ല പെരുമാറ്റം ലഭിക്കൽ അഭിഭാഷകന്റെ അവകാശമാണ്, ഔദാര്യമല്ല. കോടതിയിൽ മാന്യതയും ബഹുമാനവും ഇല്ലാത്ത രീതിയിൽ പ്രകോപനപരമായി പെരുമാറുന്ന അഭിഭാഷകരും ഉണ്ടെന്ന കാര്യംകൂടി പറയട്ടെ.

നീതിന്യായ വ്യവസ്ഥിതിയുടെ അവിഭാജ്യഘടകങ്ങളാണ് ജഡ്ജിമാരും അഭിഭാഷകരും. ഇവർ പരസ്പര ബഹുമാനത്തോടെ പ്രവർത്തിച്ചെങ്കിൽ മാത്രമേ നീതി



**ധ്യാനപ്രഭാഷണവും രോഗശാന്തി ശുശ്രൂഷയുമായി നടക്കുന്ന ആൾക്ക് ചേരുന്ന പ്രവൃത്തിയാണോ വിവാദസ്ഥലങ്ങൾ വാങ്ങലും റിസോർട്ട് നിർമാണവും ഒക്കെ എന്ന ചോദ്യം ബാക്കി നില്ക്കുന്നു.**

ക്രൈസ്തവർ കുടിയേറിയ പ്രദേശങ്ങളിൽ പള്ളികളും കപ്പേളകളും പണിയുകയും അവിടെയൊക്കെ കുരിശ് സ്ഥാപിക്കുകയും ചെയ്യാറുണ്ട്. അതു സ്ഥലം വെട്ടിപ്പിടിക്കാൻ വേണ്ടിയല്ല. പുതിയ സ്ഥലത്ത് എത്തിയ ശേഷം വിശ്വാസ ജീവിതം തുടരാനും ദൈവാനുഗ്രഹത്തിനായി പ്രാർഥിക്കാനും വേണ്ടിയാണ്. ഹിന്ദുക്കൾ യുഎഇയിലും അമേരിക്കയിലും ക്ഷേത്രങ്ങൾ സ്ഥാപിക്കുന്നത് അവിടെ പ്രാർഥനയ്ക്കായി ട്ടല്ലേ? അല്ലാതെ നാടു വെട്ടിപ്പിടിക്കൽ ലക്ഷ്യമിട്ടല്ലല്ലോ?

മറ്റു മതവിഭാഗങ്ങളും കുടിയേറ്റസ്ഥലങ്ങളിൽ തങ്ങളുടെ ആരാധനാലയങ്ങളും പ്രാർഥനാമന്ദിരങ്ങളും പണിതുയർത്തിയിട്ടുണ്ട്. പക്ഷേ ക്രൈസ്തവരെ മാത്രം കുരിശുകൃഷിക്കാർ എന്ന് ആക്ഷേപിക്കാൻ കേരളത്തിൽ ചിലർ ഉത്സാഹിക്കുന്നു. ഗുരുമന്ദിരങ്ങളും ക്ഷേത്രങ്ങളും മസ്ജിദുകളും ഒക്കെ ഈ കുടിയേറ്റ മേഖലകളിൽ ജനസംഖ്യാനുപാതത്തിനനുസരിച്ചോ അതിലേറെയോ കാണാം. പക്ഷേ അവയെ 'കൃഷി'യായി ആരും കാണാറില്ല. അതിനു പിന്നിലെ 'കാഴ്ചയില്ലായ്മ' ഇവിടത്തെ വിഷയമല്ല. പക്ഷേ ഭാഗിക അന്ധത വളരുന്ന ഒരു സാഹചര്യം ചൂണ്ടിക്കാട്ടി എന്നു മാത്രം. അത് ഓർമയിൽ സൂക്ഷിക്കേണ്ടതാണ്.

ക്രൈസ്തവരെ ഒറ്റ തിരിഞ്ഞ് ആക്രമിക്കുന്ന ചുറ്റുപാടിൽ നിയമവിരുദ്ധം എന്നു തോന്നാവുന്ന കാര്യം ചെയ്തു സഭയെ നാറ്റിക്കാൻ സാഹചര്യം ഒരുക്കിയതു ശരിയോ? ഇതൊക്കെ ചെയ്യുന്ന ആൾക്ക് ഏതെങ്കിലും സഭാധികാരി പിന്തുണ നല്കിയിട്ടുണ്ടെങ്കിൽ അതു തെറ്റല്ലേ?

പ്രാവുകളെപ്പോലെ നിഷ്കളങ്കരായിട്ടു മാത്രം കാര്യമില്ല, സർപ്പങ്ങളെപ്പോലെ വിവേകശാലികളും ആയിരിക്കണം. ചെന്നായ്ക്കൾക്കിടയിലേക്കു പോകുന്ന ആടുകൾ ഇങ്ങനെ ആയെങ്കിലേ ജീവൻ നിലനിർത്താനാവൂ. അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവർ ചെയ്യുന്ന കാര്യങ്ങൾക്കു മാത്രമല്ല, ചെയ്യാത്ത കാര്യങ്ങൾക്കും സമാധാനം പറയേണ്ടവരാണ്. യഥാസമയം നേർവഴി പറഞ്ഞു കൊടുക്കേണ്ടവർ അതു ചെയ്തില്ലെങ്കിൽ തെറ്റുകൾ ചെയ്യാൻ പ്രേരണയാകും എന്ന് ആർക്കാണ് അറിയാത്തത്? പിടിക്കപ്പെടാത്തിടത്തോളം കാലം കണ്ണടച്ചു കഴിഞ്ഞാലും കണ്ണു തുറന്നിരിക്കുന്ന ഒരു ബഹുസ്വര സമൂഹം ചുറ്റുമുണ്ട് എന്ന സത്യം മറക്കരുത്.

നിർവഹണം ശരിയായ രീതിയിൽ നടക്കുകയുള്ളൂ. ജഡ്ജിയായാൽ പിന്നെ വന്ന വഴികൾ മറക്കുന്നവരാണ് പല ജഡ്ജിമാരും. ഇവർ കോടതിമുറികളിൽ യാതൊരുവിധ അന്തസും മാന്യതയും പാലിക്കാതെ അവിടം എല്ലാവർക്കും അരോചകമാക്കി മാറ്റും.

ജുഡീഷ്യൽ അക്കാദമിയിൽ ജഡ്ജിമാരെ നിയമം മാത്രം പഠിപ്പിച്ചാൽ പോരാ, നല്ല പെരുമാറ്റവും പഠിപ്പിക്കണം. ജഡ്ജിമാരുടെ പെരുമാറ്റം നിരീക്ഷിക്കാൻ ഒരു സമിതിയുണ്ടാകണം. പല വിദേശ രാജ്യങ്ങളിലും ഈ സംവിധാനം നിലവിലുണ്ട്. അവർ ജഡ്ജിമാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് റിപ്പോർട്ട് സമർപ്പിക്കണം. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജഡ്ജിമാരെ തിരികെ വിളിക്കൽ ഉൾപ്പെടെയുള്ള നടപടികൾ ഉണ്ടാകണം. എങ്കിൽ മാത്രമെ ജുഡീഷ്യറിയുടെ മുഖം തിളക്കമുള്ളതായി നിലനിറുത്തുവാൻ കഴിയുകയുള്ളൂ. ○

ചുറ്റുവട്ടം



**റെജി എം. കുന്നിപ്പറമ്പൻ**
(ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്
ക്രൈംബ്രാഞ്ച്, മലപ്പുറം)

SAY NO TO DRUGS

# മരണം പതിയിരിക്കുന്ന മരുപ്പച്ച



**ലഹരി നല്കുന്ന ആനന്ദം മരണം പതിയിരിക്കുന്ന മരുപ്പച്ച പോലെയാണെന്ന് തിരിച്ചറിയുമ്പോഴേക്കും കരകയറാനാവാത്തവിധം ഒരാൾ ആ കെണിയിൽ അകപ്പെട്ടു കഴിഞ്ഞിരിക്കും.**

ഇരുപത്തിനാല് വയസ് പ്രായം. കാഴ്ചയിൽ അരോഗദൃഢഗാത്രൻ. നടന്നു പോകുന്നതിനിടയിൽ കുഴഞ്ഞു വീഴുകയായിരുന്നു. ആശുപ്രതിയിലെത്തിച്ചപ്പോഴേക്കും മരണം നടന്നു. നേരത്തെ ഏതെങ്കിലും അസുഖമുള്ളതായി ആർക്കും അറിവില്ലാത്ത അയാൾക്ക് എന്തു സംഭവിച്ചുവെന്ന് ആളുകൾ പരസ്പരം ചോദിച്ചു. അതിനുള്ള ഉത്തരം പോസ്റ്റ്മോർട്ടത്തിൽ ലഭിച്ചു; അക്യൂട്ട് ക്രോണിക് കൊറോണറി ആർട്ടറി ഡിസീസ് ഡ്യൂ ടു അതെറോസ്ക്ളിറോസിസ്.

ഒരു ചെറിയ ആഘാതത്തെപ്പോലും താങ്ങാൻ കെല്പില്ലാത്തവിധം അയാളുടെ ഹൃദയം രോഗാതുരമായിരുന്നു. അയാളുടെ ഹൃദയധമനികൾ ചുരുങ്ങിപ്പോവുകയും, ഹൃദയത്തിലേക്കുള്ള രക്തയോട്ടം 90 ശതമാനത്തോളം നിലയ്ക്കുകയും ചെയ്തിരുന്നു. യാതൊരു അസുഖവുമില്ലാത്ത ചെറുപ്പക്കാരനായ അയാൾക്ക് ഇതെങ്ങനെ സംഭവിച്ചു?


അതിനും പോസ്റ്റ്മോർട്ടം തന്നെ ഉത്തരം നല്കി. അയാളുടെ ചുരുങ്ങിപ്പോയ ഹൃദയധമനികളും പൊടിഞ്ഞു തുടങ്ങിയ പല്ലുകളും വികസിച്ച കൃഷ്ണമണികളും കണ്ടപ്പോൾ പൊലീസ് സർജൻ ഉറപ്പിച്ചു; രാസലഹരിയുടെ ഉപയോഗം തന്നെ.

ലഹരിയെക്കുറിച്ചും, ലഹരി നമ്മുടെ സമൂഹത്തിലുണ്ടാക്കുന്ന ആപത്കരമായ ആഘാതങ്ങളെക്കുറിച്ചുമാണ് ഇന്ന് എങ്ങും ചർച്ച. കൂട്ടക്കൊലപാതകങ്ങളും ബലാത്സംഗങ്ങളും പിടിച്ചുപറികളുമടക്കം അശുഭകരമായ എത്രയോ വാർത്തകളാണ് നിത്യവും നാം കേൾക്കുന്നത്? അതിന്റെ കാരണങ്ങൾ ചികഞ്ഞു ചെല്ലുമ്പോൾ ലഹരിയുടെ കറുത്ത കരങ്ങൾ ഓരോ വാർത്തയ്ക്കും പിന്നിലുമുണ്ടെന്നു കാണാം.

ലഹരിയെന്നു കേൾക്കുമ്പോൾ പെട്ടെന്ന് നമ്മുടെ മനസിലേക്ക് ഓടിയെത്തുന്നത് മദ്യം, കഞ്ചാവ്, പുകയില തുടങ്ങിയവയാണ്. എന്നാൽ അവയൊക്കെ പിന്നാമ്പുറത്തേയ്ക്കു തള്ളപ്പെടുകയും അപകടകാരികളായ സിന്തെറ്റിക് ഡ്രഗുകൾ സുലഭമായിരിക്കുകയും ചെയ്യുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നതെന്ന് അറിയുക. പരമ്പരാഗതമായ ലഹരി സങ്കല്പങ്ങളെയെല്ലാം അട്ടിമറിച്ച് സിന്തെറ്റിക് ഡ്രഗുകൾ ആപത്കരമായ പ്രഹരശേഷിയോടെ അരങ്ങുവാഴുന്നു. നിത്യവും നാം കേൾക്കുന്ന അവിശ്വസനീയവും ആശ്ചര്യജനകവുമായ കുറ്റകൃത്യങ്ങളിൽ ഒട്ടുമിക്കതിന്റെയും പിന്നിൽ രാസലഹരിയുടെ സ്വാധീനമുണ്ട്.

കഞ്ചാവും പുകയിലയുമൊക്കെ പ്രകൃതിയിൽനിന്ന് നേരിട്ടു കിട്ടുന്ന ലഹരിവസ്തുക്കളാണെങ്കിൽ, കൃത്രിമമാർഗങ്ങളിലൂടെ നിർമിച്ചെടുക്കുന്ന മയക്കുമരുന്നുകളാണ് സിന്തെറ്റിക് ഡ്രഗുകൾ. ആംഫെറ്റമിൻ, മെത്താംഫെറ്റമിൻ തുടങ്ങിയ ഉത്തേജകങ്ങളുടെയും, മെത്താക്വാലോൺ പോലെയുള്ള ഡിപ്രസന്റുകളുടെയും മിശ്രിതങ്ങളോ വ്യത്യസ്തരൂപങ്ങളോ ആണ് അവയിൽ പലതും. പരമ്പരാഗതമായ ലഹരിവസ്തുക്കളെ അപേക്ഷിച്ച് ഇവയുടെ വീര്യം പതിന്മടങ്ങാണ്.

ഇന്നു നമ്മുടെ സമൂഹത്തിൽ വിനാശകരമായ വിപത്തായി മാറിയിരിക്കുന്ന എംഡിഎംഎ അഥവാ മെഥിലിൻഡൈഓക്സി മെത്താംഫെറ്റമിൻ സിന്തെറ്റിക് ഡ്രഗാണ്. മെത്താംഫെറ്റമിൻ എന്ന ഉത്തേജകത്തിന്റെ സങ്കരരൂപമാണിത്. മസ്തിഷ്കത്തെ ഉത്തേജിപ്പിക്കുന്ന ഈ രാസവസ്തു മനുഷ്യനെ എന്തും ചെയ്യാൻ മടിയില്ലാത്തവനാക്കുന്നു. ദിവസങ്ങളോളം ഉറങ്ങാതിരിക്കുക, മുന്നിൽ നിൽക്കുന്നവർ ആരാണെന്നു നോക്കാതെ അമിതമായും അപകടകരമായും



നിത്യവും നാം കേൾക്കുന്ന അവിശ്വസനീയവും ആശ്ചര്യജനകവുമായ കുറ്റകൃത്യങ്ങളിൽ ഒട്ടുമിക്കതിന്റെയും പിന്നിൽ രാസലഹരിയുടെ സ്വാധീനമുണ്ട്.

പ്രതികരിക്കുക, ഇല്ലാത്ത സംഗതികൾ ഉണ്ടെന്നു ധരിച്ച് സമനിലയില്ലാതെ പെരുമാറുക, ഉന്മാദത്തിന്റെ മൂർധന്യതയിൽ സ്വയം മറക്കുക തുടങ്ങിയവയൊക്കെ ഇതുപയോഗിക്കുന്നതിന്റെ അനന്തരഫലങ്ങളാണ്.

നിശാപാർട്ടികളിലെയും മറ്റും സാന്നിധ്യമായതുകൊണ്ടുതന്നെ 'പാർട്ടി ഡ്രഗ്' എന്ന് ഇതറിയപ്പെടുന്നു. പരമ്പരാഗത ലഹരി

**ആരോഗ്യവാനായ ഏതൊരു മനുഷ്യനെയും അകാലമരണത്തിലേയ്ക്കു തള്ളിയിടുന്നു എന്നതാണ് എംഡിഎംഎയുടെ ഏറ്റവും വലിയ ദൂഷ്യഫലം.**



വസ്തുക്കളുമായി താരതമ്യം ചെയ്യുമ്പോൾ, ഉപയോഗിച്ചവരെ പെട്ടെന്നു തിരിച്ചറിയാൻ കഴിയില്ലെന്നതിനാലും, താരതമ്യേന തീരെ ചെറിയ അളവ് ഉപയോഗത്തിനു മതിയെന്നതിനാലും, അധികൃതരുടെ കണ്ണുവെട്ടിച്ച് കടത്തലും കൈമാറ്റവും വേഗത്തിൽ സാധിക്കുമെന്നതിനാലും ഇതിന്റെ വ്യാപനം ശരവേഗത്തിലാണ്.

ആരോഗ്യവാനായ ഏതൊരു മനുഷ്യനെയും അകാലമരണത്തിലേയ്ക്കു തള്ളിയിടുന്നു എന്നതാണ് എംഡിഎംഎയുടെ ഏറ്റവും വലിയ ദൂഷ്യഫലം. തലച്ചോറ്, ഹൃദയം, ശ്വാസകോശം, അസ്ഥികൾ, പല്ലുകൾ തുടങ്ങിയവയെ ഇതു ക്ഷയിപ്പിക്കുന്നു. ഇതിന്റെ ഉപയോഗം മൂലം നാഡീവ്യൂഹങ്ങൾക്ക് കേടുപാടുകളുണ്ടാക്കുന്ന ന്യൂറോടോക്സിനുകൾ വർധിക്കുകയും, തലച്ചോറിന്റെ പ്രവർത്തനത്തിലെ അവിഭാജ്യഘടകങ്ങളായ ന്യൂറോണുകൾ നശിക്കുകയും ചെയ്യുന്നു. ഇതു ചിന്താശേഷിയെ ദോഷകരമായി ബാധിക്കുകയും മറവിക്ക് കാരണമാകുകയും ചെയ്യുന്നു. മസ്തിഷ്കം മന്ദീഭവിക്കുന്നതിലൂടെ കണ്ണിലെ ഞരമ്പുകളുടെ പ്രവർത്തനം താറുമാറാവുകയും, വെളിച്ചത്തെ തിരിച്ചറിഞ്ഞ് പ്രതികരിക്കാനുള്ള കൃഷ്ണമണിയുടെ ശേഷി ഇല്ലാതാവുകയും ചെയ്യുന്നു. ഇതുമൂലം കണ്ണിലെ കൃഷ്ണമണി വലുതാകുന്ന പ്രതിഭാസം എംഡിഎംഎ ഉപയോഗിക്കുന്നവരിൽ കണ്ടുവരുന്നുണ്ട്.

ഹൃദയത്തിലെ രക്തക്കുഴലുകൾ ചുരുങ്ങുന്നതിനും രക്തയോട്ടം തടസപ്പെട്ട് പ്രതീക്ഷിക്കാത്ത സന്ദർഭത്തിൽ മരണം സംഭവിക്കുന്നതിനും എംഡിഎംഎ യുടെ അമിതമായ ഉപയോഗം ഇടവരുത്തുന്നു. ശ്വാസകോശത്തിലെ നീർക്കെട്ട്, അസ്ഥിക്ഷയം, പല്ലുകൾ പൊടിഞ്ഞു പോവുക തുടങ്ങിയവയൊക്കെ എംഡിഎംഎ ഉപയോഗത്തിന്റെ അനന്തരഫലങ്ങളാണ്.

രാസലഹരി മാത്രമല്ല, ഏതുതരം ലഹരിയും ആരോഗ്യത്തെ കാർന്നു തിന്നുന്നതും അടിമത്തം ഉളവാക്കി ജീവിതത്തിന്റെ താളം തെറ്റിക്കുന്നതുമാണ്. ലഹരിയുടെ ഉപയോഗംമൂലം മനുഷ്യശരീരത്തിൽ ഏറ്റവുമധികം ആഘാതമുണ്ടാകുന്ന അവയവം കരളാണ്. കരളിലെ കോശങ്ങളുടെ നിർമാണത്തിൽ പ്രമുഖപങ്ക് വഹിക്കുന്ന രാസവസ്തുവാണ് ഗ്ലൂട്ടാത്തയോൺ. ലഹരിയുടെ നിരന്തരമായ ഉപയോഗം മൂലം ഇതിന്റെ അളവ് കുറയുകയും ലിവർ സിറോസിസ്, ഹെപ്പറ്റൈറ്റിസ് ബി, സി തുടങ്ങിയ ഗുരുതര കരൾരോഗങ്ങൾക്ക് ഇതു വഴിവെക്കുകയും ചെയ്യുന്നു. കരളിലെ രക്തക്കുഴലുകൾ ചുരുങ്ങുന്ന ഹെപ്പാറ്റിക് ആർട്ടറി വാസോപാസം എന്ന അവസ്ഥയ്ക്കും ലഹരി ഉപയോഗം കാരണമാകുന്നു.

മിക്കവാറും എല്ലാ ശരീരഭാഗങ്ങളെയും ലഹരി ആക്രമിക്കുന്നു എന്നതാണ് വാസ്തവം. അമിതമായ ലഹരി ഉപയോഗം വൃക്കയുടെ പ്രവർത്തനത്തെ താളംതെറ്റിക്കുകയും, മെല്ലെമെല്ലെ വൃക്ക നശിച്ചു പോകുകയും ചെയ്യുന്നു. കരൾ, ശ്വാസകോശം, തൊണ്ട, വായ തുടങ്ങിയ ശരീരഭാഗങ്ങളിലുണ്ടാകുന്ന കാൻസറുകൾക്ക് ലഹരി ഉപയോഗം വഴി വെക്കുന്നു. ത്വക് രോഗങ്ങൾ, വിശപ്പില്ലായ്മ, ശരീരഭാരം കുറയുന്ന അവസ്ഥ, രുചിക്കുറവ്

തുടങ്ങി ലഹരി ഉപയോഗം ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ ഏറെയാണ്.

മസ്തിഷ്കത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്നതുകൊണ്ടുതന്നെ ലഹരി ഉപയോഗിക്കുന്ന വ്യക്തിയെ അത് മാനസികമായും തളർത്തുന്നു. മാനസികഭാരം കുറയ്ക്കാനെന്ന തൊടുന്യായം പറഞ്ഞ് ലഹരി ഉപയോഗിക്കുന്നവർ നമുക്കിടയിൽ ധാരാളമുണ്ട്. എന്നാൽ ഇതു വെറും മിഥ്യാധാരണയാണ്. മസ്തിഷ്കത്തെ മന്ദീഭവിപ്പിക്കുകയോ ഉത്തേജിപ്പിക്കുകയോ ചെയ്യുന്നതിലൂടെ മാനസികഭാരങ്ങൾക്ക് ലഹരി താത്കാലികമായ ആശ്വാസം പകർന്നേക്കാം. പക്ഷേ ഇതു ശാശ്വതമല്ല. ലഹരിയുടെ ഉപയോഗം മൂലം ശരീരത്തിലെ സ്ട്രെസ് ഹോർമോണായ കോർട്ടിസോളിന്റെ ഉത്പാദനം കൂടുകയും, ഇതുമൂലം ഉത്കണ്ഠ, ഭയം, മാനസികാസ്വാസ്ഥ്യം, ഉറക്കമില്ലായ്മ, വിഷാദം തുടങ്ങിയവ ഉടലെടുക്കുകയും ചെയ്യുന്നു. ഇതിൽനിന്നു മുക്തനാകാൻ അയാൾ വീണ്ടുംവീണ്ടും ലഹരി ഉപയോഗിക്കുകയും, ക്രമേണ ഒരു മാനസികരോഗിയായി മാറുകയും ചെയ്യുന്നു.

അൽഷിമേഴ്സ്, പാർക്കിൻസൺസ് തുടങ്ങിയ രോഗങ്ങൾ പൊതുവേ പ്രായമായവരിലാണ് കണ്ടുവരുന്നതെങ്കിലും, ലഹരി ഉപയോഗിക്കുന്നവരെ ഇതു ചെറുപ്പത്തിൽതന്നെ പിടികൂടിയേക്കാം. ലഹരി ഉപയോഗം മൂലം മസ്തിഷ്കത്തിൽ ന്യൂറോടോക്സിനുകളുടെ അളവ് കൂടുകയും, തലച്ചോറിലെ നാഡീകോശങ്ങൾ നശിക്കുന്നതിന് ഇതു കാരണമാകുകയും ചെയ്യുന്നു. നാഡീകോശങ്ങളുടെ അകാലത്തിലുള്ള ഈ നാശം മൂലം, ചെറുപ്പക്കാരനാണെങ്കിലും അൽഷിമേഴ്സും പാർക്കിൻസൺസും പോലെയുള്ള രോഗങ്ങൾ അയാളെ ബാധിക്കാനുള്ള സാധ്യത ഏറെയാണ്.

ലഹരി ഉപയോഗിക്കുമ്പോൾ സന്തോഷവും ഊർജവും പ്രദാനം ചെയ്യുന്ന ഡോപമിൻ എന്ന ഹോർമോണിന്റെ അളവ് ശരീരത്തിൽ വർധിക്കുകയും, ഉപയോഗിക്കുന്നയാൾക്ക് ഇതിനോട് ആഭിമുഖ്യം കൂടുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ ഇത് വീണ്ടുംവീണ്ടും ഉപയോഗിക്കാൻ അയാൾ ശ്രമിക്കും. മെല്ലെമെല്ലെ അയാൾ അതിന്റെ അടിമയായി മാറുന്നു. ലഹരി നല്കുന്ന ആനന്ദം മരണം പതിയിരിക്കുന്ന മരുപ്പച്ച പോലെയാണെന്ന് തിരിച്ചറിയുമ്പോഴേക്കും കരകയറാനാവാത്തവിധം അയാൾ ആ കെണിയിൽ അകപ്പെട്ടു കഴിഞ്ഞിരിക്കും. ഒരിക്കൽ ഉപയോഗിച്ചു തുടങ്ങിയാൽ ലഹരിയുടെ പിടിയിൽനിന്ന് രക്ഷപ്പെടുക ദുഷ്കരമാണ്.

ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് അതിന്റെ യുവതയാണ്. ഗുണപരമായ ചിന്താശേഷിയും ക്രിയാശേഷിയും കൊണ്ട് സമ്പന്നമായ യുവസമൂഹത്തെ ഛിന്നഭിന്നമാക്കിക്കളയുന്നു എന്നതാണ് ലഹരി ഒരു രാഷ്ട്രത്തിനുമേലുണ്ടാക്കുന്ന ഏറ്റവും തീവ്രമായ ആഘാതം. ദീർഘകാലപദ്ധതി



**വിവേകവും തിരിച്ചറിവുമില്ലാത്ത കൗമാരപ്രായത്തിൽ മയക്കുമരുന്നിന്റെ കെണികളിൽ കുട്ടികൾ വീണുപോകാനുള്ള സാധ്യതയേറെയാണ്.**

യിലൂടെ ഒരു രാജ്യത്തിനെതിരെ മറ്റൊരു രാജ്യം നടത്തുന്ന യുദ്ധങ്ങൾക്ക് ഉപയോഗിക്കുന്ന പ്രധാന ആയുധം മയക്കുമരുന്നുകളാണ്. അവയിലൂടെ ശത്രുരാജ്യത്തിന്റെ യുവതയെ നശിപ്പിക്കുകയും, ആ രാജ്യത്തിന്റെ സമഗ്രവളർച്ചയെ അട്ടിമറിക്കുകയുമാണ് രാഷ്ട്രങ്ങൾ തമ്മിലുള്ള ഇത്തരം നാർക്കോട്ടിക് യുദ്ധങ്ങളിലൂടെ ലക്ഷ്യംവെക്കുന്നത്. രാഷ്ട്രപുരോഗതിക്കു തുരങ്കംവെക്കുന്ന ഗോപ്യമായ യുദ്ധമുറയാണിത്. ലഹരി എത്രമേൽ വിനാശകാരിയാണെന്നതിന് മറ്റൊരു തെളിവ് വേണ്ടല്ലോ.

രാജ്യപുരോഗതിയെ തകർത്തു കളയുന്നുവെന്നതിനാലാണ് അറബ് രാജ്യങ്ങൾ ഉൾപ്പെടെയുള്ള പല രാജ്യങ്ങളും ലഹരിയുമായി



**ലഹരിയുടെ ഉപയോഗം മനുഷ്യശരീരത്തിൽ ഏറ്റവുമധികം ആഘാതമുണ്ടാക്കുന്ന അവയവം കരളാണ്.**

ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾക്ക് വധശിക്ഷ പോലും നല്കുന്നത്. മയക്കുമരുന്നുകൾ കൈവശം വെക്കുന്നതും കടത്തുന്നതും കൈമാറ്റം ചെയ്യുന്നതും ഇന്ത്യയിലും ഗുരുതരമായ കുറ്റമാണ്. താരതമ്യേന കടുത്ത ശിക്ഷതന്നെ ഇത്തരം കുറ്റകൃത്യങ്ങൾക്ക് നമ്മുടെ രാജ്യത്തെ നിയമങ്ങൾ നല്കി വരുന്നുണ്ട്. മയക്കുമരുന്നു കേസുകൾക്ക് തടയിടാൻ നമ്മടെ രാജ്യത്ത് നിലവിലുള്ള നിയമങ്ങളിൽ പ്രധാനപ്പെട്ടത് Narcotic Drugs and Psychotropic Substances Act 1985 (NDPS Act) ആണ്.

എങ്കിലും നിയമത്തിന്റെ പഴുതുകൾ കണ്ടെത്തി അതിലൂടെ മയക്കുമരുന്നിന്റെ വിപണനം അഭംഗുരം തുടരാൻ മയക്കുമരുന്ന് മാഫിയ സദാ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഇവിടെയാണ് സമൂഹത്തിന്റെ ജാഗ്രതയാർന്ന ഇടപെടൽ അനിവാര്യമാകുന്നത്. പൊലീസും എക്സൈസും പോലെയുള്ള ലോ എൻഫോഴ്സ്മെന്റ് ഏജൻസികൾക്ക് പരിധിയും പരിമിതിയുമുണ്ട്. അവരോടൊപ്പം ചേർന്നുനിന്ന് ഈ വിപത്തിനെ ചെറുക്കാൻ ഓരോ പൗരനും ബാധ്യതയുണ്ടെന്ന കാര്യം ഓർമിക്കണം.

വിദ്യാർഥിസമൂഹത്തെയാണ് മയക്കുമരുന്ന് മാഫിയ പ്രധാനമായും ലക്ഷ്യംവെക്കുന്നത്. സ്കൂളുകൾ, കോളജുകൾ, ഹോസ്റ്റലുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് അവയുടെ ദൂഷിതവലയം പ്രവർത്തിക്കുന്നു. വിവേകവും തിരിച്ചറിവുമില്ലാത്ത കൗമാരപ്രായത്തിൽ ഇവരുടെ കെണികളിൽ കുട്ടികൾ വീണുപോകാനുള്ള സാധ്യതയേറെയാണ്. ഇത്തരം കെണികളിൽനിന്ന് നമ്മുടെ കുട്ടികളെ രക്ഷിക്കുന്നതിൽ മറ്റാരേക്കാളും അധ്യാപകർക്കും രക്ഷകർത്താക്കൾക്കും വലിയ പങ്ക് വഹിക്കാൻ കഴിയും. നമ്മുടെ കുട്ടികളുമായി സൗഹൃദപരമായ നല്ല ബന്ധം ഉണ്ടാക്കുകയും, അവന് എന്തും തുറന്നു പറയാൻ കഴിയുന്ന ഒരാളായി അധ്യാപകരും മാതാപിതാക്കളും മാറുകയും ചെയ്യേണ്ടിയിരിക്കുന്നു.

കുട്ടികളെ ശ്രദ്ധിക്കുകയും അവരിലുണ്ടാകുന്ന മാറ്റങ്ങൾ മനസിലാക്കുകയും ചെയ്യുക എന്നത് വളരെ പ്രധാനമാണ്. കുട്ടിയുടെ പെരുമാറ്റത്തിൽ എന്തെങ്കിലും അസ്വാഭാവികതയുണ്ടോ, പഠനത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും ഉത്സാഹക്കുറവുണ്ടോ, അവന്റെ കൂട്ടുകെട്ടുകൾ ആരുമായൊക്കെയാണ് തുടങ്ങിയ കാര്യങ്ങൾ നിരന്തരം വിശകലനം ചെയ്യുകയും, സംശയകരമായി എന്തെങ്കിലും തോന്നിയാൽ അതു കണ്ടുപിടിച്ച് തിരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

കുട്ടിയുടെ മുറിയും പരിസരവും എപ്പോഴും മാതാപിതാക്കളുടെ നോട്ടത്തിൽ തന്നെയുണ്ടാവണം. കതകടച്ച് കുറ്റിയിട്ട് മുറിയിൽ ഒറ്റയ്ക്കിരിക്കാൻ കുട്ടി ശ്രമിക്കുന്നുണ്ടെങ്കിൽ സൂക്ഷിക്കണം. നിത്യവും സ്കൂൾ ബാഗുകൾ പരിശോധിക്കുകയും, സംശയകരമായതെന്തെങ്കിലും അതിലുണ്ടോയെന്ന് മനസിലാക്കുകയും വേണം. LSD (Lysergic acid Diethylamide) എന്ന മയക്കുമരുന്ന് സ്റ്റാമ്പുകളുടെ രൂപത്തിൽ നമ്മുടെ ചുറ്റുമുണ്ടെന്ന് അറിയുക. മാതാപിതാക്കളുടെയും അധ്യാപകരുടെയും കണ്ണുവെട്ടിച്ച് ഉപയോഗിക്കാൻ എളുപ്പമാണെന്നതുകൊണ്ടുതന്നെ ഇത്തരം സ്റ്റാമ്പുകളുടെ വിപണനം മയക്കുമരുന്ന് മാഫിയ തകൃതിയായി നടത്തുന്നുണ്ട്. ഇതിനു തടയിടാൻ അധ്യാപകരുടെയും മാതാപിതാക്കളുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടിയിരിക്കുന്നു.

സമൂഹമാധ്യമങ്ങളിലെ കുട്ടികളുടെ ഇടപെടലുകളും പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു മേഖലയാണ്. ഒരിക്കലും കണ്ടിട്ടില്ലാത്ത കൂട്ടുകാരുടെ സൗഹൃദവലയത്തിലേയ്ക്കും, അതിലൂടെ മയക്കുമരുന്നിന്റെ മായാലോകത്തേയ്ക്കും കുട്ടി എത്തിപ്പെടാനുള്ള സാധ്യതകൾ സമൂഹമാധ്യമങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ കുട്ടിയുടെ സമൂഹമാധ്യമ ഉപയോഗത്തിൽ നിയന്ത്രണം വെക്കേണ്ടത് അനിവാര്യമാണ്. ഇത്തരം കാര്യങ്ങൾ തികഞ്ഞ അവധാനതയോടെയും സൗഹൃദപരമായും കുട്ടിയെ വിശ്വാസത്തിലെടുത്തും വേണം

ഗുരുമൊഴി

ടി.എസ് ബിജു

# അനുഭവങ്ങൾ പാഠങ്ങൾ

എല്ലാവരും തന്നെ ഒറ്റപ്പെടുത്തുന്നു, പരിഹസിക്കുന്നു തുടങ്ങിയ പരാതികളുമായിട്ടാണ് ചെറുപ്പക്കാരൻ ഗുരുവിനെ കാണാനെത്തിയത്. അദ്ദേഹം അവന്റെ വാക്കുകൾ മുഴുവൻ സഹാനുഭൂതിയോടെ കേട്ടു. അതിനിടയിൽ അദ്ദേഹം മൂന്നു കാര്യങ്ങൾ ചെയ്യുന്നുണ്ടായിരുന്നു. ഒരു മുട്ടയും ഏതാനും ഉരുളക്കിഴങ്ങുകളും പുഴുങ്ങുന്നതിന് അടുപ്പിൽവെക്കുകയായിരുന്നു ആദ്യം. അതിനുശേഷം ഒരു ഗ്ലാസ് വെള്ളമെടുത്ത് അടുപ്പിൽ തിളപ്പിക്കാനും വെച്ചു. മുട്ടയുടെയും ഉരുളക്കിഴങ്ങിന്റെയും പാകം രൂപപ്പെട്ടതിനുശേഷവും ചെറുപ്പക്കാരന്റെ കദനകഥ അവസാനിച്ചിട്ടുണ്ടായിരുന്നില്ല. ഗുരു തിളച്ചവെള്ളത്തിൽ ചായപ്പൊടിയും മധുരവും ചേർത്ത് ചെറുപ്പക്കാരനു കുടിക്കാൻ നല്കി. അതിനു ശേഷം അദ്ദേഹം ചോദിച്ചു: ഞാൻ ഇവിടെ ചെയ്യുന്നതെല്ലാം താങ്കൾ ശ്രദ്ധിച്ചോ?

ഉവ്വ്.

എങ്കിൽ പറയൂ, ഞാനെന്താണ് ചെയ്തത്?

അങ്ങ് മുട്ടയും ഉരുളക്കിഴങ്ങും പുഴുങ്ങി. എനിക്കു ചായ തന്നു.

ശരി തന്നെ. ഗുരു, പുഴുങ്ങിയ മുട്ടയും ഉരുളക്കിഴങ്ങും ആ ചെറുപ്പക്കാരനു നേരെ നീട്ടി.

പുഴുങ്ങുന്നതിനു മുമ്പ് ഇതിന്റെ രൂപവും സ്വഭാവവും എന്തായിരുന്നുവെന്ന് അറിയാമോ?

ചെറുപ്പക്കാരൻ ഉത്തരത്തിന് ആലോചിച്ചപ്പോൾ ഗുരു പറഞ്ഞു: പുഴുങ്ങിയപ്പോൾ മുട്ട ദൃഢമായി, ഉരുളക്കിഴങ്ങ് മൃദുവായി. തിളച്ചുകഴിഞ്ഞ വെള്ളത്തിൽ പാകത്തിനു പൊടിയും മധുരവും ചേർത്തപ്പോൾ അത് ആസ്വാദ്യകരമായി. ഇതുതന്നെയാണ് ജീവിതത്തിലെ അനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നതും. ചില അനുഭവങ്ങൾ നമ്മെ കഠിനഹൃദയരാക്കും; മറ്റു ചിലത് സരളചിത്തരും. അനുഭവത്തിന്റെ സ്വഭാവം എന്തുതന്നെയുമാകട്ടെ, അതിൽ നാം ചേരുംവിധം വിഭവങ്ങൾ ചേർക്കുമ്പോൾ, നമുക്കുതന്നെയും മറ്റുള്ളവർക്കും അതു കൂടുതൽ ഹൃദ്യമായി മാറുന്നു. പറഞ്ഞതിനു ശേഷം ഗുരു ചായക്കപ്പെടുത്ത് ചായ മൊത്തിക്കുടിക്കാൻ തുടങ്ങി.

നമ്മിൽ പലരും അനുഭവങ്ങളെ പേടിക്കുന്നവരാണ്; കുറ്റപ്പെടുത്തുന്നവരാണ്. എന്നാൽ അനുഭവങ്ങളാണ് ഓരോ വ്യക്തിയുടെയും സമ്പത്ത്. അതാണ് നമ്മെ രൂപപ്പെടുത്തുന്നത്. ജീവിതത്തിൽ എപ്പോഴും നമുക്ക് ഒരേതരത്തിലുള്ള അനുഭവങ്ങൾ കിട്ടണമെന്നില്ല. വ്യത്യസ്ത അനുഭവങ്ങൾ വ്യത്യസ്ത പാഠങ്ങൾ സമ്മാനിക്കുന്നവയായതിനാൽ അനുഭവങ്ങളെ അതിന്റേതായ രീതിയിൽ സ്വീകരിക്കാൻ ശ്രമിക്കുക. അനുഭവങ്ങളിൽനിന്ന് ഓടിയൊളിക്കാൻ ശ്രമിച്ചാൽ നമുക്ക് ഓടാനേ സമയം കാണൂ. അനുഭവങ്ങളെ അതിന്റേതായ രീതിയിൽ ഉൾക്കൊണ്ട്, അതിൽനിന്ന് പുതിയ പാഠം പഠിക്കാനുണ്ടോ എന്നു നോക്കുക. അനുഭവങ്ങളിൽനിന്ന് ഓടിയൊളിക്കുമ്പോഴല്ല, അവയെ അഭിമുഖീകരിക്കുമ്പോഴാണ് നാം കൂടുതൽ ശക്തരാകുന്നത്.

---

ചെയ്യാൻ എന്ന കാര്യം മറക്കാതിരിക്കുക. അല്ലാത്തപക്ഷം അത് ഗുണത്തേക്കാളേറെ ദോഷമായിരിക്കും ഉണ്ടാക്കുക.

നമുക്കു ചുറ്റിലും എവിടെയും ലഹരിയുടെ സാന്നിധ്യമുള്ള ഒരു ദുരിതകാലത്തിലാണ് നാം ജീവിക്കുന്നത്. എവിടെയും പിടിമുറുക്കാനുള്ള അവസരങ്ങൾ കാത്ത് ലഹരി തക്കംപാർത്തിരിക്കുന്നു. അതുകൊണ്ടുതന്നെ സമൂഹത്തിന്റെ കൂട്ടായ യത്നത്തിലൂടെയും സംഘടിതമായ ചെറുത്തുനില്പിലൂടെയും ബോധവത്കരണത്തിലൂടെയും മാത്രമേ ഈ വിപത്തിന് തടയിടാനാവൂ. ○

ഫീച്ചർ

അനൂപ് അരവിന്ദ്




# ലഹരിയിൽ പുകയുന്ന യൗവനം

**രാജ്യത്ത് ലഹരി ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ 20 ശതമാനം വർധനവുണ്ടെന്ന് യുഎൻഒ റിപ്പോർട്ടു ചെയ്യുന്നു.**



കേരളം മയക്കുമരുന്നുമാഫിയകളുടെ പ്രധാന ഇടത്താവളമായി മാറിയിരിക്കുന്നുവെന്ന് നാം അറിയുന്നുണ്ടോ? നാഷനൽ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ 2024ലെ കണക്കുപ്രകാരം, ഇന്ത്യയിൽ ഏറ്റവുമധികം കുറ്റകൃത്യങ്ങൾ നടക്കുന്ന നഗരങ്ങളിൽ മൂന്നാംസ്ഥാനം കൊച്ചിക്കാണ്. അത്തരമൊരു ലിസ്റ്റിൽ ഇടംപിടിക്കാൻ ലഹരി ഉപയോഗമാണ് പ്രധാന കാരണം. ലഹരിയിൽ പുകയുന്ന കൗമാര-യൗവനങ്ങളെ രക്ഷിച്ചെടുക്കാൻ നമുക്കെന്തു ചെയ്യാൻ കഴിയും?

ഇന്ന് ഓരോ ദിവസവും ദൃശ്യശ്രവ്യ പത്രമാധ്യമങ്ങളിലൂടെ നമ്മെ തേടിയെത്തുന്ന വാർത്തകളിൽ ഏറിയപങ്കും ലഹരിയുമായി ബന്ധപ്പെട്ടവയാണ് എന്ന വസ്തുത നമ്മെ ഞെട്ടിക്കുന്നുണ്ട്. തീയുടെ സമീപത്ത് വന്നുപതിക്കുന്ന ഈയാംപാറ്റകളെപോലെ, ലഹരി ഉപയോഗത്തിൽ വെന്തുനശിക്കുന്നത് നമ്മുടെ യുവജനങ്ങളാണ് എന്നതാണ് ആശങ്കപ്പെടുത്തുന്ന മറ്റൊരു കാര്യം. ഒരു തലമുറയുടെ നാശത്തിന് ലഹരി ഉപയോഗം വഴിതെളിക്കുന്നു എന്ന കാര്യം ആർക്കും അവഗണിക്കാവുന്ന വിഷയമല്ല. സമൂഹത്തെ കാർന്നുതിന്നുന്ന കാൻസർ പോലെയല്ലേ യുവജനങ്ങൾക്കിടയിലെ ലഹരി ഉപയോഗം.

ഒരു നാടിന്റെ വളർച്ചയിലും വികസനത്തിലും ഏറ്റവും പ്രധാന പങ്കുവഹിക്കുന്നത് യുവജനങ്ങളാണ്. ഭാവിലോകത്തെ രൂപപ്പെടുത്തുന്നതും കനപ്പെട്ട സംഭാവനകൾ

## ആസക്തി വർധിപ്പിക്കുന്ന ഘടകങ്ങൾ

ലഹരി ആസക്തിയുടെ അപകടസാധ്യത വർധിപ്പിക്കുന്ന അഞ്ച് പ്രധാന ഘടകങ്ങൾ FACTS എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്നു. ഏതൊക്കെയാണ് ഈ FACTS?

- കുടുംബചരിത്രം (Family History)
- ആദ്യ ഉപയോഗത്തിന്റെ പ്രായം (Age of first use)
- ആഗ്രഹം (Craving)
- സഹിഷ്ണുത (Tolerance)
- ചുറ്റുപാട് (Surroundings)

നല്കുന്നതും അവരാണ്. അതുകൊണ്ടു തന്നെ ലഹരിക്ക് അടിപ്പെട്ടുപോകുന്ന യുവജനങ്ങൾ കുടുംബത്തിനും സമൂഹത്തിനും രാജ്യത്തിനും തീരാനഷ്ടമാണെന്നു സമ്മതിക്കണം. ഒരു സമൂഹത്തെയും രാജ്യത്തെയും നശിപ്പിക്കാൻ ഏറ്റവും എളുപ്പമാർഗം അവിടെയുള്ള യുവാക്കളെ ലഹരിക്ക് അടിമകളാക്കുക എന്നതാണ്. മയക്കുമരുന്ന് ഉല്പാദിപ്പിക്കുന്ന പല രാജ്യങ്ങളും വിവിധ മാർഗങ്ങളിലൂടെ അവ ഇന്ത്യയിലേക്ക് കയറ്റി അയയ്ക്കുന്നതിനെ കേവലം സാമ്പത്തികലാഭമെന്നു പരിമിതപ്പെടുത്തി അവഗണിക്കാൻ പാടില്ല. ഒരു രാജ്യത്തിന്റെ അഖണ്ഡതയും, സാമ്പത്തികസാംസ്കാരിക ബൗദ്ധിക പ്രബുദ്ധതയും നശിപ്പിക്കുക എന്ന അജണ്ടയുടെ ഭാഗമായിക്കൂടി അതിനെ കാണേണ്ടിയിരിക്കുന്നു.

ഒരു കാലത്ത് കഞ്ചാവും കറുപ്പും മാത്രമായിരുന്നു നമ്മുടെ നാട്ടിലെ ലഹരിപദാർഥങ്ങൾ. കാലം മാറിയപ്പോൾ എത്രയെത്ര പേരുകളിലാണ് നമ്മുടെ നാട്ടിൽ ലഹരി വ്യാപകമായിരിക്കുന്നത്. ഒരു യുവാവോ യുവതിയോ ലഹരിയുടെ ലോകത്തേയ്ക്ക് പലപ്പോഴും വഴിമാറി കയറുന്നത് അടുത്ത സുഹൃത്തുക്കൾ വഴിയായിരിക്കും. കയറിവന്ന വഴി എളുപ്പമുള്ളതാവാം; പക്ഷേ, തിരികെ പോകാനുള്ള വഴിയോ, അതീവ ദുഷ്കരമായിരിക്കും. ആൺസുഹൃത്തുമൊത്ത് ലഹരിക്കച്ചവടത്തിന് ഇറങ്ങിത്തിരിച്ച ഒരു പെൺകുട്ടി പിന്നീടു പൊലീസ് വലയിലായപ്പോൾ വലിയ വായിലേ നിലവിളിക്കുന്ന വീഡിയോ കുറെ നാളുകൾക്കുമുമ്പ് വൈറലായിരുന്നു. അവളെ കാരിയർ ആക്കി മാറ്റിയത് ഒരുപക്ഷേ, അവളുടെ നിസഹായതയാവാം.

അനേകം ചെറുപ്പക്കാർക്ക് ഈ പെൺകുട്ടി ഒരു പാഠമാണ്. സൗഹൃദം സ്ഥാപിച്ചും ഭീഷണിപ്പെടുത്തിയും പ്രലോഭിപ്പിച്ചും ലഹരിവസ്തുക്കളുടെ ഉപഭോക്താക്കളും പിന്നീട് കാരിയർമാരുമാക്കി മാറ്റപ്പെടുന്ന ചെറുപ്പക്കാർക്കെല്ലാമുള്ള പാഠം. ലഹരിയുടെ ലോകത്തേയ്ക്കുള്ള കടന്നുവരവ് എളുപ്പമാണെങ്കിലും ഇറങ്ങിപ്പോക്ക് ദുഷ്കരമാണെന്നു പറഞ്ഞതിന്റെ അർഥമതാണ്. വൻകിടനഗരങ്ങളിലേക്കു സ്ഥിരം യാത്ര ചെയ്യുന്ന പെൺകുട്ടികളെ മയക്കുമരുന്നിന്റെ കാരിയർമാരാക്കി മാറ്റുന്നുവെന്ന് ഇന്റലിജൻസ് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. ഇതു പലപ്പോഴും പ്രണയത്തിന്റെ കെണിയിൽ അകപ്പെടുത്തിയാണ് സാധ്യമാക്കുന്നത് എന്ന കാര്യം പ്രണയത്തെപോലും വിലയില്ലാത്തതാക്കി മാറ്റുന്നു.

**ആൺസുഹൃത്തുമൊത്ത് ലഹരിക്കച്ചവടത്തിന് ഇറങ്ങിത്തിരിച്ച ഒരു പെൺകുട്ടി പിന്നീടു പൊലീസ് വലയിലായപ്പോൾ വലിയ വായിലേ നിലവിളിക്കുന്ന വീഡിയോ കുറെ നാളുകൾക്കുമുമ്പ് വൈറലായിരുന്നു.**



## ബിഹേവിയർ തെറപ്പി

കൗമാരക്കാരിലെ മാനസികസമ്മർദം കുറയ്ക്കാനും, ലഹരിവസ്തുക്കളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്ന പ്രേരകങ്ങളെ നേരിടാനും ബിഹേവിയറൽ തെറപ്പികൾ സഹായിക്കും. നെഗറ്റീവ് ചിന്തകൾ കുറയ്ക്കുക, ആത്മവിശ്വാസം വർധിപ്പിക്കുക എന്നിവയാണ് ഇവയുടെ ലക്ഷ്യം. ഒരു വ്യക്തിയുടെ സമഗ്രമായ മാനസികാരോഗ്യം മെച്ചപ്പെടുത്താനും, നിഷേധാത്മക പെരുമാറ്റങ്ങളും പ്രവർത്തനങ്ങളും ഒഴിവാക്കാനും, കൂടുതൽ ക്രിയാത്മകവും ആരോഗ്യകരവുമായ കർമങ്ങളിൽ ഏർപ്പെടാനും ബിഹേവിയറൽ തെറപ്പികൾക്കും മരുന്നുചികിത്സയ്ക്കും കഴിയും.

**പൂർവ്വാധികം താത്പര്യത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭരണകൂടം ഇറങ്ങിത്തിരിച്ചെങ്കിൽ മാത്രമേ ലഹരിയുടെ കയങ്ങളിൽ നിന്ന് നമ്മുടെ മക്കളെ രക്ഷിച്ചെടുക്കാൻ സാധിക്കൂ.**

ഇന്റർനെറ്റ് പോലെ ആരെയും അകപ്പെടുത്തുന്ന ഒരു വലയാണ് ലഹരിയുടേത്. അതിന്റെ വലക്കണ്ണികൾ അറുത്തുമാറ്റി രക്ഷപ്പെടുക അത്ര എളുപ്പമല്ല. ആദ്യം ലഹരി കിട്ടുന്നത് സൗജന്യമായിട്ടായിരിക്കും. പക്ഷേ അഡിക്ടായി കഴിയുമ്പോൾ പണം കൊടുത്തുമാത്രം വാങ്ങേണ്ട അവസ്ഥയിലേക്കു കാര്യങ്ങൾ വളരും. അതിന് വീട്ടുകാരോടു ചിലപ്പോൾ കള്ളം പറയേണ്ടിവരും. കിട്ടാതെ വരുമ്പോൾ മോഷ്ടിക്കും. ഏറ്റവുമൊടുവിൽ ലഹരിവസ്തുക്കളുടെ വില്പനക്കാരുമാകും... ബ്ലാക്ക്മെയിലുകൾക്കും ഭീഷണികൾക്കും



വഴങ്ങി ലഹരിക്കടത്തിൽ പങ്കാളികളാകുന്ന എത്രയോ ചെറുപ്പക്കാരുണ്ട്!

മദ്യത്തിനും സിഗരറ്റിനും നല്കാൻ കഴിയാത്ത ലഹരിക്കുവേണ്ടിയുള്ള അന്വേഷണമാണ് ചിലരെയെങ്കിലും മയക്കുമരുന്നുകളുടെ ഉപഭോഗത്തിലെത്തിക്കുന്നത്. ഒരു പരിധി കഴിയുമ്പോൾ ലഹരി മതിയാവാതെ വരുന്ന അവസ്ഥയിലെത്തിച്ചേരുന്നു. ലഹരി ഉപയോഗിച്ചുതുടങ്ങിയ പലരുടെയും ജീവിതം അവസാനിക്കുന്നത് നരകതുല്യമായിട്ടാണ്.

മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ എണ്ണം ഓരോ ദിവസവും വർധിച്ചുകൊണ്ടിരിക്കുന്നു. 35 ദശലക്ഷം വരുന്ന ജനസംഖ്യയിൽ ഒരു ദശലക്ഷം ആളുകൾ മയക്കുമരുന്നിന് അടിമകളാണെന്നാണ് കുറെനാൾ മുമ്പുവന്ന ഒരു പഠനം വെളിപ്പെടുത്തുന്നത്. ലഹരിവസ്തുക്കളുടെ ഉപയോഗത്തിന്റെ വ്യാപ്തിയും പാറ്റേണും സംബന്ധിച്ച് ഇന്ത്യയിൽ ആദ്യത്തെ സർവേ 2018ൽ നടന്നു. മദ്യവും കഞ്ചാവുമായിരുന്നു അന്ന് ഇന്ത്യക്കാർ ഉപയോഗിച്ചിരുന്ന ഏറ്റവും സാധാരണമായ സൈക്കോ ആക്ടീവ് പദാർഥങ്ങൾ. പക്ഷേ ഇന്നു സ്ഥിതി ആകെ മാറിയിരിക്കുന്നുവെന്ന് വർത്തമാനകാല സംഭവങ്ങൾ വ്യക്തമാക്കുന്നു. രാജ്യത്ത് ലഹരി ഉപയോഗിക്കുന്നവരുടെ എണ്ണത്തിൽ 20 ശതമാനം വർധനവുണ്ട് എന്നാണ് യുണൈറ്റഡ് നേഷൻഷ് ഓഫീസ് ഓൺ ഡ്രഗ് ആന്റ് ക്രൈം റിപ്പോർട്ടു ചെയ്തിരിക്കുന്നത്.

ലഹരി ഉപയോഗത്തിൽ കൂടുതലും വന്നുവീഴുന്നത് കുട്ടികളും യുവാക്കളുമാണ്. വിഷാദം, മാനസികസമ്മർദങ്ങൾ, ദുഃഖം, നൈരാശ്യം, കുടുംബപ്രശ്നങ്ങൾ ഇങ്ങനെ പല കാരണങ്ങൾ ഇതിനു നിരത്താറുണ്ട്. കാരണങ്ങൾ എന്തായാലും,

അവയൊന്നും ലഹരി ഉപയോഗത്തിനുള്ള ന്യായീകരണമോ ജീവിതപ്രശ്നങ്ങൾക്കുള്ള പരിഹാരമോ അല്ല. സ്വന്തം ജീവിതം കൊണ്ടാണ് ഇവിടെ ചൂതുകളിക്കുന്നതെന്ന ബോധ്യം യുവജനങ്ങൾക്കുണ്ടാകണം. യുവജനങ്ങളെ ബോധവത്കരിക്കയും, കുടുംബബന്ധങ്ങൾ മെച്ചപ്പെടുത്തുകയും, പൂർവാധികം താത്പര്യത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഭരണകൂടം ഇറങ്ങിത്തിരിക്കയും ചെയ്തെങ്കിൽ മാത്രമേ ലഹരിയുടെ കയങ്ങളിൽനിന്ന് നമ്മുടെ സമൂഹത്തെ രക്ഷിച്ചെടുക്കാൻ സാധിക്കൂ. ○

ദീപാ ജോൺ

# യുവജനങ്ങളിലെ ലഹരി ഉപയോഗം

**ലഹരി യുവജനങ്ങളെ കീഴടക്കുന്നത് എന്തുകൊണ്ട് എന്ന ചോദ്യത്തിനുള്ള ഉത്തരങ്ങൾ ഇതാ.**



യുവജനങ്ങളുടെ ലഹരി ഉപയോഗവും അതുവഴിയുള്ള കുറ്റകൃത്യങ്ങളും സമൂഹത്തിൽ സൃഷ്ടിക്കുന്ന ഭൂകമ്പങ്ങൾ ചെറുതല്ല. ലഹരി യുവജനങ്ങളെ കീഴടക്കുന്നത് എന്തുകൊണ്ട് എന്ന ചോദ്യത്തിന് ഉത്തരങ്ങൾ പലതാണ്.

### കുടുംബങ്ങളിൽ വന്ന മാറ്റം

ഇന്നു കൂട്ടുകുടുംബവ്യവസ്ഥയ്ക്ക് പാടേ നാശം സംഭവിച്ചിട്ടുണ്ട്. കൂട്ടുകുടുംബത്തിൽനിന്ന് അണുകുടുംബത്തിലേക്കുള്ള പരിണാമഘട്ടത്തിൽ, ചൊല്ലിക്കൊടുക്കാനും നേർവഴി നയിക്കാനും നിയന്ത്രിക്കാനും മുതിർന്നവർ ആരുമില്ലാത്ത

റീൽ ലൈഫും റിയൽ ലൈഫും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാനുള്ള കഴിവു നഷ്ടപ്പെട്ടവരാണ് ഇന്നത്തെ പല കുട്ടികളും.



അവസ്ഥയാണെങ്ങും. മാതാപിതാക്കൾക്ക് പലപ്പോഴും മക്കളെ നിയന്ത്രിക്കാനോ, അവരുടെ സാമൂഹികചുറ്റുപാടുകൾ മനസിലാക്കാനോ, കൂട്ടുകാർ ആരൊക്കെയാണെന്നു തിരിച്ചറിയാനോ കഴിയുന്നില്ല. മാതാപിതാക്കളുടെ ജോലി, വിദേശവാസം എന്നിവയും കാരണമാകാം. ജോലിയുടെ സമ്മർദങ്ങളും പ്രാരബ്ധങ്ങളും അലട്ടുമ്പോൾ, മക്കളുടെ കാര്യം ശ്രദ്ധിക്കാതെ പോകുന്നതും, അവരെ വേണ്ടത്ര പരിഗണിക്കാത്തതും പ്രതിസന്ധിയുണ്ടാക്കാം.

**ആധുനിക സാങ്കേതികവിദ്യകളുടെ വളർച്ച**

കൈവിരൽ ഞൊടിച്ചാൽ മനുഷ്യന് എല്ലാം എളുപ്പത്തിലും വേഗത്തിലും കിട്ടുന്ന കാലമാണിത്. അതിനാൽ ആർക്കും ആരെയും ഒന്നിനും ആശ്രയിക്കേണ്ടിവരുന്നില്ല. അതുകൊണ്ടാവാം, പുറംലോകവുമായി നമുക്കുള്ള ബന്ധം നന്നേ പരിമിതമായി കഴിഞ്ഞു. വസ്ത്രം മുതൽ ഭക്ഷണം വരെ എല്ലാം വീട്ടുമുറ്റത്തു കിട്ടും. പുറത്തുള്ള ലോകത്തിന് പലപ്പോഴും വാതിലുകളേയില്ല. മുമ്പൊക്കെ വൈകുന്നേരങ്ങളിൽ, കവലകളിലും കലുങ്കുകളിലും വായനശാലകളിലും സംഗമിക്കുക ചെറുപ്പക്കാർക്കു പ്രിയംകരമായിരുന്നു. അവരുടെമേൽ എപ്പോഴും മുതിർന്നവരുടെ നോട്ടമെത്തിയിരുന്നു. ഉപദേശിക്കാനും തിരുത്താനും തെറ്റു കണ്ടുപി

## അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം

ഐക്യരാഷ്ട്രസഭയുടെ നേതൃത്വത്തിൽ എല്ലാ വർഷവും ജൂൺ 26നാണ് അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം ആചരിക്കുന്നത്. 1989 മുതലാണ് ദിനാചരണത്തിനു തുടക്കം. മയക്കുമരുന്ന് ഉപയോഗം, അനധികൃത മരുന്നുവ്യാപാരം എന്നിവയ്ക്കെതിരെ അവബോധമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് അന്താരാഷ്ട്ര ലഹരിവിരുദ്ധദിനം ആചരിക്കുന്നത്. 2022ലെ വേൾഡ് ഡ്രഗ് റിപ്പോർട്ടുപ്രകാരം, ലോകത്താകമാനം ലഹരിയുടെ ഉപയോഗവും കടത്തും ക്രമാതീതമായി വർധിച്ചു കഴിഞ്ഞു. പതിനഞ്ചിനും അറുപത്തിനാലിനും ഇടയിൽ പ്രായമുള്ള 284 ദശലക്ഷം പേർ മയക്കുമരുന്ന് ഉപയോഗിക്കുന്നുണ്ട്. കഴിഞ്ഞ 10 വർഷത്തെ അപേക്ഷിച്ച് ലഹരി ഉപയോഗം 26 ശതമാനം വർധിച്ചതായും കണക്കുകൾ പറയുന്നു. 112 ലക്ഷം ആളുകൾ ശരീരത്തിലേക്കു മയക്കുമരുന്ന് കുത്തിവെക്കുന്നുണ്ട്. അതിൽ പാതിപ്പേർ ഹെപ്പറ്റൈറ്റിസ് രോഗത്തിനും, കുറെയധികം പേർ എയ്ഡ്സ് രോഗത്തിനും ഇരകളായി. 25നും 35നും ഇടയിൽ പ്രായമുള്ളവർ നേരിടുന്ന മാനസിക പ്രശ്നങ്ങളുടെ കാരണം മയക്കുമരുന്നുപയോഗമാണ്. മയക്കുമരുന്നു വിപണനം, കൈവശം വെക്കൽ, ഉപയോഗം ഇവയെല്ലാം കടുത്തശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യങ്ങളാണ്. നിയമപരമായി അവയെ നേരിടുന്നതിന് പലപ്പോഴും തടസമായി നില്ക്കുന്നത്, അവയ്ക്കു പിന്നിലുള്ള ശക്തമായ മാഫിയകളാണ്.

## സിനിമകളുടെ സ്വാധീനം

റീൽ ലൈഫും റിയൽ ലൈഫും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ കഴിവു നഷ്ടപ്പെട്ടവരായി മാറിയിരിക്കുകയാണ് ഇന്നത്തെ പല കുട്ടികളും. ലഹരി ഉപയോഗത്തെ കൂടുതൽ ആകർഷണീയമായിട്ടാണ് സിനിമകളിൽ പലപ്പോഴും അവതരിപ്പിക്കുന്നത്. ഇതൊക്കെ യുവതലമുറയിൽ ദുഃസ്വാധീനം ചെലുത്തും. അവർ ഇഷ്ടപ്പെടുന്ന പല സെലിബ്രിറ്റികളും, ജീവിതത്തിലും തിരശീലയിലും ലഹരി ഉപയോഗിക്കുന്നവരാണെന്ന് അവർക്കറിയാം. അടിക്കണമെന്നു തോന്നിയാൽ അടിക്കുകതന്നെ എന്ന് ഒരു സിനിമയുടെ പ്രമോഷനുമായി ബന്ധപ്പെട്ട ചടങ്ങിൽ ആ സിനിമയിലെ നായികമാരിലൊരാൾ - അതും പുതുമുഖം - ലഹരി ഉപയോഗത്തെക്കുറിച്ചു പറഞ്ഞത് ചിലരെങ്കിലും ഓർമിക്കുന്നുണ്ടാവും. പൊതുസമൂഹത്തിനു മുമ്പിൽ, മാധ്യമപ്രവർത്തകരുടെ മുമ്പിൽ ബെല്ലും ബ്രേക്കുമില്ലാതെ ലഹരി ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുന്ന ഇത്തരം പരാമർശങ്ങൾ ഒരു അഭിനേതാവ് നടത്തുന്നത് എത്രയോ അപകടകരമാണ്. ലഹരിവിപണനവുമായി ബന്ധപ്പെട്ട കേസുകളിൽ പല സെലിബ്രിറ്റികളും പ്രതികളാക്കപ്പെടുന്ന സംഭവങ്ങളും വിരളമല്ലല്ലോ.

ടിച്ച് ചൂണ്ടിക്കാട്ടാനും കരുത്തുള്ള മുതിർന്ന തലമുറയുടെ അഭാവവും, അവരെ അവഗണിക്കുന്ന സമീപനവും ലഹരിയുടെ അടിമത്തത്തിനു വഴി തെളിക്കുന്നുണ്ടെന്ന് നിസംശയം പറയാം.

### പേരന്റിംഗിൽ സംഭവിച്ച അപചയം

മാതാപിതാക്കളെ പേടിച്ചാണ് മക്കൾ പണ്ടുകാലങ്ങളിൽ വളർന്നിരുന്നത്. ഇന്നാവട്ടെ, മക്കളെ പേടിച്ചാണ് മാതാപിതാക്കൾ ജീവിക്കുന്നത്. പിതാവിനെ തലയ്ക്കടിച്ചുകൊന്ന ഒരു മകനെക്കുറിച്ച് പത്രങ്ങളിൽ വായിച്ചത് ഓർമിക്കുന്നുണ്ടാവും. മകനോട് സംസാരിക്കാനോ അവനെ തിരുത്താനോ തങ്ങൾക്കു ഭയമായിരുന്നു എന്നാണ് അമ്മ പറഞ്ഞത്. അവന്റെ മുറിയിലേക്ക് ആർക്കും പ്രവേശനമില്ലായിരുന്നത്രേ. അവനെ ചോദ്യം ചെയ്യാൻ ആരെയും സമ്മതിക്കുകയുമില്ല. മക്കൾ ചോദ്യങ്ങൾക്ക് അതീതരായി വളരുന്നു. അവരുടെ തോന്ന്യാസങ്ങൾ ചോദ്യംചെയ്യാൻ മാതാപിതാക്കൾക്കു കഴിയാതെ വരുന്ന അവസ്ഥ. ഇതെല്ലാംകൊണ്ട് യുവജനങ്ങളുടെ ലഹരി ഉപയോഗം നേരത്തെ മനസിലാക്കാനോ അവരെ നേർവഴിക്കു തിരികെ കൊണ്ടുവരാനോ പലപ്പോഴും സാധിക്കാതെ വരുന്നു.

### അധ്യാപകരുടെ നിഷ്ക്രിയത്വം

വിദ്യാർഥികളുടെ ജീവിതത്തിൽനിന്ന് അധ്യാപകർ പടിയിറങ്ങിപ്പോയിട്ടു കാലം കുറെയായി. വിദ്യാർഥികളെ ശിക്ഷിക്കാനുള്ള അധികാരം അവർക്കു നഷ്ടമായിരിക്കുന്നു. തന്മൂലം വിദ്യാർഥികളെ ഗുണദോഷിക്കാനോ നേർവഴിക്കു നയിക്കാനോ അധ്യാപകർക്ക് കഴിയുന്നില്ല. വിദ്യാർഥികളെ പേടിച്ചാണ് പല അധ്യാപകരും ജീവിക്കുന്നത് എന്നതാണ് വിരോധാഭാസം. ഏതെങ്കിലും ഒരു വാക്കിന്റെയോ പ്രവൃത്തിയുടെയോ പേരിൽപോലും നാളെ തങ്ങൾ നിയമനടപടികളെ അഭിമുഖീകരിക്കേണ്ടിവരുമെന്ന പേടി അധ്യാപകസമൂഹത്തെ തെല്ലൊന്നുമല്ല നിസംഗരാക്കുന്നത്.

### സമ്പത്തിന്റെ ദുരുപയോഗം

മക്കൾക്കു കൈനിറയെ പണം കൊടുത്തുവിടുന്നവരാണ് ഭൂരിപക്ഷം മാതാപിതാക്കളും. സ്കൂൾ കഴിഞ്ഞ് ബസിൽ കയറുന്ന കുട്ടികളെ ശ്രദ്ധിച്ചിട്ടുണ്ടോ? ഏതൊക്കെതരത്തിലുള്ള പലഹാരങ്ങളാണ് അവരുടെ കൈകളിൽ! സാദാ സ്കൂളിൽ പഠിക്കുന്ന സാധാരണക്കാരുടെ കുട്ടികൾപോലും ദിവസവും പത്തും ഇരുപതും രൂപ ലെയ്സ്, സോഫ്റ്റ് ഡ്രിങ്ക്സ്, സിപ്പബ് തുടങ്ങിയവയ്ക്കുവേണ്ടി ചെലവഴിക്കുന്നുണ്ട്. ബസ്ചാർജിനല്ലാതെ എല്ലാ ദിവസവും എന്തിനാണ് ഇത്രയും രൂപ മക്കൾക്കു മാതാപിതാക്കൾ കൊടുത്തുവിടുന്നത്? മാതാപിതാക്കളുടെ അറിവോടെയല്ലെങ്കിൽ, അവർക്കെവിടെ നിന്നാണ് ഇത്രയും പണം? ഉറവിടങ്ങൾ അന്വേഷിക്കേണ്ടിയിരിക്കുന്നു. സാമ്പത്തിക അച്ചടക്കം ചെറുപ്രായത്തിൽതന്നെ ശീലി

ക്കാത്ത കുട്ടികൾ, മുതിർന്നതിനുശേഷം ലഹരിവസ്തുക്കളുടെ വിപണനവും ഉപയോഗവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കാൻ സാധ്യത കൂടുതലാണ്.

**അർഹിക്കുന്ന ശിക്ഷ കിട്ടാത്ത അവസ്ഥ**

ഓഫീസർ ഓൺ ഡ്യൂട്ടി എന്ന അടുത്ത കാലത്തിറങ്ങിയ വാണിജ്യവിജയം നേടിയ സിനിമ, ലഹരിക്കെതിരെയുള്ള പോരാട്ടമെന്ന വിശേഷണത്തോടെയാണ് അവതരിപ്പിക്കപ്പെട്ടത്. ആ സിനിമയിൽ പോലും, മറ്റുള്ളവരുടെ ജീവിതങ്ങൾ പന്താടിയ ലഹരിശൃംഖലയിലെ കണ്ണികൾ നിയമപരമായി ശിക്ഷിക്കപ്പെടുന്നില്ല. ഏതാനും നാളത്തെ ജയിൽവാസത്തിനു ശേഷം ജാമ്യംകിട്ടി അവർ പുറത്തുവരികയും, പഴയപോലെ ജീവിതം നയിക്കയും ചെയ്യുന്നു. നായകൻ സമർഥമായി അവരോടു പ്രതികാരം ചെയ്യുന്നുണ്ട് എന്നത് മറക്കുന്നില്ല. ലഹരിപദാർഥങ്ങളുടെ വില്പന, വിതരണം പോലെയുള്ള കാര്യങ്ങളിൽ ശിക്ഷാരീതികൾ വളരെ കുറവാണ്. കേസെടുത്താലും ശിക്ഷിക്കപ്പെടുകയില്ല എന്ന ധാരണ പലരെയും ഇതേ മേഖലയിൽ പ്രവർത്തിക്കാൻ പ്രലോഭിപ്പിക്കുന്നു. തങ്ങൾക്കുവേണ്ടി ലഹരിക്കടത്തിലെ രാജാക്കന്മാർ തന്നെ രംഗത്തുവരുമെന്ന് അവർ വിശ്വസിക്കുന്നുണ്ടുപോലും. ○

ഡിയോണ അനിൽ

SAY NO TO DRUGS

# അന്ന് കൊക്കെയ്ൻ ലഹരി ഇന്ന് ക്രിസ്തു ലഹരി

**അമേരിക്കൻ നടനും സംഗീതജ്ഞനുമായ ഡെന്നീസ് ക്വായിഡിന്റെ മാനസാന്തരകഥ.**





ഡെന്നീസ് ക്വായിഡിന്റെ (Dennis Quaid) ജീവിതത്തിന് രണ്ടു ഘട്ടങ്ങളുണ്ട്. ഒന്ന്, കൊക്കെയ്ൻ ലഹരിയിൽ ആണ്ടുമുങ്ങി ജീവിച്ച ആദ്യഘട്ടം. രണ്ട്, കൊക്കെയ്നോടു വിടപറഞ്ഞ് ക്രിസ്തുവിനെ ലഹരിയായി സ്വീകരിച്ച അടുത്ത ഘട്ടം. അമേരിക്കൻ നടനും സംഗീതജ്ഞനുമാണ് ഡെന്നീസ് ക്വായിഡ്.

'മദ്യം മോശമാണെന്നൊരു ധാരണ അന്നു നിലവിലുണ്ടായിരുന്നു. പക്ഷേ കൊക്കെയ്നെക്കുറിച്ച് അങ്ങനെയൊരു ധാരണ ഉണ്ടായിരുന്നില്ല. വളരെ നിരുപദ്രവകരമായേ

അതിനെ കണക്കാക്കിയിരുന്നുള്ളൂ. അതുകൊണ്ടുതന്നെ ഞാൻ അതിലേക്കു കൂപ്പുകുത്തി വീഴുകയായിരുന്നു.' കൊക്കെയ്ന് അടിമപ്പെട്ട ജീവിതത്തെക്കുറിച്ച്, ലഹരിമുക്തനായതിനു ശേഷം നല്കിയ അഭിമുഖത്തിൽ ഡെന്നീസ് പറഞ്ഞത് അങ്ങനെയാണ്.

'കൊക്കെയ്ന്റെ അടിമയായതോടെ ജീവിതം ആകെ താറുമാറായി. അതില്ലാതെ ഒരു കാര്യവും ചെയ്യാൻ കഴിയാത്ത ദുരവസ്ഥ. അതിൽനിന്നു മോചിതനായില്ലെങ്കിൽ അഞ്ചു വർഷം കൂടി മാത്രമേ ജീവിച്ചിരിക്കൂ എന്നു ഞാൻ തിരിച്ചറിഞ്ഞു.'

ഈ തിരിച്ചറിവാണ് ലഹരിയോടു വിട പറയാൻ ഡെന്നീസിനെ പ്രേരിപ്പിച്ചത്. 1980-90കളാണ് ഹോളിവുഡിലെ ഇദ്ദേഹത്തിന്റെ സുവർണകാലം. ലഹരിയിൽനിന്ന് മുക്തമായതിനുശേഷം ജീവിതത്തിൽ ശൂന്യത നിറയുന്നതുപോലെ തോന്നി. ആ ശൂന്യത പരിഹരിക്കപ്പെട്ടത് ക്രിസ്തുവിലേക്കു കട



## മുക്തരാകാം, വിമുക്തിയിലൂടെ

മദ്യം, മയക്കുമരുന്ന് അഡിക്ഷനിൽ കഴിയുന്നവരെ പൂർണമായും രക്ഷിച്ചെടുക്കാൻ സർക്കാർ രൂപം നല്കിയിരിക്കുന്ന ബോധവത്കരണമിഷനാണ് വിമുക്തി.

സാമൂഹികവിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം ഇല്ലാതാക്കുക, നിയമവിരുദ്ധ ലഹരിവസ്തുക്കളുടെ സമാഹരണം, കൈമാറൽ എന്നിവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുക... ഇവയാണ് വിമുക്തിമിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

സ്കൂൾ, കോളജ് തലങ്ങളിൽ സ്ഥാപിക്കുന്ന ലഹരിവിരുദ്ധ ക്ലബുകൾ, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജന സമിതികൾ, സന്നദ്ധസംഘടനകൾ, വിദ്യാർഥി-യുവജന-മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടെ വിദ്യാർഥി-യുവജനങ്ങളെ ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്താൻ ഉന്നമിടുന്നു. വ്യാപക ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ വിമുക്തിയുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്. വിമുക്തി ഡി അഡിക്ഷൻ സെന്ററുകളുടെ വിലാസവും ഫോൺ നമ്പറും ചുവടെ കൊടുക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം ജനറൽ ആശുപത്രി, നെയ്യാറ്റിൻകര | - 0471 2222235, 94000 69409 |
| കൊല്ലം രാമറാവു മെമ്മോറിയൽ ആശുപത്രി, നെടുങ്ങോലം | - 0474 2512324, 94000 69441 |
| പത്തനംതിട്ട താലൂക്ക് ആശുപത്രി, റാന്നി | - 04735 229589, 94000 69468 |
| ആലപ്പുഴ ജില്ലാ ആശുപത്രി, ചെങ്ങന്നൂർ | - 0479 2452267, 94000 69488 |
| കോട്ടയം ടൗൺ ഗവണ്മെന്റ് ആശുപത്രി, പാലാ | - 0482 2215154, 94000 69511 |
| ഇടുക്കി ജില്ലാ ആശുപത്രി, ചെറുതോണി | - 0486 2232474, 94000 69532 |
| എറണാകുളം താലൂക്ക് ആശുപത്രി, മൂവാറ്റുപുഴ | - 0485 2832360, 94000 69564 |
| തൃശൂർ താലൂക്ക് ആശുപത്രി, ചാലക്കുടി | - 0480 2701823, 94000 69589 |
| പാലക്കാട് ട്രൈബൽ സ്പെഷാലിറ്റി ആശുപത്രി, കോട്ടത്തറ | - 04924 254392, 94000 69588 |
| മലപ്പുറം ഗവണ്മെന്റ് ആശുപത്രി, നിലമ്പൂർ | - 04931 220351, 94000 69646 |
| കോഴിക്കോട് ഗവണ്മെന്റ് ബീച്ച് ആശുപത്രി, കോഴിക്കോട് | - 0495 2365367, 94000 69675 |
| വയനാട് ജനറൽ ആശുപത്രി, കൈനാട്ടി, കല്പറ്റ | - 04936 206768, 94000 69663 |
| കണ്ണൂർ താലൂക്ക് ആശുപത്രി, പയ്യന്നൂർ | - 04985 205716, 94000 69695 |
| കാസർകോട് താലൂക്ക് ആശുപത്രി, നീലേശ്വരം | - 0467 2282933, 94000 69723 |

(കടപ്പാട് ഇന്റർനെറ്റ് ഉറവിടങ്ങൾ)

## നിയമങ്ങൾ കർശനമാക്കുക

ലഹരി ഉപയോഗവും കച്ചവടവും വ്യാപിക്കുമ്പോൾ, ലഹരിയുടെ പേരിലുള്ള അക്രമങ്ങൾ പെരുകുമ്പോൾ അതിന് അന്ത്യം കുറിക്കാൻ എന്താണ് മാർഗം? ഇക്കാര്യം ആലോചിക്കാത്തവരുണ്ടാകില്ല. കേന്ദ്ര, സംസ്ഥാന ഭരണകൂടങ്ങൾ ഉണർന്നു പ്രവർത്തിച്ചാൽ മാത്രമേ ലഹരിവ്യാപനം ഫലപ്രദമായി തടയാനാകൂ. ഭരണകൂടങ്ങൾ പുലർത്തുന്ന നിഷ്ക്രിയത്വം ഇക്കാര്യത്തിൽ അവസാനിപ്പിക്കണം; കർശനമായി ഇതിനെതിരെ രംഗത്തിറങ്ങാൻ ഉദ്യോഗസ്ഥർക്കു നിർദേശം നല്കണം.
അന്യസംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളും, ലഹരി ഉപയോഗം പതിവായി നടക്കുന്ന കേന്ദ്രങ്ങളും, ലഹരി ഉപയോഗിച്ചുള്ള കുറ്റകൃത്യങ്ങളിൽ സ്ഥിരം ഏർപ്പെടുന്നവരെയും നിരീക്ഷണവിധേയമാക്കണം. NDPS (Narcotic-Drugs and Psychotropic Substances Act 1985) നിയമത്തിൽ കാലികമായ പരിഷ്കരണങ്ങൾ വരുത്തണം. മയക്കുമരുന്നു കേസുകളിൽ പിടിക്കപ്പെടുന്ന വ്യക്തികളുടെ വാഹന ലൈസൻസ് റദാക്കണം. പതിവായി കേസുകളിൽ പിടിക്കപ്പെടുന്നവർ മയക്കുമരുന്ന് ഉപയോഗിക്കുന്നവരെങ്കിൽ, ലഹരിവിമുക്തി ലക്ഷ്യംവെച്ചുള്ള തടവ് ശിക്ഷ നടപ്പാക്കാൻ NDPS നിയമത്തിൽ വ്യവസ്ഥ കൊണ്ടുവരണം. ലഹരിക്ക് അടിമപ്പെട്ടവർ തുടർച്ചയായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതും, സമൂഹത്തിന്റെ സുരക്ഷിതബോധത്തിൽ വെല്ലുവിളിയുയർത്തുന്നതും അതീവ ഗൗരവമായി പരിഗണിക്കണം. സമൂഹത്തിന്റെ സമാധാനവും സന്തോഷവും നഷ്ടപ്പെടുത്തുന്ന ലഹരിക്കെതിരെ ഭരണകൂടവും ഉദ്യോഗസ്ഥരും ജനങ്ങളും ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചു കഴിഞ്ഞു.



ന്നുവന്നതോടെയാണ്. നാമമാത്ര ക്രിസ്ത്യാനിയായിരുന്നെങ്കിലും, ലഹരിയിൽനിന്നുള്ള മോചനത്തിനുശേഷം ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധത്തിലേക്ക് വളർന്നു. ലഹരി നമുക്കു സന്തോഷം തരും. പക്ഷേ അതു താത്കാലികം മാത്രം. ദൈവവുമായുള്ള ബന്ധമോ, നമുക്കു നിത്യവും ശാശ്വതവുമായ സന്തോഷം തരും; അഭിമുഖത്തിൽ അദേഹം പറഞ്ഞു.

1990കളോടെയാണ് അദേഹം ക്രിസ്തീയവിശ്വാസത്തിൽ ആഴപ്പെട്ടത്. ലഹരി ഉപേക്ഷിച്ചും ക്രിസ്തുവിനെ സ്വീകരിച്ചും കഴിഞ്ഞപ്പോൾ അദേഹം മനോഹരമായ ഒരു ഗാനം എഴുതി. ഓൺ മൈ വേ ടു ഹെവൻ എന്ന ഗീതം. അമ്മയ്ക്കാണ് അദേഹം അതു സമർപ്പിച്ചത്. ○



അനു എലിസബത്ത് ഈപ്പൻ




# കൗമാരത്തിലെ കരുതലും കാവലും

**ലഹരിക്ക് അടിമകളാകുന്നവരിൽ 70 ശതമാനവും 15 വയസാകുമ്പോൾതന്നെ അതുപയോഗിച്ചു തുടങ്ങുന്നവരാണ്.**

പ്ലസ്ടുവിന് പഠിക്കുന്ന മകന്റെ മുറിയിലേക്ക് മാതാപിതാക്കൾക്കു പ്രവേശനം ഇല്ലാതായത് അടുത്തിടെയാണ്. മകൻ മുറിക്കുള്ളിലായിരിക്കുമ്പോൾ അകത്തുനിന്ന് പൂട്ടിയിടും. പുറത്തേക്കു പോകുമ്പോൾ അവൻ പുറമേ നിന്നും പൂട്ടും. അകത്തുനിന്നും പുറത്തുനിന്നും പൂട്ടിയിടാൻ മാത്രം ഈ മുറിക്കുള്ളിൽ എന്താണ് നടക്കുന്നതെന്ന ചിന്ത മാതാപിതാക്കളെ അലട്ടി.

ഇത്തരം അനുഭവങ്ങൾ പല മാതാപിതാക്കളും ഈയിടെ പങ്കുവെക്കാറുണ്ട്. മുറിക്കുള്ളിൽ അടച്ചുപൂട്ടിയിരിക്കുന്ന മകൻ ഒരു സൂചനയാണ്. അതുപോലെ തന്നെയാണ് മുറിക്കുള്ളിലേയ്ക്ക് അവൻ മറ്റുള്ളവർക്കു പ്രവേശനം നിഷേധിക്കുന്നതും. ലഹരിവസ്തുക്കൾക്ക് അടിമപ്പെട്ടു തുടങ്ങിയിരിക്കുന്നു എന്നതിന്റെ പ്രകടമായ സൂചനകളിലൊന്നാവാം ഈ വ്യതിയാനം.

കൗമാരക്കാരുടെ പെരുമാറ്റത്തിലോ രൂപത്തിലോ പ്രതികരണങ്ങളിലോ ഉണ്ടാകുന്ന മാറ്റങ്ങൾ മാതാപിതാക്കൾ സൂക്ഷ്മമായി നിരീക്ഷിക്കണം. ലഹരിക്ക് അടിമകളായ കൗമാരക്കാരിൽ കാണപ്പെടുന്ന മറ്റു ലക്ഷണങ്ങൾ എന്തൊക്കെയാണെന്നു നോക്കാം.

**ശരീരഭാരം കുറയുക, ശുചിത്വമില്ലായ്മ, രൂപത്തിലുള്ള പ്രകടമായ മാറ്റം, കൈകാലുകളിൽ പ്രത്യേകം അടയാളങ്ങൾ, വായിൽ വ്രണങ്ങൾ, ആക്രമണോത്സുകമായ പെരുമാറ്റം എന്നിവയെല്ലാം ലഹരിമരുന്നിന് അടിമകളായവരുടെ സൂചനകളാണ്.**


**നേത്രസമ്പർക്കം ഒഴിവാക്കുന്നു:** കണ്ണിൽ നോക്കിയോ മുഖത്തുനോക്കിയോ സംസാരിക്കാൻ വിമുഖത കാണിക്കുക.

**പണത്തിന്റെ ആവശ്യം കൂടിവരുന്നു:** പലകാര്യങ്ങൾക്ക് പണം ചോദിക്കുക, പണംകിട്ടാതെ വരുമ്പോൾ ദേഷ്യപ്പെടുക, വീട്ടിൽനിന്ന് പണം മോഷണം പോവുക.

**ഒറ്റപ്പെടൽ:** സാമൂഹികജീവിതം കുറഞ്ഞുകുറഞ്ഞുവരികയും, വീട്ടിൽ ഏതുസമയവും ഒറ്റയ്ക്കിരിക്കാൻ ആഗ്രഹിക്കയും ചെയ്യുക. അസമയത്തുള്ള സഞ്ചാരങ്ങളും ശബ്ദംകുറച്ചുള്ള ഫോൺസംഭാഷണങ്ങളും ഗൗരവത്തിലെടുക്കണം.

**അധികസമയം ഉറക്കം:** നേരം വെളുത്തിട്ടും ഉണരാനുള്ള വൈമുഖ്യം.

**പഠനത്തിൽ താത്പര്യമില്ലായ്മ:** പഠിക്കാനുള്ള താത്പര്യം നഷ്ടപ്പെടുക, ക്ലാസുകളിൽ പോകാതിരിക്കുക.



ശരീരഭാരം കുറയുക, ശുചിത്വമില്ലായ്മ, രൂപത്തിലുള്ള പ്രകടമായ മാറ്റം, കൈകാലുകളിൽ പ്രത്യേകം അടയാളങ്ങൾ, വായിൽ വ്രണങ്ങൾ, ആക്രമണോത്സുകമായ പെരുമാറ്റം എന്നിവയെല്ലാം ലഹരിമരുന്നിന് അടിമകളായവരുടെ സൂചനകളാണ്. ഇത്തരം ലക്ഷണങ്ങൾ അവഗണിക്കുന്നത് ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാം.

ജീവശാസ്ത്രപരമായ സ്വാധീനങ്ങൾ കുട്ടികളെ ലഹരിക്ക് അടിമകളാക്കും എന്ന വസ്തുത തെളിയിക്കപ്പെട്ടിട്ടുള്ളതാണ്. മാതാപിതാക്കളോ സഹോദരങ്ങളോ ലഹരി ഉപയോഗിക്കുന്നവരാണെങ്കിൽ, സ്വാഭാവികമായും കുട്ടികൾക്ക് അതിനോട് ആസക്തി ഉണ്ടാകാൻ സാധ്യത വളരെ കൂടുതലാണത്രേ. നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്തിന്റെ പഠന റിപ്പോർട്ടുപ്രകാരം, 20 വയസുവരെ മസ്തിഷ്കം പൂർണമായി വികസിച്ചിട്ടില്ലാത്തതിനാൽ ഈ കാലയളവിൽ മദ്യവും മയക്കുമരുന്നും ഉപയോഗിച്ചാൽ അത് കൗമാരക്കാരുടെ തലച്ചോറിനെ ദോഷകരമായി ബാധിക്കും. കൗമാരക്കാരുടെ മാതാപിതാക്കൾ കൂടുതൽ ശ്രദ്ധിക്കണമെന്നു ചുരുക്കം. കുട്ടികളോടൊപ്പം കൂടുതൽ സമയം ചെലവിടുക, അവരോട് തുറന്നു സംസാരിക്കുക, ഓരോ ദിവസത്തെയും സംഭവങ്ങൾ ചോദിച്ചറിയുക, അവരുടെ കൂട്ടുകാരെ മനസിലാക്കുക, പെരുമാറ്റത്തിൽ അസ്വാഭാവികത കലരുന്നുണ്ടോയെന്നു ശ്രദ്ധിക്കുക... ഇതൊക്കെ മാതാപിതാക്കളുടെ ഉത്തരവാദിത്വങ്ങളാണ്. ലഹരിക്ക് അടിമകളാകുന്നവരിൽ 70 ശതമാനവും 15 വയസാകുമ്പോൾതന്നെ അതുപയോഗിച്ചു തുടങ്ങുന്നവരാണ്. രണ്ടു കണ്ണും രണ്ടു കാതും നമ്മുടെ മക്കളുടെമേൽ തിരിച്ചുവെക്കണം. അവരെ അകാരണമായി നിയന്ത്രിക്കാനോ കൈപ്പിടിയിൽ ഒതുക്കാനോ അല്ല, അവരെ നമുക്ക് എന്നന്നേയ്ക്കുമായി നഷ്ടപ്പെടാതിരിക്കാനാണ് ഈ കരുതൽ. ○

ആൽവിൻ സണ്ണി

# എംഡിഎംഎ എന്ന നാശകൻ

'പൊലീസിനെ കണ്ട് എംഡിഎംഎ പായ്ക്കറ്റ് വിഴുങ്ങിയ യുവാവ് മരിച്ചു.' കഴിഞ്ഞ മാസം പത്രങ്ങളിൽ വന്ന ഒരു വാർത്തയായിരുന്നു ഇത്. എന്താണ് എംഡിഎംഎ? ലഹരിവലയിൽ കുടുങ്ങിക്കഴിയുന്ന ചെറുപ്പക്കാർക്ക് ഏറ്റവും പ്രിയം സിന്തെറ്റിക് ലഹരിമരുന്നുകളോടാണ്. അതിൽ ഏറ്റവും മുമ്പന്തിയിലുള്ളതാണ് എംഡിഎംഎ. മോളി, എക്സ്, എക്സ്റ്റസി എന്നീ പേരുകളിലും ഇത് അറിയപ്പെടുന്നു.

Methylen Dioxy Methempheta Mineന്റെ ചുരുക്കെഴുത്താണ് എംഡിഎംഎ. 1912ൽ ഒരു ജർമൻകമ്പനിയാണ് ഇതാദ്യമായി ഉല്പാദിപ്പിച്ചത്. വിശപ്പ് ലഘൂകരിക്കുന്നതിനും അമിതവണ്ണം കുറയ്ക്കുന്നതിനുമായിരുന്നു കണ്ടുപിടിത്തം. വൈകാതെ ഇതിന്റെ ഉപയോഗത്തിൽ വ്യത്യാസം വന്നു. 1980കളോടെ എംഡിഎംഎ വ്യാപകമായി. 1990 മുതലാണ് യുവാക്കൾക്കിടയിൽ ഉപയോഗം വർധി



## ഗ്രാമങ്ങളിലും ലഹരിപ്പുക

മയക്കുമരുന്നുവേട്ടയെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും വായിക്കുകയും കാണുകയും ചെയ്യുമ്പോൾ നമ്മുടേത് പലപ്പോഴും അലസമായ വിലയിരുത്തലാണ്. ഓ, അതൊക്കെ മെട്രോനഗരങ്ങളിൽ സംഭവിക്കുന്ന കാര്യങ്ങളാണ്. അങ്ങനെ ആശ്വസിക്കാൻ വരട്ടെ. കേരളത്തിലെ ഗ്രാമങ്ങളിൽ മുമ്പൊരിക്കലും ഉണ്ടാകാത്തവിധത്തിൽ ലഹരി ഉപയോഗം ഉണ്ടെന്നും, ലഹരി പിടികൂടുന്നുവെന്നുമാണ് മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്യുന്നത്. ഈ റിപ്പോർട്ട് തയാറാക്കുമ്പോൾ സംസ്ഥാനത്ത് രണ്ടാഴ്ചയ്ക്കിടെ പിടികൂടിയത് 1.666 കിലോഗ്രാം എംഡിഎംഎയാണ്. ഇതിൽ 400 ഗ്രാം പിടികൂടിയതോ, ഗ്രാമങ്ങളിൽ നിന്നും. 180 കിലോ കഞ്ചാവ് പിടിച്ചെടുത്തപ്പോൾ, അതിൽ പകുതിയിലേറെയും നഗരത്തിനു വെളിയിൽ നിന്നാണ് ലഭിച്ചത്. തൃശൂർ ടൗണിൽ നിന്നുമാത്രം രണ്ടാഴ്ചയ്ക്കിടെ 28 കിലോഗ്രാം കഞ്ചാവാണ് പിടികൂടിയത്. കോഴിക്കോട് റൂറൽ പ്രദേശത്തുനിന്ന് മൂന്നുകിലോയോളം കഞ്ചാവ് പിടിച്ചെടുത്തു. മാർച്ച് ആദ്യ ആഴ്ചയിൽ തന്നെ 266 പേരെ ലഹരിയുമായി ബന്ധപ്പെട്ട കേസുകളിൽ അറസ്റ്റ് ചെയ്തെന്നാണ് പൊലീസ് റിപ്പോർട്ട്. തിരുവനന്തപുരത്ത് അറസ്റ്റിലായ 49 പേരിൽ 43 പേരും നഗരപരിധിക്കു പുറത്തുനിന്നുള്ളവരായിരുന്നു. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ ലാഭം എന്ന ആകർഷണമാണ് യുവാക്കളെ ലഹരിക്കച്ചവടത്തിലേക്ക് എത്തിക്കുന്നത്. ഇറക്കുമതിത്തീരുവ കുറച്ചതോടെ സ്വർണക്കടത്തിനേക്കാൾ ലഹരിക്കടത്ത് വ്യാപകമായി. വിദേശത്തുനിന്ന് കുറഞ്ഞചെലവിൽ എംഡിഎംഎ ലഭിക്കാനുള്ള സാധ്യത ഇതിനെ കൂടുതൽ പ്രോത്സാഹിപ്പിച്ചു. വിമാനത്താവളങ്ങൾ വഴി ഇന്നു ലഹരിക്കച്ചവടം പൊടിപൊടിക്കുന്നുണ്ട്. ഒരുകാലത്ത് ലഹരിക്കച്ചവടവുമായി ബന്ധപ്പെട്ട് ഗൾഫ് രാജ്യങ്ങളെ ആരും സംശയിച്ചിരുന്നില്ല. ലഹരിക്കെതിരെ കർക്കശനിയമങ്ങൾ ആ രാജ്യങ്ങളിൽ നിലവിലുണ്ട് എന്നതായിരുന്നു കാരണം. ഇപ്പോൾ ആ ധാരണകളൊക്കെ മാറ്റിയെഴുതേണ്ട അവസ്ഥയാണ്. ഒമാനിൽനിന്ന് കിലോക്കണക്കിന് രാസലഹരി വസ്തുക്കൾ കേരളത്തിലേക്കു കൊണ്ടുവന്ന ഒരു മലപ്പുറംകാരനെ കഴിഞ്ഞ മാസം പിടികൂടിയ സംഭവം വായിച്ചുകാണുമല്ലോ.



ച്ചത്. ക്രമേണ നൈറ്റ് പാർട്ടികൾക്കും റോക്ക് കച്ചേരികൾക്കും എംഡിഎംഎ വ്യാപകമായി വിതരണം ചെയ്യാൻ തുടങ്ങി.

മെത്താംഫെറ്റമിൻ ശരീരത്തിൽ ആദ്യമായി പ്രവേശിക്കുമ്പോൾ വ്യക്തിക്കു കൂടുതൽ ഊർജസ്വലത ഉണ്ടാകുന്നുവെന്നു പറയപ്പെടുന്നു. 12 മുതൽ 16 മണിക്കൂർ വരെ ഉന്മേഷവും ഉണർവും ലഭിക്കുമത്രേ. മണിക്കൂറുകളോളം ക്ഷീണമില്ലാതെ നൃത്തംചെയ്യാൻ സാധിക്കുമെന്നു പറയുന്നവരുമുണ്ട്.

സാവധാനം അത് ശരീരത്തെയും മനസിനെയും ദോഷകരമായി ബാധിച്ചുതുടങ്ങും. ഉത്കണ്ഠ, ശ്രദ്ധക്കുറവ്, ആശയക്കുഴപ്പം, ലൈംഗികവിരക്തി, വിഷാദം, ആവേശക്കുറവ്, ഉറക്കമില്ലായ്മ, ക്ഷോഭം, ഓർമപ്രശ്നങ്ങൾ, വിശപ്പില്ലായ്മ... ഇങ്ങനെ പോകുന്നു പ്രശ്നങ്ങൾ. ഒരു വ്യക്തിയുടെ മാനസിക, വൈകാരിക അവസ്ഥകളെയാണ് എംഡിഎംഎ പ്ര

ധാനമായും ആക്രമണവിധേയമാക്കുന്നത്. ഡോപമെൻ, നോർപിനെഫ്രിൻ, സെറോടോണിൻ എന്നിവയെ ഇവ പ്രതികൂലമായി സ്വാധീനിക്കുമെന്നു ചുരുക്കം. എംഡിഎംഎ അമിതമായി ഉപയോഗിക്കുമ്പോൾ അത് ജീവനുവരെ ഭീഷണിയുയർത്താം. അപസ്മാരം, ഉയർന്ന രക്തസമ്മർദം, കഠിനമായ ഉത്കണ്ഠ എന്നിവയ്ക്കും അതു വഴിതെളിക്കും. തുടർച്ചയായ ഉപയോഗം വ്യക്തിയെ വളരെ വേഗം രോഗിയാക്കും; മാത്രമല്ല, മാനസികവൈകൃതത്തിനു വരെ അടിമയാക്കും. വ്യക്തികളെ കൊല്ലാൻപോലും തയാറാകുന്ന അനുഭവങ്ങൾ വരെയുണ്ട്.

അറിയാവുന്നവരുടെ പല്ലുകൾ കേടുവന്ന് നശിച്ച രൂപത്തിൽ കാണുന്നുണ്ടെങ്കിൽ, അവർ മെത്ത് ഉപയോഗിക്കുന്നവരാണോ എന്നു സംശയിക്കണം. എംഡിഎംഎയുടെ ഉപയോഗംമൂലം ഒരു വർഷം കൊണ്ടുതന്നെ എല്ലാ പല്ലുകളും നഷ്ടമാകും. ആയുസാവട്ടെ, 5-10 വർഷമായി ചുരുങ്ങുകയും ചെയ്യും. ഇനി ഉപയോഗം അവസാനിപ്പിച്ചാലോ, ഉത്കണ്ഠ, വിഷാദം, ആത്മഹത്യാപ്രവണത, നിസംഗത, തലവേദന, ക്ഷീണം, തീവ്രവിശപ്പ് തുടങ്ങിയവ പിന്നാലെയുണ്ടാവും. എംഡിഎംഎ ഉപയോഗിക്കാതെ അവർക്കു സന്തോഷം അനുഭവിക്കാനാവാത്ത സ്ഥിതിയുണ്ടാവും. ഉപയോഗിച്ചാലോ, ശരീരവും മനസും തളർന്നും തകർന്നും അകാലമരണം സംഭവിക്കും. നോക്കൂ, എന്തൊരു ഗതികേടാണ് ഇതുവഴി ഉണ്ടാകുന്നത്. അറിയാൻ വേണ്ടിയോ തമാശയ്ക്കുപോലുമോ ഒരിക്കൽപോലും ഇത്തരം ലഹരിപദാർഥങ്ങൾ ഉപയോഗിക്കരുത്. ആരെങ്കിലും അത്തരമൊരു പ്രേരണയോ പ്രോത്സാഹനമോ നല്കുന്നുണ്ടെങ്കിൽ, അവർ നിങ്ങളുടെ നാശമാണ് ആഗ്രഹിക്കുന്നതെന്ന് തിരിച്ചറിഞ്ഞുകൊള്ളുക. ○



## ഡി ഹണ്ടും യോദ്ധാവും

ലഹരി ഉപയോഗം യുവാക്കളുടെമേൽ പിടിമുറുക്കുകയും, അക്രമങ്ങൾ സമൂഹത്തിൽ വർധിച്ചുവരികയും ചെയ്യുന്ന സന്ദർഭത്തിൽ, അതിനെതിരെയുള്ള വ്യാപകപോരാട്ടത്തിന് കേരള പൊലീസ് തുടക്കം കുറിച്ചിരിക്കുന്ന രണ്ടു പദ്ധതികളാണ് D HUNT, യോദ്ധാവ് എന്നിവ. വളരെ നാളുകളായി കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്ന പദ്ധതികളാണ് ഇവ. എങ്കിലും ഇപ്പോൾ അവയുടെ പ്രസക്തി ഇരട്ടിയായിരിക്കയാണ്. ലഹരി ഉപയോഗിക്കുന്നതായോ ലഹരി കൈമാറ്റം നടത്തുന്നതായോ അറിഞ്ഞാൽ പൊതുജനങ്ങൾക്ക് അവരുടെ സ്വകാര്യത കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ പൊലീസിൽ വിവരം അറിയിക്കാം. 9995966666 എന്ന നമ്പറിൽ വിളിച്ച് ലഹരിയുമായി ബന്ധപ്പെട്ട ക്രൈമുകൾ സൂചിപ്പിക്കാം. Anti Drug Help Line ആണ് മറ്റൊന്ന്. 9497979794, 9497927797 എന്നീ നമ്പറുകളിൽ വിളിച്ചും ലഹരിയുമായി ബന്ധപ്പെട്ട വിവരങ്ങൾ കൈമാറാവുന്നതാണ്. കൂടാതെ, റീഹാബിലിറ്റേഷൻ സൗകര്യങ്ങളും മറ്റു സഹായങ്ങളും ഈ നമ്പറിൽ അഭ്യർഥിക്കാം. സമീപപ്രദേശങ്ങളിലോ ചുറ്റുപാടുകളിലോ ആരെങ്കിലും ലഹരി ഉപയോഗിക്കുന്നതായി മനസിലാക്കിയാൽ, ആ വിവരം ബന്ധപ്പെട്ടവരെ വിളിച്ചറിയിക്കണം. അങ്ങനെയാണ് ലഹരിനിർമാർജന പോരാട്ടത്തിൽ നാം പങ്കുചേരുന്നത്.

വിനായക് നിർമൽ

# മാർക്കോ മാത്രമാണോ പ്രതി?

**മാർക്കോയെപോലുള്ള പാത്രസൃഷ്ടികളുടെ റഫറൻസ് ആടുതോമായും മംഗലശേരി നീലകണ്ഠനും പോലുള്ള കഥാപാത്രങ്ങളാണ്.**



കേരളത്തിലെ യുവജനങ്ങളുടെ ഇടയിൽ അക്രമവും ലഹരി ഉപയോഗവും വർധിക്കുന്നതിന് ആരോപിക്കപ്പെടുന്ന പ്രധാനകാരണങ്ങളിലൊന്ന് സിനിമയാണ്. ഈയിടെ ഇറങ്ങിയ മാർക്കോ അതിന്റെ കേന്ദ്രസ്ഥാനത്തുണ്ട്. മാർക്കോ അപകടകാരിയായ, അക്രമകാരിയായ ഒരു സിനിമയാണെന്നു സമ്മതിക്കുന്നു. മലയാളത്തിലെ ഏറ്റവും വയലൻസ് നിറഞ്ഞ സിനിമയെന്ന വിശേഷണത്തോടെയാണല്ലോ അത് അവതരിപ്പിക്കപ്പെട്ടതും. വന്നുകഴിഞ്ഞ് മുഖ്യധാരാമാധ്യമങ്ങളിലടക്കം അതോടു ബന്ധപ്പെട്ട വാഴ്ത്തുകൾക്കു പഞ്ഞമുണ്ടായിരുന്നില്ല. സിനിമയുമായി ബന്ധപ്പെട്ടവരുടെ അഭിമുഖങ്ങൾ പലതു വന്നു. വാണിജ്യപരമായി മികച്ച രീതിയിൽ മാർക്കോ പോകുമ്പോഴാണ്, കേരളത്തെ നടുക്കിക്കൊണ്ട് ചില കൂട്ടക്കൊലപാതകങ്ങൾ അരങ്ങേറിയത്. അതോടെ മാധ്യമങ്ങൾ ആ വഴിക്കു പോയി. മാർക്കോയുടെ സ്വാധീനമാണ് കുറ്റകൃത്യങ്ങൾക്കു വഴിതെളിച്ചതെന്ന വ്യാഖ്യാനങ്ങൾ പിന്നാലെയുണ്ടായി.

മാർക്കോ മാത്രമാണോ ഇതിനെല്ലാം കാരണം? ഒരൊറ്റ രാത്രികൊണ്ട് ഇരുട്ടിവെളുത്തതിന്റെ

ഫലമാണോ മലയാളസിനിമയിൽ ഇപ്പോൾ കാണുന്ന അപചയം? ഒരിക്കലുമല്ല. അതു മനസിലാവണമെങ്കിൽ മലയാള സിനിമയിൽ 1990കൾ മുതൽ സംഭവിച്ച പരിണാമങ്ങൾ മനസിലാക്കണം. അതുവരെ മലയാളസിനിമ പരിചയിച്ചുപോന്ന കഥാപരിസരങ്ങളിൽനിന്നും നായകസങ്കല്പങ്ങളിൽനിന്നും അമ്പേ ഒരു പൊളിച്ചെഴുത്ത് നടത്തിക്കൊണ്ടാണ് ഈ സമയത്ത് പുതിയ സിനിമകൾ അവതരിച്ചത്. അതിനു തുടക്കം കുറിച്ചതോ, 1993ൽ പുറത്തിറങ്ങിയ ദേവാസുരം പോലെയുള്ള ചില സിനിമകളും.

അതുവരെ മലയാളത്തിൽ കൃത്യമായ നായകസങ്കല്പങ്ങളുണ്ടായിരുന്നു. വില്ലൻ ചിത്രീകരണങ്ങളുണ്ടായിരുന്നു. ഈ രീതിയിൽ നായകനും ഈ രീതിയിൽ വില്ലനും പ്രതികരിക്കും എന്നതായിരുന്നു ഏറെക്കുറെയുള്ള പൊതുരീതി. മലയാളസിനിമയുടെ ആരംഭം മുതൽ ഇപ്പോൾവരെയുള്ള നായകന്മാരെ നോക്കുക. ആദ്യകാല സിനിമകളിലെ നായകന്മാർ കൃത്യമായ രീതിയിൽ നായകത്വഗുണങ്ങളുള്ളവരായിരുന്നു. ധീരോദാത്തന്മാർ. കൃത്യമായ രീതിയിൽ തന്നെയായിരുന്നു പ്രതിനായകന്മാരുടെ ചിത്രീകരണവും. നായകൻ നന്മയുടെ അവതാരങ്ങളായിരുന്നപ്പോൾ, പ്രതിനായകൻ പൂർണമായും തിന്മയായിരുന്നു. സ്ത്രീകളെ ബഹുമാനിക്കുന്നവരും ആദരിക്കുന്നവരും യാതൊരുവിധ ദുഃശീലങ്ങളുമില്ലാത്തവരുമായിരുന്നു അന്നത്തെ നായകർ. ചുണ്ടിലെരിയുന്ന ചുരുട്ടും മറുകൈയിൽ വിസ്കിഗ്ലാസുമായി നില്ക്കുന്ന ബാലൻ കെ. നായർ, ഗോവിന്ദൻകുട്ടി, കെ.പി ഉമ്മർ, ജോസ് പ്രകാശ് തുടങ്ങിയവരെ ഓർമിക്കുക. കാലംമാറിയപ്പോൾ, നായകനും വില്ലനും തമ്മിലുണ്ടായിരുന്ന അതിർവരമ്പുകൾതന്നെ ഇല്ലാതായി. നായകൻ രജോഗുണവും തമോഗുണവും ഉള്ളവനാണ് എന്ന രീതിയിൽ, നായകന്റെ എല്ലാ അതിക്രമങ്ങളും ന്യായീകരിക്കപ്പെടുന്ന വിധത്തിൽ സിനിമകൾ വന്നുതുടങ്ങി. അതോടെ, അത്തരം നായകസങ്കല്പങ്ങൾ സാധാരണമെന്ന പൊതുബോധം രൂപപ്പെടാനും വഴിയൊരുങ്ങി.

വില്ലൻ ചെയ്യുന്ന കാര്യങ്ങൾതന്നെ നായകനും ചെയ്യാമെന്ന സ്ഥിതിവന്നു. നായകന്റെ ഏതു തിന്മയും സാമാന്യവത്കരിക്കപ്പെട്ടു, സാധാരണവത്കരിക്കപ്പെട്ടു, നിസാരവത്കരിക്കപ്പെട്ടു. കാരണമൊന്നേയുള്ളൂ. ചെയ്തത് നായകനാണ്, സൂപ്പർ താരമാണ്. കള്ളക്കടത്ത്, മദ്യവ്യവസായം തുടങ്ങിയവയൊക്കെ മുമ്പ് വില്ലന്മാർ ചെയ്തിരുന്ന ബിസിനസുകളായിരുന്നു. പുതിയ കാലത്ത് ഇറങ്ങിയ സിനിമകളിലെ നായകന്മാരിൽ മിക്കവരും ചെയ്യുന്നതും അത്തരം ബിസിനസുകൾ തന്നെ. വില്ലന്മാർ എതിർക്കപ്പെടാൻ പിന്നെ എന്താണ് കാരണം? നായകന് വിരുദ്ധചേരിയിൽ നില്ക്കുന്നവനാണ് എന്ന ഒറ്റക്കാരണം മാത്രം. മുണ്ടയ്ക്കൽ ശേഖരനും മംഗലശേരി നീലകണ്ഠനും (ദേവാസുരം) തമ്മിൽ എന്താണ് വ്യത്യാസം? സൂക്ഷ്മമായി വിലയിരുത്തിനോക്കുക. അതിൽ നായകൻ വയലൻസ് ചെയ്യുന്നതോടുകൂടിയല്ലേ അത്തരം തിന്മകളൊന്നും തിന്മകളേയല്ല എന്നൊരു വിചാരഗതിയിലേക്ക് ശരാശരി പ്രേക്ഷകൻ എത്തിത്തുടങ്ങിയത്.

**ഒരൊറ്റ രാത്രികൊണ്ട് ഇരുട്ടിവെളുത്തതിന്റെ ഫലമാണോ മലയാളസിനിമയിൽ ഇപ്പോൾ കാണുന്ന അപചയം? ഒരിക്കലുമല്ല.**



**മുണ്ടയ്ക്കൽ ശേഖരനും മംഗലശേരി നീലകണ്ഠനും (ദേവാസുരം) തമ്മിൽ എന്താണ് വ്യത്യാസം? നായകൻ വയലൻസ് ചെയ്യുന്നതോടുകൂടി അതൊന്നും തിന്മകളേയല്ല എന്നൊരു വിചാരത്തിലേയ്ക്ക് ശരാശരി പ്രേക്ഷകൻ എത്തിത്തുടങ്ങി.**



സഹപാഠിയുടെ കൈയിൽ കോമ്പസ് കുത്തിയിറക്കിയതിനു ശേഷം നാടുവിട്ട ആ തോമസ് ചാക്കോയുടെ എക്സ്റ്റൻഷൻസാണ്, കോട്ടയം നഴ്സിംഗ് കോളജിലെ ജൂനിയർവിദ്യാർഥികളുടെ ശരീരത്തിൽ കോമ്പസുകൊണ്ട് കുത്തിവരച്ച സീനിയർവിദ്യാർഥികളെന്ന് ആരെങ്കിലും വിമർശമുന്നയിച്ചാൽ നിഷേധിക്കാനാവുമോ? അടിസ്ഥാനപ്രശ്നം മനസിലാക്കാതെ ഉപരിപ്ലവമായി വിലയിരുത്തുന്നതുകൊണ്ടാണ് ഏറ്റവും പുതിയ സിനിമകൾക്കെതിരെ മാത്രം നാം വാളുയർത്തുന്നത്. അതിനുമുമ്പ് ഒരുകാര്യമോർക്കുക, മാർക്കോയെപോലുള്ള പാത്രസൃഷ്ടികളുടെ റഫറൻസ് ആടുതോമായും മംഗലശേരി നീലകണ്ഠനും പോലുള്ള കഥാപാത്രങ്ങളാണ്.

സ്ഫടികം എന്ന സിനിമയിലെ ആടുതോമാ എങ്ങനെയുള്ള നായകസൃഷ്ടിയാണ്? അയാൾ സമൂഹത്തിന് ഉതപ്പല്ലാതെ മറ്റൊന്നും നല്കിയിട്ടില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ നിഷേധിക്കാനാവുമോ? കാലങ്ങൾക്കു പിന്നിൽനിന്ന് അങ്ങനെയും വിലയിരുത്തുന്നവരുണ്ട്. സ്ഫടികത്തിലെ ഓപ്പണിങ് സീൻ ഓർമിക്കുക. ജീവനുള്ള ആടിനെ കൊന്ന് പച്ചച്ചോര കുടിക്കുന്ന ആടുതോമായെ കാണിച്ചാണ് ചിത്രം ആരംഭിക്കുന്നത്. അതിൽ അയാളുടെ മൃഗീയത മുഴുവൻ ഒഴുകിപ്പരക്കുന്നു. തികച്ചും സാധാരണക്കാരനും സ്വാഭാവികജീവിതം നയിക്കുന്നവനുമായ ഒരാൾക്ക് സാധിക്കുന്നതാണോ ഇത്തരത്തിലുള്ള പ്രവൃത്തി? മൃഗീയമായ ഇത്തരം കാര്യങ്ങൾ ചെയ്യുന്നവനെയാണ്, ധീരനും വീരനും ശൂരനുമായ നായകനായി ചിത്രത്തിലെ വികാരിയച്ചൻ മുതൽ പെങ്ങളും കാമുകിയുംവരെ കൊണ്ടാടുന്നത്. അയാളെ ആ വഴിക്ക് എത്തിച്ചത് ബാല്യകാലാനുഭവങ്ങളാണെന്ന സത്യം മറന്നുകൊണ്ടല്ല ഈ പരാമർശം. അല്ലെങ്കിൽ അത്തരമൊരു പാഠം എല്ലാവരും മനസിലാക്കുന്നുണ്ടോ? അതിനു തുനിയാതെ ആടുതോമായുടെ വീരസ്യങ്ങളിലേക്കല്ലേ യുവജനങ്ങളിൽ ഏറിയപങ്കും ശ്രദ്ധയൂന്നിയത്.

മലയാളത്തിൽ മാർക്കോയ്ക്കു മുമ്പും വയലൻസ് ചിത്രീകരിച്ചിട്ടില്ലേ? തീർച്ചയായും ഉണ്ട്. എംടി-സിബി മലയിൽ ടീമിന്റെ സദയവും, ലോഹിതദാസ്-സിബിമലയിൽ ടീമിന്റെ കിരീടവും, എംടി-ഭരതൻ ടീമിന്റെ താഴ്‌വാരവും നോക്കൂ. മാർക്കോയിലെപോലുള്ള വയലൻസല്ല അവയിലേത് എന്നതു സത്യം. നന്മയെ പ്രതിഷ്ഠിക്കാനും പ്രിയപ്പെട്ടവരെ പിടിച്ചുനിർത്താനുംവേണ്ടി തിന്മയുടെ പ്രതിരൂപങ്ങളെ ഗതികേടുകൊണ്ട് ഇല്ലാതാക്കുന്ന തരത്തിലുള്ളതായിരുന്നു ആ അതിക്രമങ്ങൾ. അതൊന്നും തിന്മയെ പ്രോത്സാഹിപ്പിക്കാൻ വേണ്ടിയായിരുന്നില്ല. വികാരവിമലീകരണത്തിന്റെ അവസ്ഥയിലേക്ക് പ്രേക്ഷകനെ കൊണ്ടുപോവുകയായിരുന്നു ലക്ഷ്യം. ജോജി എന്ന സിനിമയെടുക്കുക. ടൈറ്റിൽ കഥാപാത്രം ചെയ്ത നായകൻ, പഴയകാല സങ്കല്പത്തിലെ നായകനാണോ? ഒരിക്കലുമല്ല.

**വാണിജ്യപരമായി മികച്ച രീതിയിൽ മാർക്കോ പോകുമ്പോഴാണ്, കേരളത്തെ നടുക്കിക്കൊണ്ട് ചില കൂട്ടക്കൊലപാതകങ്ങൾ അരങ്ങേറിയത്.**



അപ്പനെയും സഹോദരനെയും പണത്തിനുവേണ്ടി കൊല്ലുന്നവനാണ് അയാൾ. ഈ രീതിയിലാണ് ഇക്കാലത്ത് നമ്മുടെ നായകസങ്കല്പങ്ങൾ പലതും അവതരിപ്പിക്കപ്പെടുന്നത്. അവരേക്കാൾ ധീരനും വീരനുമായ നായകനെ സൃഷ്ടിക്കാനുള്ള വെപ്രാളത്തിലാണ് മാർക്കോപോലുള്ള വികലകഥാപാത്രങ്ങൾ സിനിമയിൽ ജന്മമെടുക്കുന്നത്.

മാർക്കോയിലെ രംഗങ്ങൾ കണ്ട് ചിലർ തീയറ്ററിലിരുന്നു ഛർദിച്ചെന്നും, ചിലരുടെ ബോധം പോയെന്നുമൊക്കെയുള്ള വാർത്തകൾ വായിച്ചതോർക്കുന്നു. മനുഷ്യൻ ചിലപ്പോൾ അക്രമം ചെയ്തുപോകും. തിന്മകൾ പ്രവർത്തിക്കും. എന്നാൽ അവയൊരിക്കലും അവരുടെ മനുഷ്യത്വം ഇല്ലാതാക്കുന്നില്ല. മനുഷ്യന്റെയുള്ളിലെ മനുഷ്യത്വം ഇല്ലാതാകുകയും അയാൾ മൃഗമായി പരിണമിക്കുകയും ചെയ്യുന്ന തരത്തിലുള്ള വയലൻസുകളാണ് ഇപ്പോഴത്തെ സിനിമകളിൽ കാണുന്നത്. ആവിഷ്കാരസ്വാതന്ത്ര്യമെന്നും കലാപരതയെന്നുമൊക്കെ ഇത്തരം വയലൻസുകളെ ന്യായീകരിക്കാൻ ചിലർ ശ്രമിക്കുന്നതാണ് ദയനീയം. ഒരാളിലെ ആസുരത ഉണർത്തുന്നത് ഒരിക്കലും കലയല്ലല്ലോ, കൊലയല്ലേ?

മാർക്കോ പോലുള്ള സിനിമ മലയാളത്തിൽ വന്നാൽ അതൊരിക്കലും കോടി ക്ലബിൽ ഇടംപിടിക്കില്ലെന്നു തീർച്ച. അതിനേക്കാൾ കൂടിയ അളവിൽ വയലൻസ് കാണിച്ചാലേ ആളുകൾ തിക്കിത്തിരക്കൂ. മാർക്കോയ്ക്കു മുമ്പ് സുബ്രഹ്മണ്യപുരം മുതൽ ജയിലർ വരെ സിനിമകൾ കണ്ടുപരിചയിച്ചവരാണ് മലയാളികൾ. കോവിഡ് കാലത്ത് കൊറിയൻ സിനിമകളും വെബ് സീരിസുകളും കണ്ട്, വയലൻസൊക്കെ സാധാരണപോലുള്ള കാര്യങ്ങളാണെന്ന നിഗമനത്തിലെത്തിയവർ. നമുക്ക് ഇപ്പോൾ ഇതൊക്കെയും ശീലമായി കഴിഞ്ഞു. ഏതുതരത്തിലുള്ള അക്രമവും മൃഗീയമാണ്. എന്നാൽ നായകൻ-സൂപ്പർതാരം-അതു കാണിക്കുമ്പോഴോ, അക്രമം ന്യായീകരിക്കപ്പെടുന്നു. വയലൻസിന്റെ പതുക്കെപതുക്കെയുള്ള വളർച്ചയാണ് മാർക്കോ വരെയെത്തിനില്ക്കുന്നത്. മലയാളത്തിലെ ഒരു സൂപ്പർതാരത്തിനും ഒരു നടനും ഈ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുനില്ക്കാനോ, മറ്റൊരാൾക്കു നേരെ വിരൽ ചൂണ്ടാനോ ധാർമികമായ അവകാശമില്ല. ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ അവർ ചെയ്തതിന്റെ വികസിതരൂപവും അതിശയരൂപവുമാണ് മാർക്കോപോലെയുള്ള സിനിമകളിൽ കാണാൻ കഴിയുന്നത് എന്നതാണ് കാരണം.

അനുബന്ധം: കുറെവർഷങ്ങൾക്കു മുമ്പ് മലയാളത്തിൽ ഒരു സിനിമ ഇറങ്ങിയിരുന്നു; പൃഥ്വിരാജ് സുകുമാരന്റെ വയലൻസ്. എന്നാൽ സിനിമ സെൻസർ ചെയ്തപ്പോൾ പേരു മാറ്റണമെന്നായി ബോർഡ്. അങ്ങനെ സ്റ്റോപ്പ് വയലൻസ് എന്ന പേരിൽ ചിത്രമിറങ്ങി. മാർക്കോയ്ക്കെതിരെ വാളോങ്ങുമ്പോൾ ഇത്തരം സിനിമകൾക്ക് അനുവാദം നല്കിയ സെൻസർ ബോർഡും, കൗമാരക്കാർക്കു തീയറ്ററുകളിൽ പ്രവേശനം നല്കിയ തീയറ്ററുകാരും മാർക്കോ സിനിമയ്ക്ക് ആവശ്യത്തിൽകൂടുതൽ ഹൈപ്പ് നല്കിയ മാധ്യമങ്ങളും ഒരുപോലെ കുറ്റക്കാരാണ്. ○


ഉദ്ദിഷ്ടകാര്യം സാധിച്ചതിന്
ഉപകാരസ്മരണ



കൊച്ചുറാണി,
പല്ലങ്ങടി

പ്രഫ. കെ.എം ഫ്രാൻസിസ്

# വൈദികൻ ഏകനായിരിക്കുന്നത് നന്നല്ല

**അല്മായർ വാർധക്യത്തിലെത്തുമ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നം, ഇടവകവൈദികർ യൗവനത്തിൽതന്നെ ഏറ്റെടുക്കേണ്ടിവരുന്നു.**



ഉല്പത്തിപുസ്തകത്തിൽ ദൈവം ആദാമിനെ നോക്കി പറയുന്ന ഒരു വചനമുണ്ട്: മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല. ഈ വചനം വൈദികർക്കും ബാധകമാണ്. കാരണം വൈദികരും മനുഷ്യരാണ്. അതുകൊണ്ടുതന്നെ എനിക്കു പറയാനുള്ളതും അതുതന്നെയാണ്. വൈദികൻ ഏകനായിരിക്കുന്നത് നന്നല്ല.

അതിനർഥം വൈദികർ വിവാഹം കഴിക്കണം എന്നല്ല. വിവാഹം കഴിക്കുന്നതാണോ ഏകാന്തതയിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗം? ഒരിക്കലുമല്ല.

ഞങ്ങൾ എന്ന കൂട്ടായ്മയുടെ അവസ്ഥയിൽ നിന്ന്, ഒരമ്മയുടെ ഉദരത്തിൽ നിന്ന് ഞാൻ മാത്രമാകുന്ന അവസ്ഥയിലേക്കാണ് ഒരു ശിശു പിറന്നുവീഴുന്നത്. അങ്ങനെ അവൻ ഏകനായിട്ടാണ് ജീവിതം ആരംഭിക്കുന്നത്. പക്ഷേ, അസ്തിത്വത്തിന്റെ അടിത്തറ ഞാൻ അല്ല, ഞങ്ങൾ ആണ്.

ഞങ്ങൾ എന്ന - അപ്പൻ, അമ്മ, ഞാൻ - യാഥാർഥ്യത്തിലേയ്ക്കാണ് ഞാൻ ജനിച്ചുവീഴുന്നത്. അമ്മയുണ്ടെങ്കിലും അമ്മ എന്നെ നിഷേധിച്ചാൽ ഞാൻ കരയാനാരംഭിക്കും. ആ കരച്ചിലിനെ നേരിടാനാണ് ചില വസ്തുക്കളിൽ കുഞ്ഞ് ആശ്രയിക്കാനാരംഭിക്കുന്നത്. തന്നെ അടിക്കുമ്പോൾ എന്നതിനേക്കാളേറെ കുഞ്ഞ് കരയുന്നത്, അവന്റെ അല്ലെങ്കിൽ അവളുടെ കൈയിലിരിക്കുന്ന കളിപ്പാട്ടം തട്ടിമാറ്റുമ്പോഴാണ്.

കുട്ടികൾ തങ്ങളുടെ അസ്തിത്വം രൂപപ്പെടുത്തിയിരിക്കുന്നത് കളിപ്പാട്ടങ്ങളിലാണ്, വസ്തുക്കളിലാണ്. കളിപ്പാട്ടത്തിനു പകരം പിന്നീട് സഹോദരങ്ങൾ വരും, കൂട്ടുകാർ വരും. അവസാനം ഭാര്യയെയും ഭർത്താവിനെയും മക്കളെയും സ്വന്തമായി കിട്ടും. ഇങ്ങനെ പോയിപ്പോയി ജീവിതത്തിന്റെ അവസാനഘട്ടത്തിലെത്തുമ്പോൾ നാം തിരിച്ചറിയുന്ന ഒരു കാര്യമുണ്ട്; എനിക്കു ജീവിതപങ്കാളിയോ മാതാപിതാക്കളോ

മക്കളോ ആരുമില്ല. ഞാൻ ഒറ്റയ്ക്കാണ്.

ഞാൻ ഒറ്റയ്ക്ക് എല്ലാം നേരിടണം. കാരണം ഞാൻ ഏകനാണ്. കൂട്ടായ്മയിൽ നിന്ന് ഏകനായി ജീവിച്ചു വളർന്ന്, കളിപ്പാട്ടങ്ങൾപോലെയുള്ള വസ്തുക്കളിൽ ഞാനെന്റെ വ്യക്തിത്വത്തെ രൂപപ്പെടുത്താൻ ശ്രമിച്ച്, ഭാര്യയും മക്കളുമുള്ളവനായിട്ടും ജീവിതത്തിന്റെ അവസാനഘട്ടത്തിലെത്തുമ്പോൾ എനിക്കു ചുറ്റുമുള്ള ബന്ധങ്ങൾ കൊണ്ടോ പണം കൊണ്ടുപോലുമോ യാതൊരു പ്രയോജനവും ഇല്ലാത്തവിധത്തിൽ ഏകാന്തതയിലേക്ക് ഞാൻ വളരുകയാണ്. വാർധക്യത്തിൽ രോഗംവന്ന് കിടപ്പിലാകുന്നതോടെ ഞാൻ തീർത്തും ഏകനായിപ്പോവുന്നു. മറ്റുള്ളവരുടെ ദയാദാക്ഷിണ്യങ്ങൾക്ക് ഞാൻ പിന്നെ കെഞ്ചണം.

ഒരു ഇടവകവൈദികൻ നേരിടുന്ന ഏറ്റവും വലിയ ആന്തരസംഘർഷം എന്താണ്? 25 വയസുവരെ അവനു കൂട്ടുണ്ട്. പഠനകാലയളവാണത്. പിന്നീട് വൈദികപട്ടമേറ്റ് സഹവികാരിയോ ഇടവകവികാരിയോ ആയി ഒരു ഇടവകയുടെ നാലതിർത്തികൾക്കുള്ളിലേക്കു ചെന്നുകയറുമ്പോൾ മുതൽ, അല്മായർ വാർധക്യത്തിൽ അനുഭവിക്കുന്ന ഏകാന്തതയിലേക്ക് അവൻ എത്തിപ്പെടുന്നു.

അല്മായർ വാർധക്യത്തിലെത്തുമ്പോൾ അഭിമുഖീകരിക്കുന്ന പ്രശ്നം, ഇടവകവൈദികർ യൗവനത്തിൽതന്നെ ഏറ്റെടുക്കേണ്ടിവരുന്നു. സന്യാസവൈദികർ നേരിടുന്ന ബുദ്ധിമുട്ടുകളേക്കാൾ കൂടുതൽ കഠിനമായ ബുദ്ധിമുട്ടുകളിലൂടെയാണ് ഇടവകവൈദികർ യൗവനാരംഭം മുതൽ കടന്നുപോകുന്നതെന്നു ചുരുക്കം.

ഇടവകവൈദികർക്കു ചുറ്റും കാണുന്ന പലരും ഇടവകവൈദികരുടെ ഏകാന്തതയ്ക്കുള്ള പരിഹാരമല്ല. വ്യക്തിപരമായ കാര്യങ്ങൾ നേടിയെടുക്കാനുള്ള ലക്ഷ്യത്തോടെയാവാം അവർ പലപ്പോഴും കൂടെനില്ക്കുന്നത്. ഇടവകവൈദികന് അധികാരവും പദവിയും സ്വാധീനവുമുള്ളപ്പോൾ അവർ ഇടവകവൈദികന്റെ കൂടെയുണ്ടാവും. കാര്യം സാധിച്ചു കഴിഞ്ഞാൽ അവർ തങ്ങളെ വിട്ടുപോകുമെന്ന് 25 വയസിൽ തന്നെ വൈദികൻ തിരിച്ചറിഞ്ഞാൽ പിന്നെ ഏറെ ഇച്ഛാഭംഗത്തിന് ഇടവരില്ല.

ഇടവകവൈദികന്റെ ജീവിതം ചിലപ്പോഴെങ്കിലും നരകതുല്യമാണ്. ഏകാന്തതകൊണ്ടുള്ള ഈ നരകത്തെ നേരിടാനുള്ള പല വിദ്യകളും യേശു നമുക്കു പറഞ്ഞുതന്നിട്ടുണ്ട്. ഏദൻതോട്ടത്തിൽ ഹവ്വ കൂടെയില്ലാതിരുന്നപ്പോഴും ആദം സന്തോഷിച്ചതിനു കാരണം, അവൻ ദൈവത്തോടുകൂടി ഉലാത്തിയിരുന്നു എന്നതാണ്. ഇടവകവൈദികൻ നേരിടുന്ന ഏകാന്തതയെന്ന പ്രതിസന്ധിയെ മറികടക്കാൻ ഒറ്റ മാർഗമേയുള്ളൂ; നിങ്ങളുടെ കൈയിലുള്ള ബാഹ്യമായ വസ്തുക്കൾ എന്തൊക്കെയാണോ അതെല്ലാം വിട്ടുപേക്ഷിക്കുക. ഏകാന്തതയിലും കൈവിടാത്ത ദൈവത്തെ മുറുകെപിടിക്കുക. ആ തിരിച്ചറിവ് വൈദികനുണ്ടാകേണ്ടത് അദ്ദേഹത്തിന്റെ വാർധക്യത്തിലല്ല, യൗവനത്തിൽതന്നെയായിരിക്കണം. കർത്താവുമായുള്ള നിരന്തരമായ ആത്മീയബന്ധത്തിൽ നിലനില്ക്കാനും വളരാനുമുള്ള പരിശ്രമം നടത്തിയില്ലെങ്കിൽ, ഇടവകവൈദികരുടെ ജീവിതം ദുഷ്കരമായിരിക്കും. അവരുടെ ജീവിതം സന്തോഷകനിർഭരമല്ലെങ്കിൽ അവരുടെ അധ്വാനം ഫലദായകമല്ലാതായിത്തീരും. കൈമാറുന്ന ആത്മീയചിന്തകൾ ചിതറിപ്പോകും. ഇടവകവൈദികൻ ഏകാന്തത മറികടക്കേണ്ടത് ദൈവവുമായുള്ള നിരന്തര വ്യക്തിബന്ധത്തിലൂടെ മാത്രമായിരിക്കണമെന്നു ചുരുക്കം. ○

**ഇടവകവൈദികൻ നേരിടുന്ന ഏകാന്തതയെ മറികടക്കാൻ ഒറ്റ മാർഗമേയുള്ളൂ; കൈയിലുള്ള ഭൗതികവസ്തുക്കൾ വിട്ടുപേക്ഷിക്കുക. ഒരുനാളും കൈവിടാത്ത ദൈവത്തെ മുറുകെപിടിക്കുക.**





39
പുതിയനിയമത്തിലെ
കുടുംബദർശനം



റവ. ഡോ. തോമസ് വള്ളിയാനിപ്പുറം

# അശുദ്ധിയെ നിർമാർജനം ചെയ്യുന്ന കുടുംബം


**ഉള്ളിൽ നിന്ന് അഥവാ ഹൃദയത്തിൽ നിന്നാണ് എല്ലാ പാപാസക്തികളും പുറപ്പെടുന്നത്.**

നമ്മുടെ കുടുംബങ്ങളിൽ അശുദ്ധിയുണ്ടോ? പുതിയനിയമത്തിന്റെ കാഴ്ചപ്പാടിൽ "ഒരുവന്റെ ഉള്ളിൽ നിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നത്" (മർക്കോ. 7:20). ഉള്ളിൽ നിന്ന് അഥവാ ഹൃദയത്തിൽ നിന്നാണ് എല്ലാ പാപാസക്തികളും പുറപ്പെടുന്നത്. അവ മനുഷ്യനെ അശുദ്ധനാക്കുന്നു. വ്യക്തിതലത്തിലും കുടുംബതലങ്ങളിലും നാം വിശുദ്ധരായിരിക്കണമെന്നതാണ് ദൈവത്തിന്റെ ഇഷ്ടം. "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ. 19:2).

ദൈവത്തിന്റെ പരിശുദ്ധിയിലുള്ള പങ്കാളിത്തമാണ് കുടുംബത്തിന്റെ വിശുദ്ധി. വിശുദ്ധിയിൽ വളർന്ന് സമാധാനം പ്രാപിക്കാൻ നമ്മെ ഉദ്ബോധിപ്പിക്കുന്ന മൂന്ന് അദ്ഭുതങ്ങൾ മർക്കോസിന്റെ സുവിശേഷം അഞ്ചാം അധ്യായം ഒന്നു മുതൽ 43 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മനുഷ്യനെ മലിനപ്പെടുത്തുന്ന സകല പാപങ്ങളും ഉപേക്ഷിച്ച് മാനസാന്തരത്തിന്റെ പാതയിൽ ചരിക്കുന്ന ഭവനമാണ് വിശുദ്ധിയുള്ള കുടുംബം. അടിസ്ഥാനപരമായി, സത്യത്തിൽനിന്നും ധർമ്മത്തിൽനിന്നും സ്നേഹത്തിൽനിന്നുമുള്ള വ്യതിചലനമാണ് എല്ലാ പാപങ്ങളും. നമ്മുടെ കുടുംബങ്ങളുടെ അകത്തളങ്ങളിൽ പാപത്തിന്റെ അഴുക്ക് അടിഞ്ഞുകൂടിയിട്ടില്ലേ? അതുകൊണ്ടല്ലേ കലഹവും ഭിന്നതയും അശ്ലീലഭാഷണവും കുടുംബത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്നത്? അവിഹിതവ്യാപാരങ്ങളും അന്യായപ്രവർത്തനങ്ങളും നമ്മുടെ കുടുംബങ്ങളെ ജീർണതയ്ക്ക് അടിമപ്പെടുത്തുന്നില്ലേ? മർക്കോസ് വിവരിക്കുന്ന മൂന്ന് അദ്ഭുതസംഭവങ്ങൾ അശുദ്ധിയെ നിർമാർജനം ചെയ്ത് കുടുംബത്തെ പവിത്രീകരിക്കാൻ സഹായിക്കും.

### ഗരസേനരുടെ നാട്ടിലെ പിശാചുബാധിതർ (മർക്കോ. 5:1-20)

യേശുവും ശിഷ്യരും കടൽകടന്ന് മറുകരയുള്ള ഗരസേനരുടെ നാട്ടിലെത്തി. മത്തായിയുടെ സുവിശേഷത്തിൽ ഗദറായരുടെ ദേശം (മത്താ. 8:28) എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ചില കൈയെഴുത്തുപ്രതികളിൽ 'ഗർജെസരുടെ ദേശം' എന്നും കാണുന്നുണ്ട്. ലൂക്കായുടെ സുവിശേഷം, മർക്കോസിന്റെ പാഠം (ഗരസേനരുടെ നാട്, ലൂക്കാ 8:26) തന്നെ സ്വീകരിച്ചിരിക്കുന്നു. ചരിത്രപരമായി നോക്കുമ്പോൾ, 'ഗരസേനരുടെ നാട്' എന്നതായിരിക്കാം ശരി. ഗലീലിക്ക്



എതിരെയുള്ള ദശഗ്രാമങ്ങളിൽ (Decapolis) ഉൾപ്പെട്ടതാണ് ഗരസാ. അതു വിജാതീയരുടെ നാടാണ്. റോമൻ ആധിപത്യത്തിൽ കഴിയുന്ന ഈ ദേശത്ത് റോമൻ സൈന്യത്തിലെ വലിയൊരു വ്യൂഹം തമ്പടിച്ചിരുന്നു. യേശു പിശാചുബാധിതനായ വ്യക്തിയെ സുഖപ്പെടുത്തുന്ന സംഭവമാണ് ഇവിടെ വിവരിക്കുന്നത്. ഈ സംഭവം നാലു രംഗങ്ങളുള്ള ഒരു നാടകം പോലെ മർക്കോസ് അവതരിപ്പിക്കുന്നു: യേശുവും പിശാചുബാധിതനും കണ്ടുമുട്ടുന്നു (5:1-10), പന്നിക്കൂട്ടം (5:11-13), പട്ടണത്തിലെ ജനങ്ങളുടെ പ്രതികരണം (5:14-17), വിമോചിതനായ പിശാചുബാധിതന്റെ പ്രതികരണം (5:18-20).

ഈ വിവർത്തനത്തിലുടനീളം അശുദ്ധിയുടെ ബിംബങ്ങളാണ് കാണുന്നത്. പിശാചുബാധിതൻ, ശവക്കല്ലറകൾ, പന്നിക്കൂട്ടം മുതലായവ അശുദ്ധിയുടെ പരിതോവസ്ഥ വെളിപ്പെടുത്തുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന ഭാഷയും കഥാകഥനരീതിയും മരണസംസ്കാരത്തിന്റേതാണ്. മൃത്യുവിന്റെ പിടിയിലമർന്ന ഒരു ജനതയുടെ പ്രതിനിധിയാണ്

## ദൈവത്തിന്റെ
### പരിശുദ്ധിയിലുള്ള പങ്കാളിത്തമാണ് കുടുംബത്തിന്റെ വിശുദ്ധി.

ഈ പിശാചുബാധിതൻ. അയാൾ ശവകുടീരങ്ങൾക്കിടയിൽ താമസിക്കുന്നു; കാൽവിലങ്ങുകളാലും ചങ്ങലകളാലും ബന്ധിക്കപ്പെട്ട മനുഷ്യൻ; ഇടയ്ക്കിടെ ചങ്ങലകൾ പൊട്ടിച്ച് സർവരെയും ഭീഷണിപ്പെടുത്തുന്നു; ആർക്കും ഒതുക്കിനിർത്താനാവാത്തവിധം സംഹാരരൂപം പൂണ്ട വ്യക്തി; അലറിവിളിച്ച് തന്നെത്തന്നെ മുറിപ്പെടുത്തുന്നവൻ; രാപകൽ കല്ലറകൾക്കിടയിലും മലകളിലും കഴിയുന്നവൻ. തീർച്ചയായും വലിയ മാനസികരോഗിയാണയാൾ. അയാൾ ആന്തരികമായി ശിഥിലമാക്കപ്പെട്ട വ്യക്തിത്വത്തിനുടമയാണ്. നിന്റെ പേരെന്ത് എന്ന യേശുവിന്റെ ചോദ്യത്തിന്, 'ലെഗിയോൻ' എന്നാണു പേര്; കാരണം ഞങ്ങൾ അനേകം പേരുണ്ട് എന്നാണ് അയാളുടെ മറുപടി. 6000 പടയാളികളടങ്ങുന്ന റോമൻ സൈന്യവ്യൂഹമാണ് ലെഗിയോൻ. ഒരു വ്യക്തി പലരായി വിഭജിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരമുള്ള മാനസികാവസ്ഥയെ മനഃശാസ്ത്രജ്ഞർ 'സ്കിസോഫ്രേനിയാ' എന്ന മനോരോഗമായാണ് കണക്കാക്കുന്നത്. 'വിശ്ലഥവ്യക്തിത്വം' എന്നു മലയാളത്തിൽ ഈ രോഗത്തെ വിളിക്കാം. മരണസംസ്കാരത്തിന്റെ പിടിയിലമർന്ന, അശുദ്ധിയുടെ ബന്ധനത്തിൽ കഴിയുന്ന, വിശ്ലഥവ്യക്തിത്വത്തിന്റെ ഭാരം പേറുന്ന ആധുനികമനുഷ്യന്റെ പ്രതിനിധിയാണ് ഈ പിശാചുബാധിതൻ.

കുടുംബങ്ങളുടെ സമ്പൂർണ്ണ വിമോചനത്തിലൂടെയും വിശുദ്ധീകരണത്തിലൂടെയും മാത്രമേ ഒരു നല്ല സമൂഹം രൂപപ്പെടുകയുള്ളൂ.

ഇപ്രകാരമുള്ള വ്യക്തിത്വങ്ങൾ നമ്മുടെ കുടുംബങ്ങളിൽ തന്നെയുണ്ട്. മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെട്ടവർ, ജഡികപാപങ്ങളിലും തഴക്കദോഷങ്ങളിലും മുഴുകിക്കഴിയുന്നവർ, വിദ്വേഷവും വൈരാഗ്യവും ഹൃദയത്തിൽ സൂക്ഷിക്കുന്നവർ, ജീവിതപങ്കാളിയേയും മക്കളേയും നശിപ്പിക്കാൻ തക്കംപാർത്തിരിക്കുന്നവർ, ധൂർത്തിലും ആർഭാടത്തിലും ജീവിച്ച് അടിസ്ഥാന ജീവിതസമ്പാദ്യം നശിപ്പിക്കുന്നവർ, ഭാവിയെപ്പറ്റി പ്രതീക്ഷ നഷ്ടപ്പെട്ടവർ, ചീത്ത വിളിച്ചും തമ്മിലടിച്ചും കുടുംബം നരകമാക്കുന്നവർ, അവിഹിതബന്ധങ്ങളിൽ വ്യാപരിച്ച് കുടുംബവിശുദ്ധി തകർക്കുന്നവർ - ഇങ്ങനെ എത്രയോ കുടുംബാംഗങ്ങൾ ഇന്ന് മൃത്യുസംസ്കാരത്തിന്റെയും അശുദ്ധിയുടെയും തടവറയിൽ കഴിയുന്നു. കുടുംബങ്ങളുടെ സമ്പൂർണവിമോചനത്തിലൂടെയും വിശുദ്ധീകരണത്തിലൂടെയും മാത്രമേ ഒരു നല്ല സമൂഹം രൂപപ്പെടുകയുള്ളൂ. ഡിപ്രഷൻ (വിഷാദരോഗം), ആത്മഹത്യാപ്രവണത, കൊലപാതകചിന്ത, ഭോഗാസക്തി മുതലായവ വർധിച്ചുകൊണ്ടിരിക്കുന്ന കാലമാണിത്. കുടുംബപരിസരങ്ങൾ വിമോചനം പ്രാപിക്കണമെങ്കിൽ ലോകരക്ഷകനായ യേശുവിന്റെ പക്കലേയ്ക്ക് കണ്ണുകൾ ഉയർത്തിയേ പറ്റൂ. ആധ്യാത്മികനവീകരണത്തിലൂടെയേ കുടുംബം നവീകരിക്കപ്പെടൂ.

ഇന്നത്തെ പല കുടുംബങ്ങൾക്കും നവീകരണം പ്രാപിക്കാൻ ഇഷ്ടമില്ല എന്നതാണ് ഏറെ ദയനീയം. "യേശുവേ, നീ എന്റെ കാര്യത്തിൽ ഇടപെടേണ്ട" എന്നാണ് പിശാചുബാധിതൻ യേശുവിനോടു പറയുന്നത്. പാപാന്ധകാരത്തിൽ തന്നെ കഴിയാനാണ് അയാൾക്കിഷ്ടം. എന്നിട്ടും അയാൾക്കു രക്ഷ നല്കാനാണ് യേശുവിന് ആഗ്രഹം. അവൻ ആവശ്യപ്പെടാതെ തന്നെ, 'അശുദ്ധാത്മാവേ, ഈ മനുഷ്യനിൽനിന്ന് പുറത്തുവരൂ' എന്ന് യേശു ആജ്ഞാപിക്കുന്നു. അടിമത്തത്തിൽ കഴിയുന്ന മനുഷ്യമക്കളോടുള്ള യേശുവിന്റെ കാരുണ്യമാണ് ഇവിടെ വെളിപ്പെടുന്നത്. എല്ലാ കുടുംബങ്ങളെയും, പ്രത്യേകിച്ച് കഷ്ടതകളിൽ വിലപിച്ചു കഴിയുന്ന കുടുംബങ്ങളെ യേശു സ്നേഹിക്കുന്നു. തക്കസമയത്ത് കടന്നുവന്ന് ആ കുടുംബങ്ങളെ അവിടുന്നു മോചിപ്പിക്കും. അതുവരെ അവിടുത്തോട് വിശ്വാസത്തോടെ ചോദിച്ചുകൊണ്ടിരിക്കണം (മത്താ. 7:7).

'ലെഗിയോൻ' എന്ന പേര് ഗദറായരുടെ ദേശം അനുഭവിക്കുന്ന രാഷ്ട്രീയാടിമത്തത്തിന്റെകൂടി പ്രതീകമാണ്. ആറായിരത്തോളമുള്ള റോമൻ പടയാളികൾ അവിടെ തമ്പടിച്ചിരിക്കുന്നു. അധീശശക്തിയായ റോമിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കൊത്തു ജീവിക്കാൻ വിധിക്കപ്പെട്ട ഹതഭാഗ്യരായ ജനങ്ങളുടെ രാഷ്ട്രീയസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള നെടുവീർപ്പാണ് 'ലെഗിയോൻ' എന്ന പേരിലൂടെ ഉയരുന്നത്. ആത്മീയവും മാനസികവുമായ അടിമത്തത്തിൽനിന്നു മാത്രമല്ല, സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ അടിമത്തങ്ങളിൽനിന്നും യേശു കുടുംബങ്ങളെ മോചിപ്പിക്കുന്നു.

മലയരികിൽ മേഞ്ഞുകൊണ്ടിരുന്ന പന്നിക്കൂട്ടത്തിലേക്കാണ് യേശു പിശാചുക്കളെ പറഞ്ഞുവിടുന്നത്. ആ പന്നികളെല്ലാം പിശാചുബാധ


## വിവാഹ ഒരുക്ക ധ്യാനം

| | | |
|---|---|---|
| 2025 April | - 7,8,9 (Zion) | - Booking going on |
| | 23,24,25 (Zion) | - Booking going on |
| | 28,29,30 (Zion) | - Booking going on |
| 2025 May | - 5,6,7 (Zion) | - Booking going on |
| | - 12,13,14 (Zion) | - Booking going on |
| | - 19,20,21 (Zion) | - Booking going on |
| 2025 June | - 2,3.4 (Zion) | - Booking going on |
| | - 16,17,18 (Chry) | - Booking going on |
| | - 30,Jul 1,2 (Chry) | - Booking going on |

*അന്വേഷണങ്ങൾക്ക്*
ഫോൺ - 0481 2424476 സമയം - 11 am to 5 pm

## പ്രായമായവർക്ക് ഗ്രേയ്സ്ഫുൾ ധ്യാനം
(60 വയസിനു മുകളിലുള്ളവർക്ക് താമസിച്ചുള്ളത്)
കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ

മുൻകൂട്ടി ബുക്ക് ചെയ്യുക
ധ്യാനം ബുക്ക് ചെയ്യാൻ വിളിക്കുക
ഫോൺ - 8086399023, 9495107045

## താറാവുകറി

**ഫുഡ് കോർണർ**
ആനി കുഞ്ചെറിയ, ഇരുപതിൽ

50 ദിവസത്തെ നോമ്പിനു ശേഷം ഈസ്റ്റർ ഇങ്ങെത്തുമ്പോൾ അത് ആഘോഷമാക്കിയിട്ടുതന്നെ ബാക്കികാര്യം. അങ്ങനെയെങ്കിൽ ഇത്തവണത്തെ ഈസ്റ്ററിന് കോട്ടയം സ്റ്റൈൽ താറാവു കറിയായാലോ? പ്രഭാതഭക്ഷണത്തിന് അപ്പവും താറാവുകറിയും തമ്മിൽ നല്ല കോമ്പിനേഷനാണ്. ഒരു കിലോ താറാവിറച്ചിയാണ് കറിവെക്കുന്നതെന്ന മട്ടിൽ, അതിനുവേണ്ട ചേരുവകളാണ് ഇനി പറയുന്നത്.

ഒരു കിലോ താറാവിറച്ചി, രണ്ടു കപ്പ് തേങ്ങ, എട്ട് അല്ലി ഉള്ളി, നാല് സവാള, മൂന്ന് തക്കാളി, നാല് പച്ചമുളക്, അഞ്ച് വറ്റൽ മുളക്, ഒരു ടേബിൾസ്പൂൺ ഇഞ്ചി, വെളുത്തുള്ളി പേസ്റ്റ്, ഒരു ടീസ്പൂൺ കുരുമുളക്, അര ടീസ്പൂൺ മഞ്ഞൾപൊടി, രണ്ട് ടീസ്പൂൺ മല്ലി, രണ്ടു തണ്ട് കറിവേപ്പില, രണ്ട് കഷണം കറുവപ്പട്ട, നാല് ഗ്രാമ്പൂ, മൂന്ന് ഏലക്ക, ഒരു തക്കോലം, അര ടീസ്പൂൺ പെരുംജീരകം, പിന്നെ അല്പം ഉപ്പ്, ആവശ്യത്തിന് വെളിച്ചെണ്ണ. ഇത്രയും ചേരുവകൾ റെഡിയാക്കി വെക്കുക.



ആദ്യം തന്നെ കഴുകി വൃത്തിയാക്കി വെച്ചിരിക്കുന്ന താറാവിനെ ചെറിയ കഷണങ്ങളാക്കി നുറുക്കി മാറ്റി വെക്കുക. ശേഷം അല്പം ഉപ്പും മഞ്ഞൾപൊടിയും രണ്ട് പച്ചമുളകും ഒരു സവാള ചെറുതായി അരിഞ്ഞതും ഇഞ്ചി, വെളുത്തുള്ളി പേസ്റ്റും ഒരു തണ്ട് കറിവേപ്പിലയും ചേർത്ത് ആവശ്യത്തിന് വെള്ളമൊഴിച്ചു വേവിക്കുക. അതിനു ശേഷം മറ്റൊരു ചീനച്ചട്ടിയിലേക്ക് അല്പം എണ്ണയൊഴിച്ച് കുറച്ചു ചുവന്നുള്ളിയും ഒരു തണ്ട് കറിവേപ്പിലയും വറ്റൽമുളകും മല്ലിയും കുരുമുളകും വറുക്കുക. ഇതിനൊപ്പം കറുവപ്പട്ട, ഗ്രാമ്പൂ, ഏലക്ക, തക്കോലം, പെരുംജീരകം, തേങ്ങ ഇവ കൂടി ചേർത്ത് നന്നായി വറുത്തു മാറ്റിവെക്കുക. ചൂടാറിയ ശേഷം അല്പം വെള്ളം ചേർത്ത് ഇത് അരച്ചെടുക്കാം.

അതിനുശേഷം ചീനച്ചട്ടി അടുപ്പത്തു വെച്ച് അല്പം വെളിച്ചെണ്ണയൊഴിച്ച് കറിക്കാവശ്യമായി അരിഞ്ഞു വെച്ചിരിക്കുന്ന സവാള അതിലേക്കിട്ട് വഴറ്റുക. അല്പം ഉപ്പു ചേർത്താൽ സവാള പെട്ടെന്ന് വഴന്നു കിട്ടും. ഇതിലേക്ക് രണ്ടു പച്ചമുളക് കീറിയിട്ട് വഴറ്റൽ തുടരുക. സവാള ചെറിയ ബ്രൗൺ നിറത്തിലേക്കു മാറുമ്പോൾ അരിഞ്ഞു മാറ്റിവെച്ചിരിക്കുന്ന തക്കാളികൂടി ചേർക്കാം. തക്കാളി വെന്തുടഞ്ഞതിനു ശേഷം ഇതിലേക്ക് തേങ്ങ അരപ്പ് ചേർക്കണം. അല്പം വെള്ളവും ഉപ്പും ചേർത്ത് നന്നായി തിളച്ച് അരപ്പിന്റെ പച്ചമണം മാറി എന്നു തോന്നുമ്പോൾ അതിലേക്ക് വേവിച്ചു വെച്ചിരിക്കുന്ന താറാവിറച്ചി ചേർത്തിളക്കുക. അല്പനേരത്തിനു ശേഷം അത് മൂടിവെച്ചു വേവിക്കാൻ തുടങ്ങാം. ചാറു നന്നായി കുറുകി പാകമാകുമ്പോൾ മുകളിൽ എണ്ണ തെളിഞ്ഞുവരും. അപ്പോൾ തീ അണയ്ക്കാം. വിറകടുപ്പിൽ ഇരുമ്പിന്റെ ചീനച്ചട്ടിയിൽ താറാവ് കറിവെച്ചുകഴിക്കുന്നത് കൂടുതൽ രുചികരമായിരിക്കും.

യേറ്റ് കടലിൽ മുങ്ങിച്ചത്തു. അനേകം പന്നികളിൽനിന്നു ലഭിക്കുന്ന സമ്പത്തിനേക്കാൾ ഒരു മനുഷ്യവ്യക്തിയുടെ വിമോചനത്തിനു വിലയുണ്ടെന്ന് ഈ സംഭവം നമ്മെ പഠിപ്പിക്കുന്നു. പന്നികൾ പ്രതിനിധാനം ചെയ്യുന്ന അശുദ്ധിയെ ബഹിഷ്കരിക്കുന്നതിലൂടെ, മനുഷ്യവ്യക്തിയുടെ മഹത്വവും ശ്രേഷ്ഠതയുമാണ് ഈശോ വിളംബരം ചെയ്യുന്നത്. കുടുംബത്തിൽ ഏറ്റവും എളിയവരെയും കുട്ടികളെയും ഗർഭസ്ഥശിശുക്കളെയും മാനസികബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവരെയും രോഗികളെയും വൃദ്ധരെയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതിലൂടെ നാം മനുഷ്യമഹത്വത്തിന്റെ പ്രഘോഷകരായി മാറുന്നു. അതിലൂടെ കുടുംബം വിശുദ്ധീകരിക്കപ്പെടുന്നു. രോഗവിമുക്തനായ

നിരന്തരം മാനസാന്തരപ്പെടുന്ന കുടുംബങ്ങളാണ് ശിഷ്യത്വത്തിന്റെ പാതയിൽ ചരിക്കുന്ന ആധികാരികതയുള്ള കുടുംബങ്ങൾ.

പിശാചുബാധിതൻ യേശുവിനോടുകൂടെയായിരിക്കാൻ താത്പര്യപ്പെട്ടെങ്കിലും യേശു അയാൾക്കൊരു ദൗത്യം നല്കി തിരിച്ചയയ്ക്കുകയാണ്. അയാൾ മടങ്ങിപ്പോയി സ്വന്തം നാട്ടിൽ യേശുവിന്റെ സുവിശേഷം പ്രസംഗിച്ചു. നിരന്തരം കർത്താവിൽ നിന്ന് രക്ഷയനുഭവിക്കുന്ന കുടുംബത്തിന്റെ കടമയാണ് സാക്ഷ്യം വഹിക്കൽ. ദൈവസ്നേഹം അനുഭവിക്കുന്ന കുടുംബങ്ങൾക്ക് അടങ്ങിയിരിക്കാനാവില്ല. പ്രേഷിത ചൈതന്യമുള്ള കുടുംബങ്ങളാണ് സാക്ഷ്യം വഹിക്കുന്ന ഭവനങ്ങൾ. വിജാതീയനായ വ്യക്തിയെ വിജാതീയലോകത്തിന്റെ സുവിശേഷവത്കരണത്തിന് അയയ്ക്കുന്നതിലൂടെ യേശു യഹൂദരുടെ മാത്രമല്ല, സകല മനുഷ്യരുടെയും രക്ഷകനാണെന്ന സത്യം സുവിശേഷകൻ ആവിഷ്കരിക്കുന്നു.

### രക്തസ്രാവക്കാരി സ്ത്രീയുടെയും ജായ്റോസിന്റെ മകളുടെയും സൗഖ്യം

യേശു രണ്ടു സ്ത്രീകൾക്കു കൊടുക്കുന്ന വിമോചനമാണ് രക്തസ്രാവക്കാരിയുടെ സൗഖ്യവും ജായ്റോസിന്റെ പുത്രിയുടെ ഉയിർപ്പും. 12 എന്ന സംഖ്യയ്ക്ക് ഈ രണ്ടു സംഭവങ്ങളിലും പ്രസക്തിയുണ്ട്. രക്തസ്രാവക്കാരി 12 വർഷത്തോളം പീഡിതയായിരുന്നു; ജായ്റോസിന്റെ മകളുടെ പ്രായം 12 ആണ്. ഇസ്രായേലിലെ 12 ഗോത്രങ്ങളുടെയും സഭയിലെ 12 ശ്ലീഹന്മാരുടെയും പ്രതീകമാണ് 12. ദൈവജനത്തിന്റെ പ്രതീകമാണ് ഈ സംഖ്യ. യേശു ദൈവജനത്തിന് സൗഖ്യവും മോചനവും നല്കുന്നു. ദൈവജനത്തിന്റെ ചെറിയ പതിപ്പായ കുടുംബത്തെ രക്ഷിക്കുന്നു. സ്ത്രീകളാണ് ഈ രണ്ടു സംഭവങ്ങളിലും അനുഗ്രഹം പ്രാപിക്കുന്നത്. യേശു സ്ത്രീകളെ സ്നേഹിക്കുന്നു. അവർക്ക് സഭയിലും സമൂഹത്തിലും നിർണായക പങ്കു വഹിക്കാനുണ്ട്. സ്ത്രീകളെ അവഗണിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്ന കുടുംബങ്ങൾ അശുദ്ധമായി തീരും. ഈ രണ്ടു സംഭവങ്ങളിലും യേശു 'അശുദ്ധി' നീക്കിക്കളയുകയും, 'വിശുദ്ധി' പുനഃസ്ഥാപിക്കുകയും ചെയ്യുന്നു. നിയമാവർത്തനഗ്രന്ഥമനുസരിച്ച് (15: 19-30), ആർത്തവരക്തമൊഴുക്കിയ സ്ത്രീ ഏഴു ദിവസത്തേക്ക് അശുദ്ധയാണ്. രക്തം ജീവിതകാലം മുഴുവൻ ഒഴുകിക്കൊണ്ടിരുന്നാലോ, സ്ത്രീ നിത്യകാലത്തേക്കും സമ്പൂർണ അശുദ്ധയായിരിക്കും. അങ്ങനെയുള്ള സ്ത്രീയെ സ്പർശിക്കുന്നവരും അശുദ്ധരാകും. മനുഷ്യത്വഹീനമായ ഇത്തരം വിലക്കുകൾ യേശു പാടേ അവഗണിച്ചു. മനുഷ്യസ്നേഹത്തിനും മാനുഷികവിമോചനത്തിനുമാണ് അവിടുന്ന് പ്രാധാന്യം കൊടുത്തത്.

മൃതദേഹത്തെ സ്പർശിച്ചാൽ ഒരാൾ അശുദ്ധനാകും. മൃതിപ്പെട്ടവരുടെ ശരീരം അശുദ്ധമാണ്. ജായ്റോസിന്റെ മകൾ മൃതിപ്പെട്ടെങ്കിലും യേശു അവളെ കൈപിടിച്ചുയർത്തി പുനർജീവിപ്പിച്ചു. ഇവിടെയും സാമൂഹികാചാരത്തിനല്ല, മാനുഷികവിമോചനത്തിനാണ് അവിടുന്നു പ്രാധാന്യം നല്കിയത്. മനുഷ്യസ്നേഹവും മാനുഷികശുശ്രൂഷയും എല്ലാ അശുദ്ധിയും നീക്കിക്കളയുന്നു. യേശു അശുദ്ധി നീക്കി സാകല്യമാനമായ സൗഖ്യവും വിശുദ്ധീകരണവും മനുഷ്യകുലത്തിനു നല്കുന്നു. ഈ രണ്ടു സംഭവങ്ങളും വിശ്വാസത്തിന്റെ പരമപ്രാധാന്യമാണ് എടുത്തുകാണിക്കുന്നത്. രക്തസ്രാവക്കാരി സ്ത്രീ പറഞ്ഞു: "അവന്റെ വസ്ത്രത്തിന്റെ വിളുമ്പിൽ ഒന്നു തൊട്ടാൽ മാത്രം മതി, ഞാൻ സുഖം പ്രാപിക്കും" (മർക്കോ. 5:28). മറ്റാരും അറിയാതെ പിന്നിലൂടെ വന്ന് അവൾ യേശുവിന്റെ വസ്ത്രത്തിൽ സ്പർശിച്ചു. മുന്നിലൂടെ യേശുവിനെ സമീപിക്കാനുള്ള ധൈര്യം അവൾക്കില്ലായിരുന്നു. നീണ്ട 12 വർഷത്തെ 'അശുദ്ധ'രോഗം അവളെ ശാരീരികമായും മാനസികമായും അത്രമാത്രം തളർത്തിയിരുന്നു. സമൂഹമധ്യത്തിൽനിന്ന് അവൾ മാറ്റി നിർത്തപ്പെട്ടിരുന്നു. യേശു അവൾക്കു ശാരീരികവും മാനസികവും സാമൂഹികവുമായ സൗഖ്യം നല്കി. ഈശോയെ തൊട്ടപ്പോൾതന്നെ അവൾക്ക് ശാരീരികസൗഖ്യം കിട്ടി.

ആരാണ് തന്നെ തൊട്ടതെന്നു ചോദിച്ചുകൊണ്ട് സമൂഹമധ്യേ വന്നു സാക്ഷ്യംപറയാൻ സാഹചര്യം ഒരുക്കിയതിലൂടെ, യേശു അവൾക്ക് മാനസികവും സാമൂഹികവുമായ സൗഖ്യം നല്കുകയായിരുന്നു. അവളുടെ ഭയവും അപകർഷബോധവും നീങ്ങിപ്പോയി. സമൂഹമധ്യേ അവളുടെ വിശ്വാസം പ്രശംസിച്ചതിലൂടെ യേശു അവൾക്ക് സാമൂഹികസൗഖ്യവും പ്രദാനം ചെയ്തു. സമൂഹത്തിലുള്ളവരെല്ലാം അവളെ അംഗീകരിക്കുകയും

പ്രകീർത്തിക്കുകയും ചെയ്തു. യേശു നല്കുന്നത് സമഗ്രമായ സൗഖ്യമാണ്. രക്തസ്രാവക്കാരിയുടെ വിശ്വസ്തത യേശു ശ്ലാഘിക്കുന്നു: "മകളേ, നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു" (മർക്കോ. 5:34). ദൈവത്തിലുള്ള സമ്പൂർണമായ ആശ്രയത്വവും, ദൈവകല്പനകൾ അനുസരിക്കാനുള്ള സന്നദ്ധതയുമാണ് വിശ്വാസം.

നമ്മുടെ കുടുംബങ്ങൾക്ക് വി വിധ മേഖലകളിൽ സൗഖ്യമാവശ്യമുണ്ട്. വിശ്വാസത്തോടും പ്രാർഥനാചൈതന്യത്തോടുംകൂടെ യേശുവിനെ സ്പർശിച്ചാലേ സൗഖ്യം ലഭിക്കൂ. കുടുംബങ്ങളുടെ പ്രശ്നങ്ങളും പ്രതിസന്ധികളും എന്തുമായിക്കൊള്ളട്ടെ, യേശുവിന്റെ സ്പർശം പൂർണസമാധാനം കുടുബങ്ങൾക്കേകും. സൗഖ്യം ലഭിക്കുമ്പോൾ എല്ലാ അശുദ്ധിയും നിർമാർജനം ചെയ്യപ്പെടും.

സിനഗോഗധികാരിയായ ജായ്റോസിന്റെ വിശ്വാസവും കുടുംബങ്ങൾക്ക് ഉത്തമമാതൃകയാണ്. കുടുംബനാഥനായ ജായ്റോസിന്റെ വിശ്വാസം കണക്കിലെടുത്താണ് യേശു അയാളുടെ മകളെ പുനർജീവിപ്പിക്കുന്നത്. ജായ്റോസിന്റെ മകൾ മരിച്ചുപോയി എന്ന വാർത്ത കേട്ടപ്പോൾ യേശു ജായ്റോസിനോടു പറഞ്ഞു: "ഭയപ്പെടേണ്ട; വിശ്വസിക്കുക മാത്രം ചെയ്യുക" (മർക്കോ. 5:36). മൃത്യുവക്ത്രത്തിലെന്നോണം അനേകം പ്രശ്നങ്ങളിൽപ്പെട്ടു തളർന്നു കിടക്കുന്ന കുടുംബങ്ങളോട് യേശു പറയും: "ഭയപ്പെടേണ്ട, വിശ്വസിച്ചാൽ മാത്രം മതി." മലകളെപ്പോലും മാറ്റാൻ സാധിക്കുന്ന അതിശക്തമായ വിശ്വാസത്തിന് എല്ലാ കുടുംബപ്രശ്നങ്ങൾക്കും പരിഹാരമേകാനാകും. ജായ്റോസ് യേശുവിന്റെ വചനത്തിൽ വിശ്വസിച്ചു; യേശുവിനെ തന്റെ കുടുംബത്തിലേക്കു കൊണ്ടുപോയി. നമ്മുടെ കുടുംബങ്ങളിലും യേശു കടന്നു വരികയും അവിടെ നാഥനായി വാഴുകയും വേണം.

യേശു ജായ്റോസിന്റെ വീട്ടിൽ പ്രവേശിച്ച് മരിച്ചു കിടന്ന ബാലികയുടെ കൈയ്ക്കു പിടിച്ച് അരുൾച്ചെയ്തു: "ബാലികേ, എഴുന്നേല്ക്കൂ"(മർക്കോ. 5:41). തത്ക്ഷണം ബാലികയ്ക്കു ജീവൻ തിരിച്ചുകിട്ടി. അവൾ എഴുന്നേറ്റിരുന്നു. ജീവന്റെയും മരണത്തിന്റെയും നാഥനായ യേശുവിന് മൃത്യുവിന്റെ അടിമത്തത്തിൽനിന്ന് കുടുംബങ്ങളെ രക്ഷിക്കാനും പുതുജീവൻ നല്കാനും കഴിയും. യേശു കുടുംബത്തിൽ കടന്നുവന്ന് കുടുംബാംഗങ്ങളുടെ കൈയ്ക്കു പിടിച്ച് എഴുന്നേല്പിക്കാൻ സാധിക്കത്തക്കവിധം നാം സജീവവിശ്വാസവും തുറവിയും ഉള്ളവരായിരിക്കണം.

അശുദ്ധി നിറഞ്ഞ മൂന്നു മണ്ഡലങ്ങൾ യേശുവിന്റെ സാന്നിധ്യത്തിൽ വിശുദ്ധിയും വിമോചനവും നവജീവനും പ്രാപിക്കുന്ന മൂന്നു സംഭവങ്ങളാണ് വി. മർക്കോസ് ഒന്നിച്ചു വിവരിക്കുന്നത്. യേശു നമ്മുടെ കുടുംബങ്ങൾക്കു വിശുദ്ധീകരണവും വിമോചനവും നവോത്ഥാനവും പ്രദാനം ചെയ്യും. എല്ലാ തകർച്ചകളിൽ നിന്നും കുടുംബാംഗങ്ങളെ അവിടുന്നു വിമോചിപ്പിക്കും. യേശുവിനെ തൊടാൻ തക്ക വിശ്വാസം അഥവാ യേശുവിന്റെ സ്പർശം ഏറ്റുവാങ്ങാൻ തക്ക എളിമ നമുക്ക് ഉണ്ടാവുകയേ വേണ്ടൂ. നിരന്തരമായ പ്രാർഥനയും വിശ്വാസവും ആത്മസമർപ്പണവും കുടുംബങ്ങളിൽ അദ്ഭുതം പ്രവർത്തിക്കും. കാരണം യേശു "ഇന്നലെയും ഇന്നും എന്നും ഒരേ ആൾ തന്നെയാണ്"(ഹെബ്രാ. 12:8). (തുടരും)



EXIT പുറം വാതിൽ

ജെ. മണക്കുന്നേൽ

# മിണ്ടാത്ത ഭർത്താവും കേൾക്കാത്ത ഭാര്യയും

**പകലിലെ വിങ്ങലുകളും വിഹ്വലതകളും വിതുമ്പലുകളും, ഒപ്പം വിജയങ്ങളും വീരകൃത്യങ്ങളുമൊക്കെ പകലറുതിയിൽ പങ്കിടപ്പെടണം.**

"ഇയാളെന്നെ രണ്ടു തല്ലിയാലും കുഴപ്പമില്ല; വേണ്ടാത്ത വർത്തമാനം പറയാതിരുന്നാൽ മതിയായിരുന്നു." വിനോദിന്റെ വാമഭാഗം വിമല വിമ്മിക്കരഞ്ഞു. വിറകുകൊള്ളിപോലെ വികാരമൊന്നും പ്രകടിപ്പിക്കാതെ വിനോദ് വെറുതെ ചാരിയിരുന്നു. "ധ്യാനം കൂടിയപ്പോൾ കുടിയും വലിയും നിർത്തിയതായിരുന്നു. ഇപ്പോൾ വീണ്ടും തുടങ്ങിയച്ചാ..." ഭാര്യ പരാതിപ്പെട്ടിയുടെ പൂട്ടുപൊട്ടിച്ച് എല്ലാം കൂട്ടിയിട്ടപ്പോഴും, വിനോദ് വെറുതെ കേട്ടിരുന്നു. "എന്നോടൊന്നും മിണ്ടില്ല. പണ്ടൊന്നും ഇങ്ങനെ ആയിരുന്നില്ല; എന്തു പറ്റിയെന്നു പറയുന്നുമില്ലെന്റെയച്ചാ..." അവൾ കണ്ണുതുടച്ചു. മൂക്കുചീറ്റി. "ഇങ്ങേരുടെ കെട്ടും മട്ടും കണ്ട് അരിശം കയറി ഞാനെന്തെങ്കിലും പറഞ്ഞാലുടനേ പറയും: നീ പോയി വേറെ ആരെയെങ്കിലും കെട്ടിക്കോടീ. എനിക്കതു കേൾക്കുമ്പോൾ സഹിക്കാൻ വയ്യച്ചാ..."

നെഞ്ചിലെ വിങ്ങൽ ഒതുക്കാനാവാതെ അവൾ വലിയ വായിൽ വിലാപമാരംഭിച്ചു. ഒരു തരത്തിൽ അവളെ ആശ്വസിപ്പിച്ചൊതുക്കി. വിറകുമുട്ടൻ പോലെ വെറുതെയിരിക്കുന്ന വിനോദിനെ ഒറ്റയ്ക്കു മാറ്റി സംസാരിച്ചു. "സംഗതിയൊക്കെ ശരിയാണച്ചാ. എന്റെ കൺട്രോളു വിട്ടു ഞാൻ നടക്കുകയാ... അവളോരോന്നു കുത്തിക്കുത്തി ചോദിക്കുമ്പോൾ ഞാനെങ്ങനെ ചൂടാകാതിരിക്കും."

അരിക്കച്ചവടമാണ് ആകെ അറിയാവുന്ന പണി. അതിപ്പോൾ അടിയോടെ പൊട്ടി. പതിനാറു ലക്ഷത്തിനുമേൽ അവിടെയും ഇവിടെയും കടം... "കടക്കാരോടു അവധി പറഞ്ഞു മടുത്തു വരുമ്പോഴാകും അവളുടെ പൂങ്കണ്ണീരും പുളിച്ച വർത്തമാനവും. മനസു പതറിയിരിക്കുമ്പോഴാ ഇവളുടെ ഓരോ മുന വെച്ച ചോദ്യങ്ങൾ... കെട്ടിയതേ ഒരു 'പെട്ടു പോകലാ'യിപ്പോയി." വിനോദ് വികാരഭരിതനായി. "ഞാനിവളോട് ഇതൊന്നും പറയാറില്ല... അവളും കൂടി ഇതറിഞ്ഞിട്ട് എന്തു ചെയ്യാനാ..." വിറകുകൊള്ളി പോലിരുന്നവൻ വിതുമ്പിത്തുടങ്ങി.

കാര്യം പിടികിട്ടി! ഭാരങ്ങൾ ഭാവനാപൂർവം പങ്കുവെക്കാത്തതും, വേദനകൾ വേണ്ടതുപോലെ വീതം വെക്കാത്തതുമാണ് ഇവരുടെ പ്രശ്നം. കുടുംബജീവിതം ഒരു കൂട്ടുത്തരവാദിത്വമാണ്. പകലിലെ വിങ്ങലുകളും വിഹ്വലതകളും വിതുമ്പലുകളും, ഒപ്പം വിജയങ്ങളും വീരകൃത്യങ്ങളുമൊക്കെ പകലറുതിയിൽ പങ്കിടപ്പെടണം. പറയാതൊളിക്കുന്നതും ചെയ്യാൻ അറയ്ക്കുന്നതുമായവ ദമ്പതികൾക്കിടയിലുണ്ടാകരുത്. പറ്റിയ പരാജയങ്ങളും കിട്ടിയ നേട്ടങ്ങളുമൊക്കെ പരസ്പരം പങ്കിടുന്ന ദമ്പതികൾക്ക് പരിഭവങ്ങളും പിണക്കങ്ങളും കുറയും.

"സുഹൃത്തോ സഹചാരിയോ എപ്പോഴും സ്വാഗതാർഹനാണ്. എന്നാൽ ഭാര്യാഭർത്താക്കന്മാരുടെ സന്ദർശനം അതിനേക്കാൾ ഏറെ ഹൃദ്യമാണ്" (പ്രഭാ. 40:23).

ഭാര്യയുടെ നെഞ്ചു നീറ്റുന്ന നെരിപ്പോടു കാണാൻ ഭർത്താവിനും, ഭർത്താവിന്റെ ചങ്കു കലക്കുന്ന ഭാരങ്ങളറിയാൻ ഭാര്യയ്ക്കും കഴിയണം. പരസ്പരമുള്ള തുറന്ന സംസാരം കൊണ്ടേ ഇതു സാധിതമാകൂ. കടങ്ങളും കഷ്ടങ്ങളും വേദനകളും വേവലാതികളുമൊ ക്കെ വേണ്ട രീതിയിൽ പങ്കുവെക്കുന്നതിൽ പരാജയപ്പെടുന്ന ദമ്പതികൾ ഉള്ളിൽ ബോംബുകൾ തീർക്കുന്നു. അവ അനാവശ്യനേരത്തും അസ്ഥാനത്തും പൊട്ടും! തുറവിയില്ലാത്ത ദാമ്പത്യം തുഴ നഷ്ടപ്പെട്ട തോണി പോലെയാണ്. പ്രാതികൂല്യങ്ങളുടെ പാഞ്ഞൊഴുക്കിൽ അതു പാടേ മുങ്ങും.

'ഉത്സാഹശീലമുള്ളവരുടെ ആലോചനകൾ തീർച്ചയായും സമൃദ്ധി കൈവരുത്തുന്നു' (സുഭാ. 21:5).

Printed & Published by Fr. Jose Thekkepurathu • Owned by Family Apostolate, Archbishop's House, Changanacherry • Phone: 0481 2424476, 2420349 • Printed at St. Joseph Orphanage Press, Changanacherry • Chief Editor: Dr. Jose George Thekkepurathu